യഥാർത്ഥ സത്യങ്ങൾ, സമ്പൂർണ്ണ ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 16 ലക്കം 12 ഡിസംബർ 2018 വില 15 രൂപ



## ബൈബിളിലൂടെ: യാക്കോബിന്റെ ലേഖനം ആരംഭിക്കുന്നു

## പരിശുദ്ധാത്മസ്നാനം: എന്റെ അനുഭവസാക്ഷ്യം

ആനി പുന്നൻ

JEEVAMOZHIKAL
ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ *(യോഹ. 6:68)*

വാല്യം 16 ഡിസംബർ 2018 ലക്കം 12

**വാർഷിക വരിസംഖ്യ**

| | |
|---|---|
| ഇന്ത്യയിൽ | Rs. 150/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.1200/- |

എം.ഒ./ഡി.ഡി.
അയയ്ക്കേണ്ട വിലാസം:
**ജീവമൊഴികൾ**
കുമാരനല്ലൂർ പി.ഒ., കോട്ടയം
കേരള - 686 016.
ഫോൺ 0481- 2391519, 8281027519
e-mail: jeevamozhikal@gmail.com
www.jeevamozhikal.org

**മാസിക സംബന്ധിച്ചും മീറ്റിംഗുകൾ സംബന്ധിച്ചും കൂടുതൽ വിവരങ്ങൾക്ക്:**

| | |
|---|---|
| തിരുവനന്തപുരം | 9496100850 |
| ആലപ്പുഴ | 9447597048 |
| തിരുവല്ല | 9562443142 |
| കോഴഞ്ചേരി | 9446650658 |
| പെരുവ | 9446096355 |
| കൂത്താട്ടുകുളം | 9447820090 |
| കാക്കനാട് | 9446095370 |
| അടിമാലി | 9446556890 |
| തൃശ്ശൂർ | 9349745575 |
| പാലക്കാട് | 9495228673 |
| കോഴിക്കോട് | 9446646238 |
| നെല്ലിപ്പൊയ്യിൽ | 9495575692 |
| വയനാട് | 9656128665 |


*മൊഴിമുത്ത്*

# സ്വയത്തെ സമർപ്പിക്കുക; ഭാരങ്ങളെയും



നമ്മൾ സമർപ്പിതരായ ക്രിസ്ത്യാനികളാണെങ്കിലും നാം ജീവിക്കുന്ന സാഹചര്യത്തിൽനിന്നു ധാരാളം ഭാരങ്ങൾ കടന്നുവരാം. എന്നാൽ നാം സ്വയത്തെ സമർപ്പിക്കുന്നുണ്ടെങ്കിൽ നമുക്ക് ഈ ഭാരങ്ങളെയും സമർപ്പിക്കുവാൻ കഴിയും. സ്വയത്തെ സമർപ്പിക്കുകയാണു കൂടുതൽ പ്രയാസമുള്ളത്. അതു ചെയ്തിട്ടുണ്ടെങ്കിൽ ദൈനംദിന ജീവിതത്തിലെ ഭാരങ്ങളെ സമർപ്പിക്കുന്നതു താരതമ്യേന എളുപ്പമാണ്.

**സ്റ്റാൻലി ജോൺസ്**

## ഭയപ്പെടാതെ പോരാടുക




*പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തുനിൽപ്പാൻ കഴിയേണ്ടതിന് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ. (എഫെസ്യർ 6:13)*

എഡിറ്റോറിയൽ

# സുപ്രധാനസത്യം



**ജീവമൊഴികൾ** മാസികയുടെ പ്രസിദ്ധീകരണം ഈ ലക്കത്തോടെ താൽക്കാലികമായി അവസാനിപ്പിക്കുകയാണ്. കഴിഞ്ഞ പല വർഷങ്ങൾ മാസിക മുടക്കം കൂടാതെ നടത്തിക്കൊണ്ടുപോകുവാൻ സർവവല്ലഭനായ കർത്താവു കൃപ തന്നു. 'സകലവും അവനിൽ നിന്നും അവനാലും അവങ്കലേക്കും ആകുന്നുവല്ലോ. അവന് എന്നേക്കും മഹത്വം ആമേൻ.'

ജീവമൊഴി മാസികയുടെ ഏറ്റവും വലിയസംഭാവന എന്തായിരുന്നു? 'വിജയകരമായ ക്രിസ്തീയ ജീവിതം' ക്രിസ്ത്യാനിയുടെ ജന്മാവകാശമാണ് എന്ന സത്യത്തിലേക്ക് വായനക്കാരുടെ കണ്ണുതുറപ്പിക്കാൻ സഹായകരമായ ലേഖനങ്ങളാണു മാസികയിൽ മുടങ്ങാതെ പ്രസിദ്ധീകരിച്ചു വന്നത്.

ഇവിടെ, എന്താണു വിജയകരമായ ക്രിസ്തീയജീവിതം എന്ന ചോദ്യം ഉയരുന്നു. വിജയം (Success) എന്ന പദം ഇന്നത്തെ വിശ്വാസികൾക്കു വളരെ പ്രിയപ്പെട്ടതാണ്. എന്നാൽ നിർഭാഗ്യവശാൽ 'വിജയ'ത്തിന് ഈ ലോകം നൽകുന്ന അർത്ഥമാണ് അവരിൽ പലരുടെയും മനസ്സിലുള്ളത്. വിജയത്തെക്കുറിച്ചുള്ള ഈ ലോകത്തിന്റെ മൂല്യബോധത്തോടെ ക്രിസ്തീയ സത്യങ്ങളെ വ്യാഖ്യാനിച്ചപ്പോൾ ഉരുത്തിരിഞ്ഞ സമൃദ്ധിയുടെ സുവിശേഷം (prosperity gospel), മലയാളികളായ വിശ്വാസികളെ ആഴത്തിൽ സ്വാധീനിച്ചിരുന്ന ഒരു കാലഘട്ടത്തിലാണ് 'വിജയകരമായ ക്രിസ്തീയ ജീവിതത്തെക്കുറിച്ച് ഉദ്ഘോഷിച്ചു'കൊണ്ട് ജീവമൊഴി രംഗത്തുവന്നത്. അതുകൊണ്ടുതന്നെ എന്താണിതെന്നു പലർക്കും മനസ്സിലായില്ല. വിജയം സമം ഭൗതിക വിജയം എന്ന സമവാക്യം മാത്രം മനസ്സിലുള്ളവർ ഇവിടെ ഉദ്ദേശിക്കുന്നത് ഭൗതികവിജയമല്ലെന്ന് വ്യക്തമായപ്പോൾ ഇത് എന്തോ അപകടം പിടിച്ച കാര്യമാണെന്നു തെറ്റിദ്ധരിച്ചു. എന്നാൽ വാസ്തവത്തിൽ ദൈവിക സത്യങ്ങളെ അതിന്റെ നിർമലതയിൽ ഉൾക്കൊള്ളുന്നതും ആദിമനൂറ്റാണ്ടിലെ വിശ്വാസസമൂഹം മുന്നോട്ടുവച്ച കാഴ്ചപ്പാടിനോടു ചേർന്നു നില്ക്കുന്നതും 'രക്ഷ-സ്നാനം-പരിശുദ്ധാത്മസ്നാനം' എന്ന വൃത്തത്തിനുള്ളിൽ തളംകെട്ടിനിന്ന പെന്തക്കോസ്തുമുന്നേറ്റത്തെ ചാലുകീറി പെന്തക്കോസ്തിൽ നിന്നു മുന്നോട്ടുനയിക്കുന്നതുമായ ചിന്തയായിരുന്നു ഇത്.

വിജയകരമായ ക്രിസ്തീയ ജീവിതം ഒരു ജയാളിയുടെ ജീവിതമാണ്. ബോധപൂർവമായ എല്ലാ പാപത്തിന്മേലും ജയമുള്ള ജീവിതമാണത് (over coming Christian life). എന്നാൽ അങ്ങനെയൊരു ജീവിതം സാധ്യമാണെന്നു ക്രിസ്ത്യാനികളെന്ന് അവകാശപ്പെടുന്നവരിൽ തന്നെ ഭൂരിഭാഗവും വിശ്വസിക്കുന്നില്ല. പാപത്താൽ നിരന്തരം തോല്പിക്കപ്പെടുന്ന ഒരു ജീവിതം; വീണും എഴുന്നേറ്റും വീണ്ടും വീണും എഴുന്നേറ്റും - അങ്ങനെയൊരു ജീവിതം മാത്രമേ ഈ ഭൂമിയിൽ സാധ്യമാകുകയുള്ളുവെന്നാണു വിശ്വാസികളിൽ ഏറെപ്പേരും കരുതുന്നത്. അവരെ നയിക്കുന്നവരുടെ ജീവിതവും ഈ സത്യത്തിനു സാക്ഷ്യം വഹിക്കാത്തതു

കൊണ്ട് പാപത്തിന്റെ മേൽ ജയമുള്ള ഒരു ജീവിതമുണ്ടെന്ന് അവർ കേട്ടിട്ടില്ല: 'കേൾക്കാതെ എങ്ങനെ വിശ്വസിക്കും? പ്രസംഗിക്കുന്നവൻ ഇല്ലാതെ എങ്ങനെ കേൾക്കും?' (റോമ. 10:14). എന്നാൽ സുവിശേഷങ്ങളിൽ യേശുവിനെക്കുറിച്ച് ആദ്യം പറയുന്ന വാക്യങ്ങളിലൊന്നു ശ്രദ്ധിക്കുക. 'അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്കകൊണ്ട് (save his people from their sins) അവനു യേശു എന്നു പേർ ഇടേണം' (മത്തായി 1:21) കണ്ടോ, യേശു നമ്മുടെ പാപങ്ങൾ ക്ഷമിക്കും (forgive our sins) എന്നല്ല, നമ്മെ പാപത്തിൽനിന്നു രക്ഷിക്കും എന്നാണു വാഗ്ദാനം. ഒരു പാപി വിശ്വാസത്തോടെ കാൽവറി ക്രൂശിനു ചുവട്ടിൽ വരുമ്പോൾ യേശു അവന്റെ പാപങ്ങൾ ക്ഷമിക്കുകയും അവനെ ദൈവപൈതലായി സ്വീകരിക്കുകയും ചെയ്യുന്നു. ഇവിടെയാണു തുടക്കം. തുടർന്നു ക്രിസ്തീയ ജീവിതത്തിൽ മുന്നോട്ടുപോകുമ്പോൾ തെറ്റുകൾ സംഭവിച്ചാൽ പശ്ചാത്താപത്തോടെ അത് ഏറ്റുപറഞ്ഞ് പാപക്ഷമയ്ക്കായി അപേക്ഷിക്കുമ്പോൾ അതും അവിടുന്നു ക്ഷമിക്കും. എന്നാൽ ജീവിതത്തിൽ ഉടനീളം പാപത്തിൽ വീണും ഏറ്റുപറഞ്ഞു പാപക്ഷമ പ്രാപിച്ചും മുന്നോട്ടുപോകുന്ന ഒരു വിശ്വാസിക്കുള്ള സദ്വാർത്ത ഇതാണ് – 'യേശു പാപമോചകൻ മാത്രമല്ല, അവിടുന്നുപാപങ്ങളിൽനിന്നു രക്ഷിക്കുന്നവൻ കൂടെയാണ്'. ബോധപൂർവമായ എല്ലാ പാപങ്ങളിന്മേലും ജയമുള്ള വിജയകരമായ ഒരു ക്രിസ്തീയ ജീവിതം – അതു നമ്മുടെ ജന്മാവകാശമാണ്. 'വീഴാതവണ്ണം നമ്മെ സൂക്ഷിച്ചു തന്റെ മഹിമാസന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിറുത്തുവാൻ ശക്തിയുള്ളവനാണ്' അവിടുന്ന് (യൂദാ. 24).

റോമർ 8:29 പറയുന്നത് നമ്മുടെ മൂത്ത സഹോദരനായ യേശുവിന്റെ സ്വഭാവത്തോട് അനുരൂപരാകുവാനാണു ദൈവം നമ്മെ മുൻനിയമിച്ചത് എന്നാണ്. മുൻനിയമനത്തെക്കുറിച്ച് എഫേസ്യർ 1:4-6 ലും നാം കാണുന്നു. പക്ഷേ അവിടെ 'മുൻനിയമനം' എന്ന പദം നമ്മുടെ രക്ഷയോടു ബന്ധപ്പെടുത്തിയാണ് ഉപയോഗിച്ചിരിക്കുന്നത്. രക്ഷിക്കപ്പെടുന്ന ഒരുവനെ ദൈവം മുൻനിയമിച്ചതാണെങ്കിൽ പാപത്തിന്റെ മേൽ ജയമുള്ള വിജയകരമായ ഒരു ജീവിതവും റോമർ 8:29 അനുസരിച്ച് ദൈവം അവനുവേണ്ടി മുൻനിയമിച്ചിരിക്കുന്നതാണ്. നോക്കുക: രക്ഷ ഒഴിവാക്കാനാവാത്തതാണെങ്കിൽ വിജയകരമായ ഒരു ജീവിതവും ദൈവത്തിന്റെ ദൃഷ്ടിയിൽ അങ്ങനെതന്നെ. റോമർ 8:29 അതിനു തൊട്ടുമുകളിലുള്ള വാക്യത്തോടു ചേർത്തു ചിന്തിക്കുമ്പോൾ ഒരു കാര്യം വ്യക്തമാകും: യേശുവിന്റെ സ്വഭാവത്തോട് അനുരൂപപ്പെട്ടു ജയാളിയാകുന്നതാണ് ഈ ജീവിതത്തിൽ ഒരു വിശ്വാസിക്കു നേടാവുന്ന ആത്യന്തിക നന്മ.

യേശുവിന്റെ സ്വഭാവത്തോട് അനുരൂപപ്പെടുന്ന വിജയകരമായ ഒരു ജീവിതത്തിലേക്കു നമ്മെ വെല്ലുവിളിക്കുന്ന ഇതുപോലെ ഒട്ടേറെ വേദഭാഗങ്ങളുണ്ട്. യോഹന്നാൻ അപ്പോസ്തലൻ പറയുന്നു. 'അവനിൽ വസിക്കുന്നു എന്നു പറയുന്നവൻ അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു' (1 യോഹ. 2:6). പത്രോസ് പറയുന്നത് യേശുവിന്റെ ജീവിതത്തെ മാതൃകയായികണ്ട് നാം അവിടുത്തെ കാലടികൾ പിൻപറ്റണമെന്നാണ്:

*(ശേഷം പേജ് 38 ൽ)*

സന്ദേശം

# നാം വിശ്വസിക്കുന്ന സത്യം

**സാക് പുന്നൻ**

**66** പുസ്തകങ്ങളടങ്ങിയ ബൈബിൾ ദൈവവചനമാണ്. ഈ പുസ്തകത്തിൽ കാണപ്പെടുന്ന സത്യമാണ് നാം വിശ്വസിക്കുന്നത് എന്നുമാത്രം പറയാൻ കഴിഞ്ഞിരുന്നെങ്കിൽ അത് ലളിതമായ ഒരു വസ്തുതയാകുമായിരുന്നു. എന്നാൽ സാത്താന്റെയും മനുഷ്യരുടെയും കൗശലത്താൽ ദൈവവചനസത്യത്തിൽ മായംകലർത്തി അതു ദുഷിപ്പിക്കപ്പെട്ടതുമൂലം ബൈബിൾ കൃത്യമായി എന്തുപഠിപ്പിക്കുന്നുവെന്നും നാം എന്തു വിശ്വസിക്കുന്നുവെന്നും വിശദമായി പ്രസ്താവിക്കേണ്ടത് ഒരാവശ്യമായിത്തീർന്നിരി

*ഒരു രാജാവ് രാജാവെന്നനിലയിൽ തനിക്കുള്ള അവകാശങ്ങൾ ഉപേക്ഷിച്ച് ഒരു ചേരിപ്രദേശത്തു പോയിപ്പാർത്തുവെന്നുവരാം. എന്നാൽ അപ്പോഴും അദ്ദേഹം രാജാവു തന്നെ.*



യേശുവിന്റെ സഹോദരന്മാരായ നമുക്ക് സ്വന്തമായ ഇച്ഛാശക്തിയോടുകൂടി ഒരു ജഡം ഉണ്ട്. സകലത്തിലും നമുക്ക് തുല്യനായ യേശുവിനും അപ്രകാരമുള്ള ഒരു ജഡം ഉണ്ടായിരുന്നു. പിതാവിന്റെ ഇഷ്ടം ചെയ്യുവാൻവേണ്ടി യേശു സ്വന്തം ഇഷ്ടത്തെ വെടിയുന്നതായി താൻ തന്നെ പ്രസ്താവിച്ചിട്ടുണ്ട്. യേശുവിന്റെ സ്വന്ത ഇഷ്ടം പിതാവിന്റെ ഇഷ്ടത്തിനു വിരുദ്ധമായിരുന്നുവെന്നാണല്ലോ ഇതിന്റെ അർത്ഥം. നമ്മുടെ ജഡത്തിലുള്ളതുപോലെ സ്വന്തഇഷ്ടം യേശുവിന്റെ ജഡത്തിലും ഉണ്ടായിരുന്നതായി ഇതിനാൽ തെളിയുന്നു.

ക്കുന്നു.

പരിശുദ്ധാത്മാവിന്റെ വെളിപ്പാടു കൂടാതെ കേവലം ബുദ്ധിപരമായ പഠനംകൊണ്ട് ദൈവവചനം മനസ്സിലാക്കുക സാധ്യമല്ല. ഈ വെളിപ്പാട് ദുരഭിമാനികളായ ബുദ്ധിജീവികൾക്കല്ല, പിന്നെയോ ശിശുക്കൾ (വിനയശാലികൾ)ക്കാണ് നൽകപ്പെടുന്നതെന്ന് യേശു പറഞ്ഞിട്ടുണ്ട്. (മത്തായി 11:25). യേശുവിന്റെ കാലത്തെ വേദപണ്ഡിതന്മാർക്ക് അവിടുത്തെ ഉപദേശം ഗ്രഹിപ്പാൻ കഴിയാഞ്ഞത് ഇതുകൊണ്ടത്രേ. ഇതേ കാരണത്താൽത്തന്നെ ഇന്നത്തെ ബൈബിൾ പണ്ഡിതന്മാരിൽ ഭൂരിഭാഗത്തിനും ഇതേ ഗതി തന്നെ സംഭവിച്ചിരിക്കുന്നു.

നമ്മെ തികഞ്ഞവരാക്കിത്തീർക്കുവാനാണ് തിരുവെഴുത്തുകൾ നൽകപ്പെട്ടിരിക്കുന്നതെന്നും ദൈവവചനം പറയുന്നു. (2 തിമോ. 3:16:17). ഈ ക്രിസ്തീയ പൂർണ്ണതയിൽ താൽപര്യമില്ലാത്തവർക്ക് ദൈവവചനം ശരിയായി ഗ്രഹിക്കുവാൻ സാധ്യമല്ല. (യോഹ. 7:17). ദൈവഭയം ജ്ഞാനത്തിന്റെ ആരംഭമത്രേ. തന്നെ ഭയപ്പെടുന്നവർക്കാണ് ദൈവം തന്റെ രഹസ്യങ്ങൾ വെളിപ്പെടുത്തുന്നത്. (സങ്കീ. 25:14. K J V)

**ദൈവത്തെക്കുറിച്ചുള്ള സത്യം**

ദൈവം ഏകനെന്നും ഈ ഏകദൈവത്തിൽ മൂന്ന് ആളത്തങ്ങൾ അടങ്ങിയിരിക്കുന്നുവെന്നും ബൈബിൾ പഠിപ്പിക്കുന്നു. സംഖ്യ എന്നത് ഭൗതികലോകത്തെ സംബന്ധിക്കുന്നതാകയാലും ദൈവം ആത്മാവായതിനാലും നമ്മുടെ പരിമിതമായ മനസ്സിന് ഈ സത്യം പൂർണ്ണമായി ഗ്രഹിപ്പാൻ സാധ്യമല്ല. എങ്കിലും ഈ സത്യം ബൈബിളിലെ ആദ്യത്തെ വാക്യം മുതൽ തന്നെ വ്യക്തമായിരിക്കുന്നു. ഉൽപത്തി 1:1–ൽ ദൈവം എന്ന അർത്ഥത്തിൽ പ്രയോഗിച്ചിട്ടുള്ള 'ഏലോഹിം' എന്ന എബ്രായപദം ഒരു ബഹുവചനമാണ്. ഉൽപത്തി 1:26–ൽ 'നാം' 'നമ്മുടെ' എന്നീ പദങ്ങൾ പ്രയോഗിച്ചിട്ടുള്ളിടത്തും ഈ സത്യം നാം കാണുന്നു. പുതിയനിയമത്തിൽ ഈ ദൈവികസത്യം കൂടുതൽ പൂർണ്ണമായി പ്രകാശിക്കുന്നു. യേശുവിന്റെ സ്നാനം വിവരിക്കുന്ന ഭാഗത്ത് പിതാവ് (സ്വർഗ്ഗത്തിൽ നിന്നുള്ള ശബ്ദവും), പുത്രൻ (യേശുക്രിസ്തു), പരിശുദ്ധാത്മാവ് (പ്രാവിന്റെ രൂപത്തിൽ) എന്നീ മൂവരും സന്നിഹിതരാണല്ലോ. ക്രിസ്തീയ സ്നാനത്തിലും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിക്കണമെന്ന് കർത്താവ് വ്യക്ത

മായി കല്പിച്ചിരിക്കുന്നു. പുത്രൻ കർത്താവായ യേശുക്രിസ്തുവാണെന്ന് അപ്പോസ്തലപ്രവൃത്തികൾ 2:38 വ്യക്തമാക്കുകയും ചെയ്യുന്നു.

**ക്രിസ്തുവിനെക്കുറിച്ചുള്ള സത്യം**

യേശുക്രിസ്തു നിത്യത മുതൽ തന്നെ ദൈവമാണെന്നും പിതാവിനോടു സമത്വമുള്ളവനാണെന്നും തിരുവെഴുത്തുകൾ പഠിപ്പിക്കുന്നു. (യോഹ.1:1; ഫിലി. 2:6,7). ദൈവം ദോഷങ്ങളാൽ പരീക്ഷിക്കപ്പെടാത്തവനാകയാലും (യാക്കോബ് 1:13) എന്നാൽ യേശു പരീക്ഷിതനായെന്ന് നമുക്ക് അറിവുള്ളതിനാലും (മത്തായി 4:1-10) യേശുലോകത്തിലേക്കു വന്നപ്പോൾ ദൈവമെന്ന നിലയിൽ തനിക്കുണ്ടായിരുന്ന പദവികളും വിശേഷാധികാരങ്ങളും അവിടുന്ന് ഉപേക്ഷിച്ചുവെന്നത് വ്യക്തമാണ്. യേശുസകലതിലും തന്റെ സഹോദരന്മാരോടു തുല്യനായിത്തീർന്നുവെന്ന് എബ്രായർ 2:17 -ൽ വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു. ഈ ലോകത്തിലെ ആദാമ്യസന്തതികളോട് തുല്യനായിട്ടല്ല യേശു തീർന്നത്. (അങ്ങനെയെങ്കിൽ മറ്റെല്ലാ മനുഷ്യരെയും പോലെ ഒരു “പഴയ മനുഷ്യൻ” അവിടുത്തേക്കുണ്ടാകുമായിരുന്നു). യേശു ഒരു മാനുഷികപിതാവില്ലാതെ പരിശുദ്ധാത്മാവിനാൽ ഉൽപാദിതനാകയും അതിനാൽ ഗർഭധാരണം മുതൽ തന്നെ വിശുദ്ധ പ്രജയെന്നറിയപ്പെടുകയും ചെയ്തു. (ലൂക്കോസ് 1:35). യേശുവിന്റെ ആത്മീയസഹോദരന്മാർ അവിടുത്തെപ്പോലെ ആത്മാവിനാൽ ജനിച്ചവരും (യോഹ. 3:5) ദൈവഹിതം ചെയ്യുന്നവരും (മത്തായി 12:49,50) അങ്ങനെ പഴയമനുഷ്യനെ നീക്കിക്കളഞ്ഞശേഷം പുതിയ മനുഷ്യനെ ധരിച്ചവരും (എഫേ 4:22;24) അത്രേ. എന്നാൽ യേശുവിന്റെ സഹോദരന്മാരായ നമുക്ക് സ്വന്തമായ ഇച്ഛാശക്തിയോടുകൂടി ഒരു ജഡം ഉണ്ട്. സകലത്തിലും നമുക്ക് തുല്യനായ യേശുവിനും അപ്രകാരമുള്ള ഒരു ജഡം ഉണ്ടായിരുന്നു. പിതാവിന്റെ ഇഷ്ടം ചെയ്യുവാൻവേണ്ടി യേശു സ്വന്തം ഇഷ്ടത്തെ വെടിയുന്നതായി താൻ തന്നെ പ്രസ്താവിച്ചിട്ടുണ്ട് (യോഹ. 6:38). യേശുവിന്റെ സ്വന്ത ഇഷ്ടം പിതാവിന്റെ ഇഷ്ടത്തിനു വിരുദ്ധമായിരുന്നുവെന്നാണല്ലോ ഇതിന്റെ അർത്ഥം. നമ്മുടെ ജഡത്തിലുള്ള അതേ സ്വന്തഇഷ്ടം യേശുവിന്റെ ജഡത്തിലും ഉണ്ടായിരുന്നതായി ഇതിനാൽ തെളിയുന്നു. (മത്തായി 26:39). നമ്മുടെ ജഡത്തിലുള്ള മോഹങ്ങളാലാണ് നാമെല്ലാം പരീക്ഷിക്കപ്പെടുന്നത്. (യാക്കോബ്. 1:14). യേശുവും സകലത്തിലും നമുക്കു തുല്യം പരീക്ഷിക്കപ്പെട്ടു (എബ്രായർ 4:15) എന്നാൽ ആ പരീക്ഷകളിലൊന്നിലും യേശു സ്വന്ത ഇഷ്ടത്തിനു വഴങ്ങാത്തതിനാൽ അവിടുന്ന് ഒരിക്കൽപ്പോലും പാപം ചെയ്തില്ല. (എബ്രായർ 4:15). ദൈവമെന്ന നിലയിലല്ല യേശു പരീക്ഷകളെ ജയിച്ചത്. പിന്നെയോ ഒരു മനുഷ്യനെന്ന നിലയിൽ പ്രാർത്ഥന കൊണ്ടും ദൈവഭയം കൊണ്ടും അവിടുന്ന് ജയം പ്രാപിക്കുകയാണ് ചെയ്തത്. (എബ്രായർ 5:7). ഇതിനാലാണ് അവിടുന്നു നമുക്കു മുന്നോടി അഥവാ മാർഗ്ഗദർശിയാകുന്നത്. ക്രൂശെടുത്തുകൊണ്ട്, അതായത് ജഡത്തിലെ മോഹങ്ങളെ മരിപ്പിച്ചുകൊണ്ട്, തന്നെ പിന്തുടരുവാൻ യേശു നമ്മെ ആഹ്വാനം ചെയ്യുന്നു. (ലൂക്കോസ് 9:23). തന്റെ ഇഹലോ

യഥാർത്ഥമാനസാന്തരം നമ്മുടെ തെറ്റുകൾക്കു പരിഹാരം ചെയ്യുവാൻ നമ്മെ പ്രേരിപ്പിക്കുന്നതായിരിക്കണം. തെറ്റായവിധത്തിൽ നാം സ്വന്തമാക്കിയ പണം, വസ്തുവകകൾ, നികുതികൾ എന്നിവ തിരിയെ കൊടുക്കുക. ആരോടൊക്കെ നാം തെറ്റു ചെയ്തുവോ അവരോടെല്ലാം സാധ്യമായിടത്തോളം ക്ഷമചോദിക്കുക എന്നിവയാണ് ഇതിന്റെ സ്വഭാവം. ദൈവം നമ്മോടു ക്ഷമിക്കുമ്പോൾ നമ്മോടു തെറ്റു ചെയ്തവരോട് അതേവിധത്തിൽ തന്നെ നാമും ക്ഷമിക്കണമെന്ന് അവിടുന്ന് ആവശ്യപ്പെടുന്നു. അപ്രകാരം നാം ചെയ്യുന്നില്ലെങ്കിൽ നമുക്കു ലഭിച്ച പാപക്ഷമ ദൈവം പിൻവലിക്കും.

കജീവിതകാലത്ത് ജഡത്തിലെ സകല മോഹങ്ങളെയും അവിടുന്നു ജയിച്ചു. അങ്ങനെ ദൈവം യേശുവിന്റെ ജഡത്തിൽ എല്ലാ പാപത്തിനും (മരണ) ശിക്ഷവിധിച്ചു. (റോമർ 8:3). അങ്ങനെ അവിടുത്തെ ജഡത്തിൽക്കൂടി യേശു ജീവനുള്ള ഒരു പുതുവഴി നമുക്കായി തുറന്നു തന്നു. (എബ്രാ. 10:20).

യേശു ലോകത്തിലേക്കു വന്നപ്പോൾ ദൈവമെന്ന നിലയിൽ തനിക്കുള്ള പദവികളും വിശേഷാധികാരങ്ങളും പരിത്യജിച്ചുവെങ്കിലും തന്റെ തനിമയിൽ അവിടുന്നു ദൈവപുത്രൻ തന്നെയായിരുന്നു. ദൈവപുത്രൻ എന്ന സ്ഥിതി ഒഴിവാക്കുക തനിക്ക് അസാധ്യമായിരുന്നു. ഒരു രാജാവ് രാജാവെന്നനിലയിൽ തനിക്കുള്ള അവകാശങ്ങൾ ഉപേക്ഷിച്ച് ഒരു ചേരിപ്രദേശത്തു പോയി പ്പാർത്തുവെന്നുവരാം. എന്നാൽ അപ്പോഴും അദ്ദേഹം രാജാവു തന്നെ. അതുപോലെയാണ് യേശുവും. ഭൂമിയിലായിരുന്ന കാലത്തും താൻ ദൈവമായിരുന്നുവെന്നതിന്റെ ഏറ്റവും വ്യക്തമായ തെളിവ് മറ്റുള്ളവരിൽനിന്നും താൻ ആരാധന സ്വീകരിച്ചതായി രേഖപ്പെടുത്തിയിട്ടുള്ള ഏഴു സന്ദർഭങ്ങളാണ്— (മത്തായി 8:2; 9.18; 14:33; 15:25; 20:20; മർക്കോസ് 5:6; യോഹ 9:38). ദൈവ ദൂതന്മാരും ദൈവഭക്തരായ മനുഷ്യരും ഒരിക്കലും ആരാധന കൈക്കൊള്ളുന്നില്ല. (അപ്പോ. പ്ര. 10:25, 26; വെളി 22:8,9). എന്നാൽ യേശു താൻ ദൈവപുത്രനായിരുന്നതിനാൽ അതു സ്വീകരിച്ചു. യേശു ഭൂമിയിലായിരുന്നപ്പോഴും ദൈവപുത്രൻ തന്നെയെന്നുള്ള സത്യം പിതാവായ ദൈവം പത്രോസിനു വെളിപ്പെടുത്തിയിരുന്നു. (മത്തായി. 16:16,17).

യേശുക്രിസ്തുവിനെ സംബന്ധിച്ച് രണ്ടു കാര്യങ്ങൾ ഏറ്റുപറയുവാൻ പരിശുദ്ധാത്മാവ് നമ്മെ പ്രേരിപ്പിക്കുന്നു. ഒന്ന് താൻ കർത്താവ് (Lord) ആണ് എന്ന സത്യം: രണ്ട്, അവിടുന്നു ജഡത്തിൽ വന്നുവെന്ന യാഥാർത്ഥ്യം. (1കൊരി. 12:3;1 യോഹ 4:2,3) ഈ രണ്ടു ഏറ്റുപറച്ചിലുകളും തുല്യപ്രാധാന്യങ്ങളെങ്കിലും രണ്ടാമത്തേത് താരതമ്യേന കൂടുതൽ പ്രധാനമാണ്. എന്തെന്നാൽ ഈ കാര്യം ഏറ്റുപറയാതിരുന്നാൽ അത് എതിർക്രിസ്തുവിന്റെ ആത്മാവിനെയാണ് കാണിക്കുന്നത്. (2 യോഹ.7)

മനുഷ്യനായ യേശുക്രിസ്തു (1 തിമോഥി 2:6) ഇന്ന് അനേകം സഹോദരന്മാരിൽ ആദ്യജാതനും (അതായത് നമ്മുടെ ജ്യേഷ്ഠസഹോ

ദരനും) പിതാവ് നമ്മുടെ സ്വർഗ്ഗസ്ഥ പിതാവുമത്രേ (റോമർ 8:29; യോഹ20:17; എഫേ 1:3; എബ്രാ. 2:11)

**രക്ഷയെ സംബന്ധിച്ച സത്യം**

ദൈവവചനം രക്ഷയെപ്പറ്റി സംസാരിക്കുമ്പോൾ അതിനെ ഭൂതവും (എഫേ. 2:5) വർത്തമാനവും (ഫിലി 2:12) ഭാവിയുമായി (റോമർ 13:11) കാണിക്കുന്നു. മറ്റൊരു തരത്തിൽപ്പറഞ്ഞാൽ രക്ഷയ്ക്ക് നീതികരണം, വിശുദ്ധീകരണം, മഹത്ത്വീകരണം എന്നിങ്ങനെ മൂന്നു ഭാവങ്ങളുണ്ട്.

ക്രിസ്തുവിന്റെ മരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം എന്നിവയുടെ അടിസ്ഥാനത്തിൽ നമുക്കു പാപക്ഷമയും ദൈവമുമ്പാകെ നീതിമാന്മാരെന്ന പരിഗണനയും ലഭിക്കുന്നതാണ് നീതീകരണം. ഇതു നമ്മുടെ പ്രവൃത്തികളുടെ അടിസ്ഥാനത്തിലല്ല. (എഫേ. 2:8,9) എന്തെന്നാൽ നമ്മുടെ നീതി പ്രവൃത്തികൾപോലും ദൈവത്തിന്റെ ദൃഷ്ടിയിൽ കറപുരണ്ട തുണിപോലെയാണ്. (യെശ. 64:6) നീതീകരണം പ്രാപിക്കുവാനുള്ള വ്യവസ്ഥമാനസാന്തരവും വിശ്വാസവുമാണ്. (അപ്പോ. പ്ര 20:21). യഥാർത്ഥ മാനസാന്തരം നമ്മുടെ തെറ്റുകൾക്കു പരിഹാരം ചെയ്യുവാൻ നമ്മെ പ്രേരിപ്പിക്കുന്നതായിരിക്കണം. തെറ്റായവിധത്തിൽ നാം സ്വന്തമാക്കിയ പണം, വസ്തുവകകൾ, നികുതികൾ എന്നിവ തിരിയെ കൊടുക്കുക. ആരോടൊക്കെ നാം തെറ്റു ചെയ്തുവോ അവരോടെല്ലാം സാധ്യമായിടത്തോളം ക്ഷമചോദിക്കുക എന്നിവയാണ് ഇതിന്റെ സ്വഭാവം. (ലൂക്കോസ് 19:8,9). ദൈവം നമ്മോടു ക്ഷമിക്കുമ്പോൾ നമ്മോടു തെറ്റു ചെയ്തവരോട് അതേവിധത്തിൽ തന്നെ നാമും ക്ഷമിക്കണമെന്ന് അവിടുന്ന് ആവശ്യപ്പെടുന്നു. അപ്രകാരം നാം ചെയ്യുന്നില്ലെങ്കിൽ നമുക്കു ലഭിച്ച പാപക്ഷമ ദൈവം പിൻവലിക്കും (മത്തായി 23:35). മാനസാന്തരം, വിശ്വാസം എന്നിവയെ തുടർന്ന് നാം ജലത്തിൽ മുങ്ങി സ്നാനമേൽക്കണം. അതിലൂടെ നമ്മുടെ പഴയ മനുഷ്യനെ കുഴിച്ചിടുന്നതായി നാം സാക്ഷീകരിക്കുന്നു. (റോമർ 6:6,4)

അനന്തരം നമുക്കു പരിശുദ്ധാത്മസ്നാനം പ്രാപിക്കാവുന്നതാണ്. ഇതുമൂലം നമുക്ക് ജീവിതംകൊണ്ടും വാക്കുകൊണ്ടും ക്രിസ്തുവിനെ സാക്ഷിക്കുവാനുള്ള ശക്തി ലഭിക്കുന്നു (അപ്പോ. പ്ര. 1:8). ജലസ്നാനം നാം അനുസരിക്കേണ്ട ഒരു കല്പനയായിരിക്കെ, പരിശുദ്ധാത്മസ്നാനം നാം പ്രാപിക്കേണ്ട ഒരു വാഗ്ദാനമാണ്. (മത്തായി 3:11; ലൂക്കോസ് 11:13). താൻ ദൈവപൈതൽ എന്ന പരിശുദ്ധാത്മാവിനാലുള്ള സാക്ഷ്യം പ്രാപിക്കുകയും താൻ പരിശുദ്ധാത്മസ്നാനം പ്രാപിച്ചുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടത് ഓരോ ക്രിസ്തുശിഷ്യന്റെയും ആവശ്യവും പദവിയുമാണ്.

വിശുദ്ധീകരണം (sanctification) എന്നതിന് പാപത്തിൽനിന്നും ലോകത്തിൽനിന്നും വേർതിരിക്കപ്പെടുക എന്നാണർത്ഥം. വീണ്ടും ജനനത്തോടുകൂടെ ആരംഭിക്കുന്ന ഒരു പ്രവർത്തനപദ്ധതിയാണത്. (1കൊരി. 1:2). ഒരുവന്റെ ലോകജീവിതകാലം മുഴുവൻ തുടർന്നുകൊണ്ടേയിരിക്കേണ്ട ഒരു പ്രക്രിയയത്രേ അത്. (1 തെസ്സ 5:23, 24). പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിലും മനസ്സുകളിലും തന്റെ പ്രമാണങ്ങൾ എഴുതുന്നതിലൂടെ ദൈവം

അത് ആരംഭിക്കുന്നു. എങ്കിലും ഭയത്തോടും വിറയലോടും കൂടി നമ്മുടെ രക്ഷയ്ക്കായി പ്രവർത്തിച്ചുകൊണ്ട് അതിൽ നമുക്കുള്ള പങ്കു നാം നിറവേറ്റണം. (ഫിലി 2:12, 13). പരിശുദ്ധാത്മാവു നൽകുന്ന ശക്തിയുപയോഗിച്ച് ജഡത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കേണ്ടത് നാം തന്നെയാണ് (റോമർ 8:13). സകല കല്മഷങ്ങളും നീക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികയ്ക്കുക എന്നത് നാം ചെയ്യേണ്ട കാര്യം തന്നെ. (2. കൊരി. 7:1). ഇതു ചെയ്യുവാൻ പരിശുദ്ധാത്മാവിനോടു സഹകരിക്കുന്നതിൽ പൂർണ്ണഹൃദയത്തോടെ അടിയന്തര ശ്രദ്ധ പതിപ്പിക്കുന്ന ഒരാളുടെ ജീവിതത്തിൽ വിശുദ്ധീകരണമെന്ന പരിപാടി വേഗത്തിൽ പുരോഗമിക്കും. പരിശുദ്ധാത്മ പ്രേരണയ്ക്കുനേരേ മന്ദത കാട്ടുന്ന ഒരുവന്റെ ജീവിതത്തിൽ ഈ കാര്യം മന്ദഗതിയിലും മുടക്കം വന്ന അവസ്ഥയിലുമായിരിക്കും. വിശുദ്ധീകരണത്തിനായി വാഞ്ഛിക്കുന്നതിൽ നമുക്കുള്ള പൂർണ്ണജാഗ്രത പരീക്ഷിക്കപ്പെടുന്നത് പ്രലോഭനങ്ങൾ (temptations) നേരിടുന്ന അവസരങ്ങളിലാണ്.

പഴയനിയമത്തിലെപ്പോലെ ബാഹ്യമായ ഒരു നീതി പ്രാപിക്കുകയല്ല. മറിച്ച് ആന്തരികമായിത്തന്നെ ദൈവികനീതി നമ്മിൽ നിറവേറ്റുകയാണ് വിശുദ്ധീകരണം. (റോമർ 8:4). മത്തായി. 5:17 മുതൽ 48 വരെ വാക്യങ്ങളിൽ യേശു ഊന്നിപ്പറഞ്ഞ വസ്തുത ഇതത്രേ. ഇതിനാവശ്യമായ കാര്യങ്ങളെ രണ്ടു കല്പനകളിലായി കർത്താവു സംക്ഷേപിച്ചിട്ടുണ്ട്. ഒന്ന്: പൂർണ്ണഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുക; രണ്ട്: കൂട്ടുകാരനെ നമ്മെപ്പോലെ തന്നെ സ്നേഹിക്കുക. (മത്തായി 22:36-40) ദൈവസ്വഭാവത്തിന്റെ സാരാംശമായ ഈ സ്നേഹ പ്രമാണം നമ്മുടെ ഹൃദയങ്ങളിൽത്തന്നെ എഴുതുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. (എബ്രായർ 8:10; 2 പത്രോസ് 1:4-7). ബോധപൂർവ്വമായ എല്ലാ പാപങ്ങളുടെ മേലുമുള്ള വിജയവും യേശുവിന്റെ എല്ലാ കല്പനകളുടെയും അനുസരണവുമാണ് ഇതിന്റെ ബാഹ്യലക്ഷണം. (യോഹ. 14:15).

ശിഷ്യത്വത്തിന് യേശു വച്ചിട്ടുള്ള വ്യവസ്ഥകൾ (ലൂക്കോസ് 14:26-33) നിറവേറ്റാതെ ഇത്തരമൊരു ജീവിതത്തിലേക്കു പ്രവേശിക്കുക സാധ്യമല്ല. അടിസ്ഥാനപരമായിപ്പറഞ്ഞാൽ സ്വജനങ്ങളെയും സ്വന്തജീവനെത്തന്നെയും വെറുക്കുക, എല്ലാ ഭൗതിക സമ്പത്തുകളെയും വിട്ടുപിരിയുക എന്നിവയാണ് ഈ വ്യവസ്ഥകൾ. നമുക്ക് ആദ്യമായി കടന്നുപോകേണ്ട ഇടുക്കുവാതിൽ ഇതാണ്. ഇതേത്തുടർന്ന് ഇടുങ്ങിയ വഴിയിലേക്കും നാം പ്രവേശിക്കുന്നു. യേശു തന്റെ ജഡത്തിൽക്കൂടി തുറന്നുതന്ന ജീവനുള്ള പുതുവഴിയാണ് ശുദ്ധീകരണത്തിന്റെ ഈ ഇടുക്കുവഴി. ഇതിനെ ദൈവഭക്തിയുടെ മർമ്മം എന്ന് ദൈവവചനം വിളിക്കുന്നു. (1 തിമോഥി 3:16). ദൈവത്തെ ഭയപ്പെടുന്നവർക്കുമാത്രം അവിടുന്നു വെളിപ്പെടുത്തുന്ന ഒരു രഹസ്യമാണിത്. വാസ്തവത്തിൽ ദൈവത്തെ ഭയപ്പെടുന്നവർ വളരെക്കുറവാകയാൽ ഈ വഴി കണ്ടെത്തുന്നവരും വളരെ ചുരുക്കം തന്നെ. (മത്തായി. 17:14).

വിശുദ്ധീകരണത്തിന്റെ വഴി കണ്ടെത്തുക എന്നതും അതിനെപ്പറ്റി ബുദ്ധിപരമായി മനസ്സിലാക്കുക എന്നതും, ഒന്നല്ല. ചിലർ അതിനെ ബുദ്ധിപരമായി മനസ്സിലാക്കിയാലും പിന്നെയും പരീക്ഷാസന്ദർഭങ്ങളിൽ

തങ്ങളുടെ ജഡത്തെ മരിപ്പിക്കുവാൻ കഴിവില്ലാത്തവരായിത്തീരുന്നു. എങ്കിലും ഒരു കാര്യം തീർച്ചയാണ്. വിശുദ്ധീകരണത്തിന്റെ മാർഗ്ഗം പിന്തുടരാത്ത ഒരുവൻപോലും അയാൾ ജീവനുള്ള പുതുവഴിയെ സംബന്ധിച്ച സകലസത്യവും മന സ്സിലാക്കിക്കൊണ്ട് മറ്റുള്ളവരോടൊപ്പം സഭയിൽ ഇരുന്നാൽ തന്നെയും കർത്താവിനെ കാണുകയില്ല. (എബ്രായർ12:14)

ഇപ്പോൾ ഈ ലോകത്തിൽ വച്ചു തന്നെ കുറ്റമറ്റ മനസ്സാക്ഷി നമുക്കുണ്ടായാൽ തന്നെയും (എബ്രാ.7:19; 9:9,14) യേശുവിന്റെ വരവിൽ നാം ഒരു മഹത്ത്വ ശരീരം പ്രാപിക്കുന്നതുവരെയും പാപരഹിതമായ ഒരു പരിപൂർണ്ണതയിലെത്തുവാൻ നമുക്കു സാധ്യമല്ല. (1യോഹ. 3:2). അപ്പോൾ മാത്രമേ യേശുവിനെപ്പോലെയാകുവാൻ നമുക്കു സാധിക്കൂ. എന്നാൽ ഇപ്പോൾതന്നെ അവൻ നടന്നതുപോലെ നാം നടക്കേണ്ടതാണ്. (1യോഹ. 2:6). നാമെത്രമാത്രം വിശുദ്ധീകരണം പ്രാപിച്ചാലും പാപസാധ്യതയുള്ള ഈ ശരീരത്തിലിരിക്കുന്ന കാലത്തോളം അബോധപൂർവ്വമായ പാപം (unconscious sin) നമ്മിലുണ്ടായിരിക്കും. (1 യോഹ 1:8) എങ്കിലും, നാം തികഞ്ഞ ആത്മാർത്ഥതയുള്ളവരെങ്കിൽ യേശു നടന്നതുപോലെ നടക്കുവാൻ നമുക്കു കഴിയും. എന്നുവച്ചാൽ ബോധപൂർവ്വമായ പാപം ചെയ്യാതെയും അങ്ങനെ മനസ്സാക്ഷിയാൽ കുറ്റം വിധിക്കപ്പെടാതെയും ജീവിക്കുക തന്നെ (1 യോഹ. 2;1; 1 കൊരി. 4:4) ഇപ്രകാരം നമ്മുടെ രക്ഷയുടെ അന്തിമഘട്ടകമായ മഹത്ത്വീകരണം പ്രാപിക്കുവാനായി ക്രിസ്തുവിന്റെ വരവുകാത്തുകൊണ്ട് ജീവിക്കുകയാണ് (ഫിലി. 3:21).

### സഭയെ സംബന്ധിച്ച സത്യം

സഭ ക്രിസ്തുവിന്റെ ശരീരമാണ്. അതിന്റെ തലക്രിസ്തു, അതിന്റെ കേന്ദ്രസ്ഥാനം (Head quarters) മൂന്നാം സ്വർഗ്ഗം. അതിനാൽ ഈ ഭൂമിയിൽ ഒരു അധ്യക്ഷനും ഒരു കേന്ദ്രസ്ഥാനവുമുള്ള ഒരു സമുദായ വിഭാഗവും യേശു പണിതുകൊണ്ടിരിക്കുന്ന സഭയല്ല. ഇത്തരം മനുഷ്യനിർമ്മിതമായ സംഘടനകളിൽ വിശ്വാസികളായി ചിലർ ഉണ്ടായേക്കാമെങ്കിലും അവയെല്ലാം മനുഷ്യനിർമ്മിതികൾ മാത്രമാണ്.

തന്റെ ശരീരം പണിയുവാനായി ക്രിസ്തു സഭയിൽ അപ്പോസ്തലന്മാർ, പ്രവാചകന്മാർ, സുവിശേഷകന്മാർ, ഇടയന്മാർ, ഉപദേഷ്ടാക്കന്മാർ എന്നിവരെ നൽകിയിട്ടുണ്ട്. (എഫേ. 4:11) ഒരു പ്രത്യേക അതിരിനുള്ളിൽ പ്രത്യേകമൊരു ലക്ഷ്യപ്രാപ്തിക്കുവേണ്ടി ദൈവം വിളിച്ച് നിയോഗിച്ചിട്ടുള്ളവരാണ് അപ്പോസ്തലന്മാർ. (2 കൊരി. 10:13). അവർക്കാണ് സഭയിൽ ഒന്നാംസ്ഥാനം. (1 കൊരി. 12:28) അതിനാൽ തങ്ങളുടെ അതിരിനുള്ളിലുള്ള മറ്റെല്ലാ ദൈവഭൃത്യന്മാർക്കും അവർ മൂപ്പന്മാരായിരിക്കുന്നു. ദൈവജനങ്ങളുടെ മറഞ്ഞിരിക്കുന്ന ആവശ്യങ്ങൾക്കനുസരിച്ച് ദൈവികസത്യങ്ങൾ മറനീക്കിക്കാണിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്നവരാണ് പ്രവാചകന്മാർ. അക്രൈസ്തവരെ ക്രിസ്തുവിലേക്കു വിളിച്ചടുപ്പിക്കുവാൻ വരം ലഭിച്ചവരാണ് സുവിശേഷകന്മാർ. അപ്രകാരം ചെയ്ത ശേഷം അവർ ആ ദൈവജനങ്ങളെ ക്രിസ്തുവിന്റെ ശരീരമായ ഒരു പ്രാദേശികസഭയിലേക്കു ചേർക്കേണ്ടതാണ്. (ആധുനിക കാലത്തെ

സുവിശേഷയത്നങ്ങൾ ഒരു നല്ല പങ്കും പരാജയപ്പെടുന്നത് ഈ കാര്യത്തിലാണ്.) ആട്ടിൻകുട്ടികളെയും ആടുകളെയും കരുതലോടെ നയിക്കുകയും പുലർത്തുകയും ചെയ്യുന്നവരാണ് ഇടയന്മാർ. തിരുവെഴുത്തുകളെയും അവയിലുള്ള ഉപദേശങ്ങളെയും വിശദമായി ഗ്രഹിപ്പിക്കുന്നവരാണ് ഉപദേഷ്ടാക്കന്മാർ. ഈ അഞ്ചു കൃപാവരങ്ങളും ലോകവ്യാപകമായ സഭയ്ക്കുള്ളതത്രെ. അക്കൂട്ടത്തിൽ ഓരോ പ്രാദേശികസഭയിലും ആരംഭം മുതൽക്കേയുള്ള മുഖ്യാവശ്യം ഇടയന്മാരാണ്. മറ്റു കൃപാവരങ്ങളാകട്ടെ, ഇതര പ്രാദേശിക സഭകളിൽനിന്നു ലഭിച്ചെന്നുവരാം.

പ്രാദേശികസഭയുടെ നേതൃത്വം മൂപ്പന്മാരിലായിരിക്കണം. ഈ കാര്യം പുതിയനിയമം വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. (തീത്തോസ് 1:5: അപ്പോ. പ്ര. 14.23). മൂപ്പന്മാർ എന്നു ബഹുവചനം പ്രയോഗിച്ചിരിക്കുന്നതിനാൽ ഓരോ സഭയിലും കുറഞ്ഞപക്ഷം രണ്ടു മൂപ്പന്മാർ ഉണ്ടായിരിക്കണം. ഏക വ്യക്തി നേതൃത്വം പുതിയനിയമോപദേശത്തിനു വിരുദ്ധമാണ്. എന്നിരുന്നാലും മൂപ്പന്മാരിൽ ഒരുവൻ കർത്താവിൽ നിന്നു പ്രവാചകശുശ്രൂഷ ലഭിച്ചവനെങ്കിൽ അവൻ സഭയുടെ ദൂതൻ (messenger) ആയിരിക്കും. (വെളി 2:1).

തന്റെ ശിഷ്യന്മാർ ഏതെങ്കിലും സ്ഥാനപ്പേർ സ്വീകരിക്കുന്നതിനെ കർത്താവു വിലക്കിയിട്ടുണ്ട്. (മത്തായി 23:7-12). അതിനാൽ ഗുരു, പിതാവ്, പാസ്റ്റർ, റവറണ്ട്, നായകൻ (Leader) എന്നിങ്ങനെ ഒരാളെ വിളിക്കുന്നത് ദൈവവചനവിരുദ്ധമാണ്. റവറണ്ട് എന്ന സ്ഥാനപ്പേർ ബൈബിളിൽ ദൈവത്തെ സംബന്ധിച്ചു മാത്രമേ ഉപയോഗിച്ചിട്ടുള്ളു. (സങ്കീ. 111:10 K J Vനോക്കുക.) അതിനാൽ ആ സ്ഥാനപ്പേരുപയോഗിക്കുന്നയാൾ ദൈവതുല്യനാകുവാൻ ശ്രമിച്ച ലൂസിഫറിനെപ്പോലെ കുറ്റക്കാരനായിത്തീരും (യെശ. 14:14). സഭാംഗങ്ങളായ എല്ലാ വ്യക്തികളും കേവലം സഹോദരന്മാരായോ മറ്റുള്ളവരുടെ ദാസന്മാരായോ വിളിക്കപ്പെട്ടവരാണ്.

പ്രാദേശികസഭയുടെ യോഗങ്ങൾ ഉപദേശത്തിനായോ (അപ്പോ. പ്ര. 9:11) പ്രാർത്ഥനയ്ക്കായോ (അപ്പോ. പ്ര. 12:5;12) മാത്രം കൂടുന്നവയല്ലെങ്കിൽ, അവയിൽ എല്ലാ ശിഷ്യന്മാർക്കും പ്രവചിക്കുവാൻ അനുവാദമുണ്ടായിരിക്കണം. (1 കൊരി 11:26 -40). പ്രവചനവരം, യോഗങ്ങളിൽ അത് ഉപയോഗിക്കുവാനാഗ്രഹിക്കുന്ന എല്ലാവരും അഭിലഷിക്കേണ്ട ഒന്നാണ്. (1 കൊരി 14:1,39) വിവിധ ഭാഷാവരം പ്രാഥമികമായി അവരവർക്കുതന്നെ ആത്മികാഭിവൃദ്ധി വരുത്തുവാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതെങ്കിലും (1 കൊരി 14:4,18,19) അതിനു വ്യാഖ്യാനം കൂടി ഉണ്ടാകുന്ന അവസരങ്ങളിൽ സഭായോഗങ്ങളിൽ വിലപ്പെട്ട പ്രയോജനം അതുകൊണ്ട് ഉണ്ടാകാവുന്നതത്രേ. (1 കൊരി. 14:2, 7). ഒരു അന്യഭാഷാഭാഷണത്തിന്റെ വ്യാഖ്യാനം ഒരു വെളിപ്പാടോ ജ്ഞാനവചനമോ, പ്രവചനമോ, ഉപദേശമോ, പ്രാർത്ഥനയോ ആകാം. (1 കൊരി. 14:2, 6; 1 കൊരി 12:8-10, 28; റോമർ 12, 6-8 എന്നീ ഭാഗങ്ങളിൽ പരാമർശിച്ചിട്ടുള്ള എല്ലാ കൃപാവരങ്ങളും ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയുടെ പണിക്ക് ആവശ്യമത്രേ. എന്നാൽ ആത്മവരങ്ങളെ അവഗണിക്കുകയോ നിന്ദിക്കുകയോ ചെയ്യുന്ന ഒരു സഭയ്ക്ക് അവ ഒരിക്കലും ലഭിക്കാതെയാകും.

സകല ജനങ്ങളിൽ നിന്നും ശിഷ്യന്മാരെ ഉണ്ടാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ഒരു സഭയ്ക്ക് എത്തിച്ചേരാൻ സാധിക്കുന്ന സകല സ്ഥലങ്ങളിലുമുള്ള എല്ലാ ജനങ്ങളോടും സുവിശേഷം പ്രസംഗിക്കുവാൻ തീർച്ചയായും കടമയുണ്ട്. (മാർക്കോസ് 16:15; മത്തായി 28:19). എങ്കിലും ആളുകളെ ശിഷ്യത്വത്തിലേക്കു വരുത്താതെയുള്ള സുവിശേഷഘോഷണം ഭൂമിയിൽ ക്രിസ്തുവിന്റെ സാക്ഷ്യത്തിന് ഒരു പ്രതിബന്ധമായിട്ടാണ് തീരുന്നത്.

ഓരോ പ്രാദേശികസഭയും അപ്പം മുറിക്കുക എന്ന ശുശ്രൂഷയിലൂടെ കർത്താവിന്റെ മരണത്തെ പ്രസ്താവിക്കേണ്ടതാണ്. (1 കൊരി. 11: 23-34). എത്രമാത്രം ഇടവിട്ടായിരിക്കണം ഇതു ചെയ്യേണ്ടത് എന്ന കാര്യത്തിൽ ഓരോ സഭയ്ക്കും സ്വതന്ത്രമായി തീരുമാനിക്കുവാൻ ദൈവം അനുവാദം നൽകുന്നുണ്ട്. എന്നാൽ ഒരിക്കലും അത് ഒരു ചടങ്ങായി അധഃപതിക്കുവാൻ ഇടയാക്കരുത്. സ്തോത്രക്കാഴ്ചയുടെ കാര്യത്തിൽ, ദൈവവേലയ്ക്കായി അവിശ്വാസികളിൽനിന്നു പണം സ്വീകരിക്കുന്നതു തെറ്റാണെന്ന് ദൈവവചനം വ്യക്തമായി പ്രസ്താവിക്കുന്നുണ്ട്. (3 യോഹ. 7). അതിനാൽ അവിശ്വാസികൾകൂടി സന്നിഹിതരായിട്ടുള്ള യോഗങ്ങളിൽ സ്തോത്രക്കാഴ്ച എടുക്കുവാൻപാടില്ല. മാത്രമല്ല വിശ്വാസികൾ നൽകുന്ന ദാനങ്ങൾ പരപ്രേരണകൂടാതെയും രഹസ്യത്തിലും ആയിരിക്കേണ്ടതാണ്. (2 കൊരി 9:7) ദാനങ്ങൾ ലഭിക്കുവാനാഗ്രഹിച്ചുകൊണ്ട് നമ്മുടെ ദൈവികവേലകളെപ്പറ്റിയുള്ള റിപ്പോർട്ടുകൾ മറ്റുള്ളവർക്കയയ്ക്കുന്നത് ആ റിപ്പോർട്ടുകളെ 'പ്രാർത്ഥനാപത്രികകൾ' എന്നു വിളിച്ചാൽ തന്നെയും തെറ്റാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

ശിഷ്യന്മാരെ വിശ്വാസത്തിന്റെ അനുസരണത്തിലേക്ക്, യേശുവിന്റെ എല്ലാ കല്പനകളുടെയും - വിശിഷ്യ, മത്തായി 5 മുതൽ 7 വരെ അധ്യായങ്ങളിലടങ്ങിയ കല്പനകളുടെ - അനുസരണത്തിലേക്കു നയിക്കുമ്പോൾ മാത്രമേ സഭ സുസ്ഥിരമായിത്തീരുകയുള്ളു. പുതിയനിയമത്തിലെ ഏറ്റവും ചെറിയ കല്പനകൾപോലും പ്രമാണിക്കുകയും തീക്ഷ്ണതയോടെ അവ പ്രഖ്യാപിക്കുകയും ചെയ്യേണ്ടതത്രേ. (മത്തായി 5, 19).

എങ്കിലും പുതിയനിയമം മൗനമവലംബിക്കുന്ന അനേകം വിഷയങ്ങളുണ്ട്. അത്തരം കാര്യങ്ങളിൽ 'സ്വമതശാഠ്യം' നമുക്കുണ്ടായിരിക്കരുത്. നേരേ മറിച്ച് അവയിൽ നമുക്കുള്ള ദൃഢവിശ്വാസം നാം മുറുകെപിടിക്കുമ്പോൾതന്നെ മറ്റു വിശ്വാസികൾക്ക് അവരുടെ ദൃഢവിശ്വാസങ്ങൾ പിടിച്ചുകൊൾവാനുള്ള സ്വാതന്ത്ര്യം നാമനുവദിച്ചു കൊടുക്കണം. (റോമർ 14:5). എല്ലാ കാര്യങ്ങളിലും നമ്മോട് അഭിപ്രായൈക്യമുള്ളവരെ സ്നേഹിക്കുക എളുപ്പമാണ്. എങ്കിലും നമ്മോട് വിയോജിക്കുന്നവരോടു നമുക്കുള്ള മനോഭാവം നോക്കിയാണ് നമ്മുടെ സ്നേഹം ശോധന ചെയ്യപ്പെടുന്നത്. എല്ലാ അപ്രധാന കാര്യങ്ങളിലും തന്റെ എല്ലാ മക്കളും തുല്യാഭിപ്രായക്കാരായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നില്ല. വചനേതരമായ കാര്യങ്ങളിൽ എല്ലാ പ്രാദേശിക സഭകൾക്കും ഒരേ സമ്പ്രദായം തന്നെ ആയിരിക്കണമെന്നും ദൈവം ഉദ്ദേശിക്കുന്നില്ല.

നാനാത്വത്തിനിടയിലുള്ള, ഒരു ഏകത്വത്തിലൂടെയാണ് ദൈവമഹത്ത്വം പ്രകാശിക്കണമെന്ന് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഏകരൂപത്വം മനുഷ്യനിർമ്മിതവും ആത്മീയമരണം ഉളവാക്കുന്നതുമാണ്. ഏകരൂപത്വമല്ല, ഏകത്വമാണ് ദൈവം ആഗ്രഹിക്കുന്നത്.

അവസാനമായി ക്രിസ്തു ശിഷ്യന്മാരുടെ ഏറ്റവും വ്യക്തമായ ലക്ഷണം അവർക്ക് അന്യോന്യമുള്ള സ്നേഹമാണെന്നതു നാമോർക്കണം (യോഹ. 13:35). അങ്ങനെ പിതാവും പുത്രനും ഒന്നായിരിക്കുന്നതുപോലെ നാമും ഒന്നായിരിപ്പാൻ യത്നിക്കണം. (യോഹ. 17: 21).

വളരെച്ചുരുക്കിപ്പറഞ്ഞാൽ ഇവയെല്ലാമാണ് നാം വിശ്വസിക്കുന്ന സത്യം. ഇവയെ പൂർണ്ണഹൃദയത്തോടെ സ്വീകരിച്ചിട്ടുള്ളവരെ ഈ സത്യം സ്വാതന്ത്ര്യത്തിലേക്കു നയിച്ചിട്ടുണ്ട്. അതിനാൽ ഇതു സത്യമെന്ന് നാം അറിയുന്നു. (യോഹ. 8:32).

❖

ധ്യാനചിന്തകൾ

# പുതുവത്സര പ്രതിജ്ഞകൾ എങ്ങനെ പാലിക്കാം?

നമ്മൾ 2018 പിന്നിട്ടു 2019 ലേക്ക്. എന്നാൽ പുതുവർഷത്തിലേക്കു പ്രവേശിക്കുമ്പോഴും പലർക്കും ഖേദം ബാക്കി നിൽക്കുകയാണ്– പിന്നിട്ട വർഷത്തിൽ വേണ്ടതു പോലെ ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. 2018ന്റെ ആദ്യദിനത്തിൽ എടുത്ത പുതുവത്സര പ്രതിജ്ഞകൾ അല്പായുസ്സായിപ്പോയി. ഗൗരവമായി കാര്യങ്ങളെ സമീപിക്കാൻ കഴിഞ്ഞില്ല... എന്നിങ്ങനെ. എന്തുകൊണ്ടാണു പല നല്ല തീരുമാനങ്ങളും നടപ്പിലാക്കാൻ കഴിയാതെ പോകുന്നത്?

‘ഒരു നദിക്കും അതിന്റെ ഉത്ഭവസ്ഥാനത്തിനു മുകളിലേക്ക് ഒഴുകാനാവില്ല’ എന്നു പറയാറുള്ളതാണ് ഇതിനുള്ള മറുപടി. ഉത്ഭവസ്ഥലത്തുനിന്നു താഴേക്കു മാത്രമേ നദിക്ക് ഒഴുകാൻ സാധ്യമാകു എന്നതുപോലെ ഒരു കാര്യത്തിലുള്ള നമ്മുടെ ഉത്സാഹങ്ങൾക്കും ശുഷ്കാന്തികൾക്കും അതു സംബന്ധിച്ച നമ്മുടെ പ്രതിബദ്ധതയ്ക്ക് (commitment) താഴെ മാത്രമേ നിലകൊള്ളാൻ കഴിയുകയുള്ളു. ഒരു കാര്യത്തിലുള്ള നമ്മുടെ പ്രതിബദ്ധതയെ കവിയുന്ന പ്രവർത്തനങ്ങളും ശുഷ്കാന്തികളും അതിൽ നമുക്കു പ്രകടിപ്പിക്കാനാവില്ല.

അതുകൊണ്ടുതന്നെ പോയ വർഷങ്ങളിൽ ആത്മീയ കാര്യങ്ങളിൽ വേണ്ടതുപോലെ ഒന്നും ചെയ്യാൻ കഴിഞ്ഞില്ല എന്നു കാണുമ്പോൾ പുതുവർഷത്തിൽ കൂടുതൽ പ്രവർത്തിക്കാം എന്നു പ്രതിജ്ഞയെടുത്തതുകൊണ്ടു പ്രയോജനമില്ല. മറിച്ച് ആത്മീയത സംബന്ധിച്ച നമ്മുടെ പ്രതിബദ്ധത, അതിനോടുള്ള സമർപ്പണം, എത്രത്തോളമുണ്ട് എന്ന് ഉത്ഭവത്തിലേക്കു

പോയി പരിശോധിക്കുകയാണു വേണ്ടത്. യേശു ഒരിക്കൽ 'ആഴത്തിൽ കുഴിച്ചു പാറമേൽ അടിസ്ഥാനമിടുന്നതിനെക്കുറിച്ചു' സംസാരിച്ചു. പ്രതിബദ്ധത കുറവാണെന്നു കണ്ടാൽ അവിടെയാണു കൂടുതൽ ആഴത്തിൽ കുഴിക്കേണ്ടത്. അവിടെ കൂടുതൽ സമർപ്പണത്തിലേക്കു വരികയാണു കരണീയം. കാരണം, മുകളിൽ പറഞ്ഞതുപോലെ, നമ്മുടെ സമർപ്പണത്തെ കവിയുന്ന ഉത്സാഹം നമുക്ക് ഒരു കാര്യത്തിലും പുലർത്താൻ കഴിയുകയില്ല. ആത്മീയ കാര്യത്തിലും അങ്ങനെ തന്നെ. ആത്മീയ കാര്യങ്ങളിലെ സമർപ്പണത്തിന്റെ ആഴക്കൂടുതലും കുറവും വ്യക്തമാക്കുന്ന ഒരു ഉദാഹരണം ഇങ്ങനെ:

ഒരു ആട്ടിൻകുട്ടിയും താറാവും നല്ല സുഹൃത്തുക്കളായിരുന്നു. അവർ ഒരു സായാഹ്ന സവാരിക്കിറങ്ങി. വഴിയരികിലെ ബോർഡുകളൊക്കെ വായിച്ച്, കാഴ്ചകളൊക്കെ കണ്ട് അലസമായ ഒരു നടപ്പ്. നടന്ന് അവർ ഒരു ഹോട്ടലിനു മുന്നിൽ എത്തിയപ്പോൾ അവിടെ ഇങ്ങനെ ഒരു ബോർഡ്: 'പ്രഭാതഭക്ഷണം- 100 രൂപ മാത്രം. വിഭവങ്ങൾ: അപ്പം, മട്ടൺ കറി, ഓംലെറ്റ്, ചായ.' ബോർഡ് വായിച്ച താറാവ് ഒരു നേരിയ ചിരിയോടെ ഇങ്ങനെ പറഞ്ഞു: "ഈ മനുഷ്യരൊക്കെ വലിയ മിടുക്കന്മാരാണെന്നു പറഞ്ഞിട്ട് എന്താ കാര്യം? ഇവർക്കുള്ള പ്രഭാതഭക്ഷണം നമ്മൾ വേണം ഒരുക്കിക്കൊടുക്കാൻ. കണ്ടോ, ഞാൻ മുട്ട ഓംലെറ്റ് നൽകുന്നു. താങ്കൾ മട്ടൺ കറിയും കൊടുക്കുന്നു. ചുരുക്കത്തിൽ നമ്മൾ ഇരുവരുമാണ് മനുഷ്യർക്കു പ്രഭാതഭക്ഷണം നൽകുന്നത്. ശരിയല്ലേ?"

രസകരമായ ഒരു കമന്റ് പറഞ്ഞിട്ടും ആട്ടിൻ കുട്ടിയിൽ നിന്നും മറുപടി ഒന്നും ഉണ്ടാകാതിരുന്നപ്പോൾ താറാവ് ആട്ടിൻ കുട്ടിയുടെ മുഖത്തേക്കു പാളിനോക്കി. അവിടെ ആട്ടിൻകുട്ടിയുടെ കണ്ണുകളിൽ കണ്ണുനീർത്തുള്ളികൾ ഉരുണ്ടുകൂടുന്നതാണു താറാവ് കണ്ടത്. അവൾ പരിഭ്രാന്തയായി: "എന്താ, എന്താ, എന്താ നീ കരയുന്നത്?"

ആട്ടിൻകുട്ടി കണ്ണുനീർ തുടച്ചുകൊണ്ട് മെല്ലെ ഇങ്ങനെ പറഞ്ഞു: "അല്ല, ഞാൻ ഓർക്കുകയായിരുന്നു. മനുഷ്യർക്കു പ്രഭാതഭക്ഷണം നൽകുന്നതു നിന്നെ സംബന്ധിച്ചിടത്തോളം ഒരു സംഭാവന (contribution) മാത്രമാണ്. പക്ഷേ എന്നെ സംബന്ധിച്ചിടത്തോളമോ? അത് എന്റെ ജീവൻ തന്നെ നൽകുന്ന ഒരു പ്രതിബദ്ധതയാണ് (commitment)."

ആട്ടിൻകുട്ടി പറഞ്ഞതിന്റെ പൊരുൾ ഇങ്ങനെ: പ്രഭാതഭക്ഷണത്തിൽ ഓംലെറ്റ് ഉണ്ടാക്കാൻ മുട്ടനൽകുന്നതു താറാവിന്റെ ഒരു സംഭാവന മാത്രമാണ്. മുട്ട നൽകിക്കഴിഞ്ഞും താറാവിന്റെ ജീവിതം സാധാരണ പോലെ തുടരും. ഇതേസമയം , മട്ടൺകറി ഉണ്ടാകണമെങ്കിൽ ആട്ടിൻകുട്ടിക്കു നൽകേണ്ടിവരുന്നതു സ്വന്തം ജീവൻ തന്നെയാണ്!

ആത്മീയതയുമായി ബന്ധപ്പെട്ട രണ്ടുനിലപാടുകളെയാണു യഥാക്രമം താറാവും ആട്ടിൻകുട്ടിയും പ്രതിനിധാനം ചെയ്യുന്നത്. ആത്മീയതയോടുള്ള സമർപ്പണം പലരെ സംബന്ധിച്ചും ഒരു സംഭാവന നൽകുന്നതു പോലെ മാത്രമാണ്.

> ആത്മീയതയോടുള്ള സമർപ്പണം പലരെ സംബന്ധിച്ചും ഒരു സംഭാവന നൽകുന്നതു പോലെ മാത്രമാണ്. തൊലിപ്പുറമേയുള്ള കാര്യം. അവരുടെ ജീവനെ അതു സ്പർശിക്കുന്നില്ല. ഇവരുടെ ജീവിതം വാസ്തവത്തിൽ ഭൗതികമെന്നും ആത്മീയമെന്നും രണ്ടായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഞായറാഴ്ച മാത്രം എടുത്തണിയാനുള്ള ഒരാഭരണമാണ് അവർക്ക് ആത്മീയത. ആത്മീയത അവരെ സംബന്ധിച്ചിടത്തോളം ഒരു 'സംഭാവന നൽകൽ' മാത്രമാണ്.

തൊലിപ്പുറമേയുള്ള കാര്യം. അവരുടെ ജീവനെ അതു സ്പർശിക്കുന്നില്ല. ഇവരുടെ ജീവിതം വാസ്തവത്തിൽ ഭൗതികമെന്നും ആത്മീയമെന്നും രണ്ടായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഞായറാഴ്ച മാത്രം എടുത്തണിയാനുള്ള ഒരാഭരണമാണ് അവർക്ക് ആത്മീയത. ആത്മീയത അവരെ സംബന്ധിച്ചിടത്തോളം ഒരു 'സംഭാവന നൽകൽ' മാത്രമാണ്. എന്നാൽ ഒരു ന്യൂനപക്ഷത്തിനു സമർപ്പണം മുഴു ജീവിതവും ഉൾക്കൊള്ളുന്ന ഒരു പൂർണ്ണ പ്രതിബദ്ധതയാണ് (Total commitment). അവരുടെ ജീവിതം ആത്മീയമെന്നും ഭൗതികമെന്നും രണ്ടായി മുറിഞ്ഞു കിടക്കുന്നില്ല. അതു രണ്ടും ചേർന്ന അഖണ്ഡമായ ഒന്നാണ്. പൂർണമായ, മുഴുവനായ, മൊത്തത്തിലുള്ള, ഒരേയൊരു ആകമാന ജീവിതം– ആ ജീവിതം ദൈവത്തിന്. ഇതൊരു പൂർണ്ണ പ്രതിബദ്ധതയാണ്. കേവലം ഉപരിതല സ്പർശിയായ ഒരു സമർപ്പണമല്ലിത്. ആഴത്തിലുള്ള ഒന്ന്. പ്രകടമായി ആത്മീയമെന്നു തോന്നാത്ത, ദൈനംദിനകാര്യങ്ങളോടു ചേർന്നു നിൽക്കുന്ന ഒട്ടേറെ ഭൗതിക കർത്തവ്യങ്ങളിൽ അവർ വ്യാപൃതരാകുന്നുണ്ട്. എന്നാൽ അതും ദൈവമുൻപാകെ ചെയ്യുന്നതാകയാൽ അതിലും ദൈവപ്രസാദം പൂർണ്ണമായുണ്ട്.

ഇതിന് ഉദാഹരണം നസ്രേത്തിലെ യേശു തന്നെയാണ്. 30 വയസ്സുവരെ ഒരു തച്ചന്റെ പണിയാണു താൻ ചെയ്തിരുന്നത്. പന്ത്രണ്ടാം വയസ്സിൽ യെരുശലേം ദേവാലയത്തിൽ താൻപോയി എന്നുള്ളതൊഴിച്ചാൽ ആത്മീയമെന്നു തോന്നാവുന്ന ഒരു കാര്യത്തിലും താൻ ഏർപ്പെട്ടതായി സുവിശേഷങ്ങൾ സാക്ഷിക്കുന്നില്ല. എന്നാൽ 30 വയസ്സിൽ യോഹന്നാൻ സ്നാപകന്റെ കൈക്കീഴിൽ യോർദാൻ കടവിൽ സ്നാനം ഏറ്റ് പരസ്യമായ ശുശ്രൂഷയ്ക്കിറങ്ങുമ്പോൾ താൻ പിന്നിട്ട മുഴുജീവിതത്തേയും വിലയിരുത്തി സ്വർഗത്തിൽ നിന്ന് ഇങ്ങനെ ഒരശരീരി ഉണ്ടായതായി നാം സുവിശേഷങ്ങളിൽ വായിക്കുന്നു– 'ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു'. 30 വർഷത്തെ മരപ്പണിക്കാരന്റെ ആ ജീവിതവും ദൈവമുൻപാകെയുള്ള പൂർണ്ണപ്രതിബദ്ധത മൂലം ദൈവപ്രസാദമുള്ള സമ്പൂർണ്ണ ജീവിതമായിരുന്നു എന്നതിലേക്കല്ലേ ഇതു വിരൽ ചൂണ്ടുന്നത്?

പ്രതിബദ്ധതയുള്ള ഇത്തരമൊരു ജീവിതത്തിനു പൂർണ്ണമായി സമർപ്പി

ക്കുന്നതിൽ നിന്നു പലരേയും പിൻതിരിപ്പിക്കുന്നതു ഭയമാണ്. അത്തരം ഒരു ജീവിതത്തിന് ഒരു രസവും ഉണ്ടാവുകയില്ല. ഒട്ടേറെ 'അരുതു'കളുടെ ഒരു ജീവിതമായിരിക്കാം അത്. ഒരു കാര്യത്തിലും അതിരുകടന്ന ഒരു നിലപാടെടുക്കാതിരിക്കുകയാണു നല്ലത്– ഇങ്ങനെ പോകുന്നു അവരുടെ പേടിയും ആശങ്കകളും. ദൈവസ്വഭാവത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണയാണ് ഇത്തരമൊരു പേടിയുടെ കാരണം. ദൈവത്തെ സ്നേഹവാനായ പിതാവായി ബൈബിൾ വിവരിക്കുന്നു. ഇങ്ങനെ ദൈവത്തെ കണ്ടാൽ ഈ പേടി അസ്ഥാനത്താണ്. ഈ ലോകത്തിലെ ഒരു പിതാവിനെ അനുസരിക്കാതെ ദുശ്ശാഠ്യക്കാരനായി നടന്ന ഒരു ബാലൻ ഒരു ദിവസം പിതാവിനോട് ഇങ്ങനെ പറഞ്ഞു എന്നിരിക്കട്ടെ: 'അച്ഛാ ഇത്രയും നാൾ ഞാൻ അങ്ങയെ അനുസരിക്കാതെ എന്റെ ഇഷ്ടം പോലെ ദുശ്ശാഠ്യക്കാരനായി ജീവിച്ചു. എന്നാൽ ഇന്നു മുതൽ ഞാൻ അതിൽ നിന്നു മാറുകയാണ്. ഇനി അച്ഛൻ എന്തു പറഞ്ഞാലും ഞാൻ പൂർണ്ണമായി അനുസരിച്ചു കീഴ്പ്പെട്ട് അങ്ങയെ സന്തോഷിപ്പിക്കുന്ന ഒരു ജീവിതം ജീവിക്കാൻ തീരുമാനിക്കുന്നു'. ഈ വാക്കുകൾ കേൾക്കുന്ന പിതാവിന്റെ മനോഭാവം എന്തായിരിക്കും?

'ഹാ! ഒടുവിൽ എനിക്കൊരവസരം കിട്ടിയിരിക്കുന്നു. എന്തുപറഞ്ഞാലും ഇനി ഇവൻ അനുസരിച്ചുകൊള്ളുമല്ലോ! ഇവനെ എന്റെ കൈയിൽ കിട്ടി. ഇവന്റെ ജീവിതം ഞാൻ ഇനി അങ്ങേയറ്റം ദുസ്സഹമാക്കിത്തീർക്കും'– എന്നിങ്ങനെ ഏതെങ്കിലും പിതാവു ചിന്തിക്കുമോ? ഇല്ല, സ്നേഹവാനായ ഒരു പിതാവും

**സമർപ്പണം മുഴു ജീവിതവും ഉൾക്കൊള്ളുന്ന ഒരു പൂർണ്ണ പ്രതിബദ്ധതയായിട്ടുള്ളവരുടെ ജീവിതം ആത്മീയമെന്നും ഭൗതികമെന്നും രണ്ടായി മുറിഞ്ഞു കിടക്കുന്നില്ല. അതു രണ്ടും ചേർന്ന അഖണ്ഡമായ ഒന്നാണ്. പൂർണമായ, മുഴുവനായ, മൊത്തത്തിലുള്ള, ഒരേയൊരു ആകമാന ജീവിതം– ആ ജീവിതം ദൈവത്തിന്. ഇതൊരു പൂർണ്ണ പ്രതിബദ്ധതയാണ്. കേവലം ഉപരിതല സ്പർശിയായ ഒരു സമർപ്പണമല്ലിത്. ആഴത്തിലുള്ള ഒന്ന്.**

അങ്ങനെ ചിന്തിക്കുകയില്ല. മറിച്ച്, 'എന്റെ മകൻ ഇന്നു മുതൽ നല്ല കുട്ടിയായിരിക്കാൻ തീരുമാനിച്ചത് എന്നോടുള്ള സ്നേഹത്തെ പ്രതിയാണല്ലോ. അതുകൊണ്ട് ഞാൻ ഇനി അവന്റെ ജീവിതം പരമാവധി ആനന്ദകരവും മനോഹരവുമാക്കും. ഇതിനുവേണ്ടി എനിക്കു കഴിയുന്നതെല്ലാം ഞാൻ ചെയ്യും. ഞാൻ അവന്റെ ഭാവി ശോഭനമാക്കിത്തീർക്കും': ഇങ്ങനെയല്ലേ ഏതു പിതാവും ചിന്തിക്കുകയുള്ളൂ? എങ്കിൽ, ഏതു മാനുഷിക പിതാവിനെക്കാളും സ്നേഹവാനും കരുതലുള്ളവനുമായ സ്വർഗീയ പിതാവ് തന്റെ മുൻപിൽ പൂർണ്ണമായി കീഴടങ്ങുന്ന നമ്മുടെ ജീവിതത്തെ അങ്ങേയറ്റം മനോഹരമാക്കിത്തീർക്കാനല്ലേ ശ്രമിക്കൂ? മറിച്ചുള്ള പേടികളെല്ലാം അസ്ഥാനത്തല്ലേ?

**ജോജി ടി. സാമുവൽ**

❖

# പ്രസിദ്ധീകരണം അവസാനിപ്പിക്കുന്നു; സഹകരണത്തിനു നന്ദി

2000 ജനുവരിയിലാണ് ജീവമൊഴികൾ മാസിക ഇന്നത്തെ നിലയിൽ പ്രസിദ്ധപ്പെടുത്താൻ തുടങ്ങിയത്. അതിനും മുൻപ് ചില വർഷങ്ങൾ ജീവമൊഴി സ്വകാര്യ വിതരണത്തിനുള്ള ഒരു പത്രികയായി പ്രസിദ്ധീകരിച്ചിരുന്നു.

ജീവമൊഴികൾ മാസിക ഈ ലക്കത്തോടെ താല്ക്കാലികമായി പ്രസിദ്ധീകരണം അവസാനിപ്പിക്കുകയാണ്. പുസ്തകങ്ങളുടെ പ്രസിദ്ധീകരണത്തിൽ കൂടുതൽ ശ്രദ്ധിക്കുന്നതിനുവേണ്ടിയാണിത്. ബൈബിളിലെ 66 പുസ്തകങ്ങളുടെയും വ്യാഖ്യാനമായ Through the Bible എന്ന ബൃഹദ്ഗ്രന്ഥത്തിന്റെ മലയാള പരിഭാഷ ഉൾപ്പെടെയുള്ള പുസ്തകങ്ങളുടെ പ്രസിദ്ധീകരണമാണു വരും നാളുകളിൽ ലക്ഷ്യമിടുന്നത്. ഇത്രയും നാൾ ജീവമൊഴിയുടെ വരിക്കാരും വായനക്കാരുമായിരുന്ന എല്ലാവരോടുമുള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു.

ജീവമൊഴികൾ മാസികയുടെ വെബ്സൈറ്റ് തുടർന്നും നിലവിലുണ്ടാകും. ലേഖനങ്ങളും സന്ദേശങ്ങളും അവസരോചിതംപോലെ ഇടുന്നത് അവയിൽ വായിക്കാവുന്നതാണ്. ബ്രദർ സാക് പുന്നന്റെ സന്ദേശങ്ങൾ, ഓഡിയോ/വീഡിയോ, ബൈബിൾ പഠനങ്ങൾ എന്നിവ www.cfcindia.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കൂടതെ, cfc bible study app ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാം. നിങ്ങളുടെ ഇ-മെയിൽ വിലാസം jeevamozhikal@gmail.com ലേക്ക് അയച്ച് ആവശ്യപ്പെട്ടാൽ മലയാളത്തിലും ഇംഗ്ലീഷിലുമുള്ള word for the week ഓരോ ആഴ്ചയും അയച്ചുതരാം. അതുപോലെ www.jeevamozhikal.org എന്ന സൈറ്റിൽ ജീവമൊഴി പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ചിട്ടുള്ള എല്ലാ പുസ്തകങ്ങളും ലഭ്യമാണ്. അവ വായിക്കുകയും ഡൗൺലോഡു ചെയ്ത് ഉപയോഗിക്കുകയും ചെയ്യാം. കൂടാതെ നിങ്ങളുടെ അടുത്തുള്ള ക്രിസ്ത്യൻ ഫെലോഷിപ്പ് ചർച്ച് (സി.എഫ്.സി) സഭകളുമായി താഴെപ്പറയുന്ന നമ്പറിൽ ബന്ധപ്പെട്ടാൽ പുസ്തകങ്ങളും സി.ഡികളും നേരിൽ എത്തിക്കുകയും പ്രാർത്ഥന, കൂട്ടായ്മ സഹായങ്ങൾ നൽകുകയും ചെയ്യും: തിരുവനന്തപുരം 9496100850, ആലപ്പുഴ 9447597048, കായംകുളം 9446462643, തിരുവല്ല 9562443142, കോഴഞ്ചേരി 9446650658, പെരുവ 9446096355, കാക്കനാട് 9446095370, അടിമാലി 9446556890, തൃശ്ശൂർ 9349745575, പാലക്കാട് 9495228673, കോഴിക്കോട് 9446646238, നെല്ലിപ്പൊയ്യിൽ 9495575692, വയനാട് 9947501236.

ഇതെല്ലാം തീർത്തും സൗജന്യമാണ്.

വരിക്കാരിൽ പലരുടേയും വാർഷിക വരിസംഖ്യയുടെ കാലാവധി 2018 ഡിസംബറോടെ അവസാനിക്കുന്നു. എന്നാൽ വരിസംഖ്യയുടെ കാലാവധി മുന്നോട്ടുള്ളവർക്ക് ആ തുകയ്ക്കു തുല്യമായ പുസ്തകങ്ങളോ മുൻവർഷങ്ങളിലെ മാസികകളുടെ വാർഷിക ബൗണ്ട് വാല്യങ്ങളോ ആവശ്യാനുസരണം നൽകും. അതല്ല, പണമായി മടക്കിവേണ്ടവർക്ക് അങ്ങനെയും നൽകുന്നതാണ്. ഇക്കാര്യങ്ങൾക്കായി വരിസംഖ്യയുടെ കാലാവധി അവസാനിക്കാത്തവരുമായി വരുംദിവസങ്ങളിൽ ജീവമൊഴി ഓഫീസിൽനിന്നു ബന്ധപ്പെടുന്നതാണ്. അഥവാ ഒരു മാസത്തിനുള്ളിൽ ബന്ധപ്പെടാത്ത പക്ഷം 8281027519 എന്ന നമ്പറിലേക്കു തിരിച്ചു വിളിക്കുവാൻ അപേക്ഷ.

സഹകരണത്തിനു നന്ദി. ദൈവം നിങ്ങളെ ധാരാളമായി അനുഗ്രഹിക്കട്ടെ!

സ്നേഹാദരങ്ങളോടെ, **ജീവമൊഴി പ്രവർത്തകർ**

അനുഭവസാക്ഷ്യം

# പരിശുദ്ധാത്മസ്നാനം: എന്റെ അനുഭവം

ആനി പുന്നൻ

എന്റെ ഭർത്താവ് സാക്പുന്നൻ ഒരു നാവിക ഉദ്യോഗസ്ഥനായിരുന്നു. ജോലി ചെയ്തു കൊണ്ടിരിക്കവേ, കർത്താവിന്റെ വേലയ്ക്കായി താൻ നാവികസേനയിൽനിന്നു രാജിവച്ചു. അദ്ദേഹം രാജിവച്ചപ്പോൾ താൻ നാവികസേനയിൽ ജോലി ചെയ്തുണ്ടാക്കിയ സമ്പാദ്യങ്ങളെല്ലാം ദൈവവേലയ്ക്കായി കൊടുക്കുകയുണ്ടായി. അതിനുശേഷം അദ്ദേഹത്തിന് ഒരു വരുമാനം ഉണ്ടായിരുന്നില്ല. ഞങ്ങൾ ഒരുമിച്ച് ഞങ്ങളുടെ ആവശ്യങ്ങൾക്കായി പ്രാർത്ഥിക്കുകയും പൂർണ്ണമായി കർത്താവിനെ ആശ്രയിക്കുകയും ചെയ്തു. എന്നാൽ അധികം താമസിയാതെ സ്ഥിരമായ വരുമാനം കൂടാതെയുള്ള ജീവിതം എത്ര ബുദ്ധിമുട്ടാണെന്ന് ഞാൻ കണ്ടെത്തി. ഒരു വീട് വാടകയ്ക്കെടുക്കാൻ പോലുമുള്ള പണം ഞങ്ങൾക്കുണ്ടായിരുന്നില്ല. അതുകൊണ്ട് എന്റെ ഭർത്താവിന്റെ മാതാപിതാക്കളുടെ ഭവനത്തിലെ ഒരു മുറിയിൽ ഞങ്ങൾക്ക് താമസിക്കേണ്ടതായി വന്നു. ഞങ്ങൾക്ക് ആദ്യത്തെ മകൻ ജനിച്ചതിനു ശേഷം ഞങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾ വളരെ വർദ്ധിച്ചു. ഞങ്ങൾക്ക് അല്പമായി കിട്ടുന്നതിൽ നിന്നും ജീവിക്കാൻ ഞങ്ങൾ വളരെ ബുദ്ധിമുട്ടി.

എന്റെ വിവാഹം നടക്കുന്നതുവരെ (ജൂൺ 1968) ഞാൻ പഠിച്ചിരുന്ന മെഡിക്കൽ കോളജിലും ജോലി ചെയ്തിരുന്ന ആശുപത്രിയിലും ദൈവവേലയിൽ ഞാൻ വളരെ സജീവമായിരുന്നു. എന്നാൽ ഏകദേശം രണ്ടു വർഷത്തിനുശേഷം, എന്റേതല്ലാത്ത ഒരു ഭവനത്തിൽ അധികം പണമില്ലാതെയും ഒരു കുഞ്ഞിനെ നോക്കിയും ഞാൻ വെറുതെ ഇരിക്കുകയായിരുന്നു. ഞാൻ വളരെ നിരുത്സാഹപ്പെട്ടു. എന്റെ മനസ്സ് കർത്താവിൽ നിന്ന് മെല്ലെ അകലുവാൻ തുടങ്ങി. ഞാൻ പുറമെ ഒരു തെറ്റും ചെയ്തിരുന്നില്ല. അപ്പോഴും ഞാൻ സഭായോഗങ്ങളിൽ പോകുന്നുണ്ടായിരുന്നു. പക്ഷേ, അകമെ ഞാൻ വളരെ കഷ്ടത്തിലായിരുന്നു. സഹോദരൻ സാക്കിനെ വിവാഹം കഴിക്കുന്നതിലേക്ക് ദൈവമാണ് നയിച്ചതെന്ന് എനിക്ക് അറിയാമായിരുന്നു. പക്ഷേ, എന്തുകൊണ്ടാണ് ഞങ്ങൾ ഇങ്ങനെ കഷ്ടമനുഭവിക്കുന്നതെന്ന് ഞാൻ ആശ്ചര്യപ്പെട്ടു. എനിക്ക് വേദപുസ്തകം വായിക്കുന്നതിനോ പ്രാർത്ഥിക്കുന്നതിനോ താൽപ്പര്യം തോന്നിയില്ല. മാത്രമല്ല, ഞങ്ങളുടെ കുഞ്ഞ് രാത്രിയിൽ എന്നെ മിക്കപ്പോഴും ഉണർത്തുന്നതുകൊണ്ട് ഞാൻ നിരന്തരം ക്ഷീണിതയായി.

ഞാൻ ഇങ്ങനെ തീർത്തും നിരുത്സാഹത്തിലായിരിക്കുമ്പോൾ,

ഞാൻ ഇതിനുമുമ്പ് കണ്ടിട്ടില്ലാത്ത ഒരു സഹോദരി ഞങ്ങളുടെ വീട്ടിൽ വന്നു. 'നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കാൻ കഴിയുമോ?' എന്ന് ആ സഹോദരി എന്നോട് ചോദിച്ചു. ഞാൻ സമ്മതിക്കുകയും അവരെ എന്റെ കിടപ്പുമുറിയിലേക്ക് കൊണ്ടുപോവുകയും ചെയ്തു. ഞങ്ങൾ ഒരുമിച്ച് പ്രാർത്ഥിച്ചു. അവരുടെ ഉന്മേഷം പകരുന്ന പ്രാർത്ഥന എന്നെ വെല്ലുവിളിച്ചു. എന്റെ ജീവിതത്തിലും അത്തരമൊരു പുതു അനുഭവത്തിനായി ഞാൻ ദാഹിച്ചു. അടുത്ത തവണ പ്രാർത്ഥനയ്ക്കായി ഞാൻ അവരുടെ ഭവനത്തിലേക്ക് വരണമെന്ന് അവർ അഭിപ്രായപ്പെട്ടു. അതുകൊണ്ട് അടുത്ത തവണ ഞാൻ എന്റെ കുഞ്ഞിനേയും കൊണ്ട് അവരുടെ ഭവനത്തിലേക്ക് പോയി. ഞങ്ങൾ രണ്ടുപേരും താഴെ തറയിൽ മുട്ടുകുത്തി പ്രാർത്ഥിച്ചു. ആ സമയം എന്റെ കുഞ്ഞ് ഞങ്ങളുടെ മദ്ധ്യത്തിൽ കിടന്നുറങ്ങുകയായിരുന്നു. ഞാൻ ഇങ്ങനെ പ്രാർത്ഥിച്ചു: "കർത്താവേ, എന്റെ ജീവിതത്തിൽ എന്തോ സംഭവിച്ചിരിക്കുന്നു. ഒരിക്കൽ ഞാൻ നിന്നോട് വളരെ അടുപ്പമുള്ളവളായിരുന്നു. എന്നാൽ ഇപ്പോൾ ഞാൻ നിന്നിൽ നിന്ന് വളരെ അകന്നിരിക്കുന്നു. ദയവായി എന്നോട് കരുണയുണ്ടായി എന്നെ നിന്നിലേക്ക് തിരികെ കൊണ്ടുവരണമേ".

അപ്പാൾ എന്റെ ഹൃദയത്തിൽ ചില ആളുകളോട് എനിക്കുണ്ടായിരുന്ന തെറ്റായ മനോഭാവങ്ങൾ കർത്താവ് എന്നെ കാണിക്കുവാൻ തുടങ്ങി. എന്റെ പിതാവും ഞാനും പരസ്പരം അകന്നു പോയിരുന്നു. എന്റെ ഭർത്താവിന്റെ മാതാപിതാക്കൾ നല്ലവരായിരുന്നു. എങ്കിലും അത് എന്റെ ഭവനമല്ലാത്തതിനാൽ ഞാൻ അവിടെ സന്തോഷവതിയായിരുന്നില്ല. കർത്താവ് എന്റെ കണ്ണുകൾ തുറക്കുകയും പ്രശ്നം മറ്റുള്ളവരുടേതല്ലെന്നും എന്റേതാണെന്നും കാണിക്കുകയും ചെയ്തു. അപ്പോൾ ഞാൻ നിലവിളിച്ചുകൊണ്ട് പറഞ്ഞു. "കർത്താവേ, എന്നോട് ക്ഷമിക്കണമേ. ഞാൻ ഒരു നികൃഷ്ഠയായ പാപിയാണ്. ഞാൻ നല്ലവളാണെന്ന് പുറമേ ആളുകൾക്കു തോന്നും. എന്നാൽ എന്റെ അകം മുഴുവനും കയ്പു നിറഞ്ഞതാണ്."

പെട്ടെന്ന് ദൈവം എന്റെ ഹൃദയത്തെ സ്പർശിക്കുന്നതായി ഞാൻ തിരിച്ചറിഞ്ഞു. അവിടുത്തെ കരങ്ങളിൽ ഒരു കൊച്ചുകുട്ടിയെപ്പോലെ എനിക്കു തോന്നി. അവൻ എന്നെ പിടിച്ചപ്പോൾ എന്റെ കണ്ണുനീർ നിലച്ചു. ഒരിക്കൽ കൂടി അവിടുന്ന് എന്റെ ഹൃദയത്തെ സന്തോഷവും സമാധാനവും കൊണ്ട് നിറച്ചു. ഞാൻ ദൈവത്തെ സ്തുതിച്ചുകൊണ്ട് നന്ദി പറയുവാൻ തുടങ്ങിയപ്പോൾ ഞാൻ ഒരു പുതിയ ഭാഷയിൽ സംസാരിക്കുന്നതായി എനിക്ക് ബോധ്യപ്പെട്ടു. ഞാൻ അത്ഭുതപ്പെട്ടുപോയി. എന്റെ സഭയുടെ പശ്ചാത്തലം 'ബ്രദറൺ' ആയിരുന്നു. അന്യഭാഷാഭാഷണം എന്ന വരത്തിൽ ഞാൻ വിശ്വസിച്ചിരുന്നില്ല. എനിക്ക് എന്താണ് സംഭവിക്കുന്നതെന്ന് ഞാൻ ആശ്ചര്യപ്പെട്ടു. അപരിചിതമായ ആ ഭാഷയിൽ പ്രാർത്ഥിച്ചു കൊണ്ടിരിക്കാൻ ഞാൻ ആഗ്രഹിച്ചില്ല. അതുകൊണ്ട് ഞാൻ വീണ്ടും ഇംഗ്ലീഷിൽ പ്രാർത്ഥിക്കുവാൻ തുടങ്ങി. പക്ഷേ ഇപ്പോൾ ഇംഗ്ലീഷിൽ പ്രാർത്ഥിക്കുവാൻ ഞാൻ ബുദ്ധിമുട്ടി. ദൈവം തന്ന ഈ പുതു ഭാഷയിൽ പ്രാർത്ഥിക്കുന്നത് വളരെ എളുപ്പമായി എനിക്ക് തോന്നി. ഞാൻ

എന്റെ ഹൃദയത്തെ കർത്താവിങ്ക ലേക്ക് പകരുകയും ഈ പുതുഭാഷ യിൽ ദൈവത്തെ സ്തുതിക്കയും ചെയ്തു. ആ സമയം ഞാൻ ഭൂമി യിൽ അല്ലാത്തതുപോലെ എന്റെ ആത്മാവിൽ എനിക്ക് അനുഭവപ്പെട്ടു. എന്റെ ഹൃദയത്തിൽ വലിയ സന്തോ ഷവും സമാധാനവും ഉണ്ടായി. ഞാൻ വീട്ടിൽ തിരിച്ചെത്തി. എന്താണ് സംഭവിച്ചതെന്ന് എന്റെ ഭർത്താവിനോട് പറഞ്ഞു. വരും ദിവ സങ്ങളിൽ എന്റെ ജീവിതത്തിൽ യഥാർത്ഥമായ ഒരു മാറ്റം അദ്ദേഹം കണ്ടു. ഒരു നവ്യമായ അനുഭവം എന്റെ ജീവിതത്തിൽ വന്നു. എന്റെ ഹൃദയത്തിലെ വരണ്ട, തരിശായ അവസ്ഥയിൽ നിന്നു പുതുമയി ലേക്കും പച്ചപ്പിലേക്കും എന്റെ ജീവിതം മാറിയതായി എനിക്ക് അനു ഭവപ്പെട്ടു! ആ സന്തോഷവും സമാ ധാനവും അന്നുമുതൽ എന്നെ വിട്ടു മാറിയതേയില്ല.

അതിനുശേഷം ഞങ്ങളെ എതിർക്കുന്ന മറ്റ് ആളുകളിൽനിന്നും പലവിധമായ പരീക്ഷകൾ ഞങ്ങൾക്ക് കുടുംബമായി നേരിടേ ണ്ടതായി വന്നിട്ടുണ്ട്. എന്നാൽ ഇവ യൊന്നും ദൈവവുമായുള്ള എന്റെ ബന്ധത്തിൽനിന്നു പിന്നീട് ഒരി ക്കലും എന്നെ അകറ്റിയിട്ടില്ല.

ഞങ്ങളുടെ നാലാമത്തെ മകന്റെ ജനനത്തിനുശേഷം പെട്ടെന്ന് എനിക്ക് വാതരോഗം പിടിപെടു കയും മിക്കവാറും എല്ലാ സമയത്തും കിടക്കയിൽ തന്നെ ആകേണ്ടി വരി കയും ചെയ്തു. ആ സമയത്തും കർത്താവ് സന്തോഷത്തിലും സമാ ധാനത്തിലും എന്റെ ഹൃദയത്തെ സൂക്ഷിച്ചു. ഒരു മാസത്തിനുശേഷം കർത്താവ് എന്നെ അത്ഭുതകരമായി സൗഖ്യമാക്കി.

1975 ഓഗസ്റ്റ് മാസത്തിൽ ഞങ്ങ ളുടെ ഭവനത്തിൽ കർത്താവ് ഒരു സഭ ആരംഭിച്ചു. തുടർന്ന് ഇന്ത്യ യിലെ മറ്റു ക്രിസ്ത്യാനിക ളിൽനിന്നും ധാരാളം എതിർപ്പുകൾ ഞങ്ങൾ നേരിട്ടു. ഞങ്ങളുടെ കുടും ബത്തിന്റെ ആവശ്യങ്ങൾ നിറവേ റ്റാനും ഞങ്ങൾ ബുദ്ധിമുട്ടി. ഈ സാഹചര്യങ്ങളിലെല്ലാം ദൈവം എന്റെ ഒപ്പം നിൽക്കുകയും എന്നെ ശക്തീകരിക്കുകയും എന്റെ പ്രാർത്ഥ നയ്ക്ക് മറുപടി നൽകുകയും ചെയ്തു. ഞാൻ ദൈവത്തെ എന്റെ പിതാവെന്ന നിലയിൽ കൂടുതൽ അടുത്തറിയാൻ ഇടയായി തീർന്നു.

ദൈവം ക്രിസ്തുവിൽ സ്ഥാപിച്ച പുതിയനിയമത്തിന്റെ മഹത്തായ സത്യങ്ങൾ മനസ്സിലാക്കാൻ ദൈവം എന്റെ കണ്ണുകൾ തുറന്നു. ഇനിയും ഒരിക്കലും എനിക്കുവേണ്ടി മാത്രം ജീവിച്ചിരിക്കുന്നതിനല്ല പിന്നെയോ അവിടുത്തേക്ക് മാത്രം ജീവിക്കുന്ന തിനാണ് ദൈവം എനിക്ക് പരിശുദ്ധാ ത്മാവിന്റെ ശക്തി പകർന്നു തന്ന തെന്ന് അവിടുന്ന് എനിക്ക് കാണിച്ചു തന്നു. യേശുവിന്റെ സ്വരൂപത്തി ലേക്ക് എന്നെ രൂപാന്തരപ്പെടുത്തു വാൻ ദൈവം ആഗ്രഹിക്കുന്നുവെന്ന് ഞാൻ കണ്ടു - ദൈവം എന്നെ സാവധാനത്തിൽ രൂപാന്തരപ്പെടു ത്തുവാൻ ആരംഭിച്ചു. അവിടുന്ന് എന്നെ സഹിഷ്ണുത പഠിപ്പിക്കു കയും എന്റെ കോപത്തെ ജയിക്കു വാൻ എന്നെ സഹായിക്കുകയും മനുഷ്യരോടുള്ള സ്നേഹത്താൽ എന്റെ ഹൃദയത്തെ നിറയ്ക്കുകയും ചെയ്തു.

("ദൈവം എനിക്കു ചെയ്തത്" എന്ന പുസ്തകത്തിൽനിന്ന്)

**മൊഴിമാറ്റം: റോജി**

❖





*ബൈബിളിലൂടെ........*

**യാക്കോബിന്റെ ലേഖനം**

# വിശ്വാസത്തിന്റെ പ്രവൃത്തി

പുതിയ നിയമപുസ്തകങ്ങളിൽ ആദ്യം എഴുതപ്പെട്ട ഒന്നായിരിക്കണം യാക്കോബിന്റെ ലേഖനം. പെന്തക്കോസ്തു നാളിനു പതിനാറോ പതിനേഴോ വർഷങ്ങൾക്കുശേഷം എഴുതപ്പെട്ടെന്നാണു കരുതുന്നത്. സുവിശേഷങ്ങളെല്ലാം എഴുതപ്പെടുന്നതിനും മുൻപ് എഴുതിയിട്ടുള്ളതാണിത്.

ഇത് പുതിയ നിയമത്തിലെ ആദ്യ പുസ്തകമാണെങ്കിൽ ഇതിൽ കാണുന്ന "യഥാർത്ഥ വിശ്വാസം പ്രവൃത്തി ഉളവാക്കുന്നു" എന്ന പ്രധാന സന്ദേശം വളരെ ശ്രദ്ധേയമായി നമുക്കു കാണാം. "രക്ഷ ന്യായപ്രമാണത്തിന്റെ പ്രവൃത്തിയാലല്ല വിശ്വാസത്താലാണ്" എന്ന സന്ദേശമാണ് യെഹൂദ ക്രിസ്ത്യാനി



*ഒരു കടൽത്തീരത്തു തിരമാലകൾ വന്നു പോകുന്നത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? വിശ്വാസമില്ലാത്ത മനുഷ്യൻ അങ്ങനെയാണ്. അവൻ ഒരു നിമിഷം ദൈവത്തിൽ വിശ്വസിക്കുന്നു. അടുത്ത നിമിഷം അവന്റെ വിശ്വാസം നഷ്ടപ്പെടുന്നു.*

കൾ ആ കാലഘട്ടത്തിൽ കേട്ടുകൊണ്ടിരുന്നത്. അത് അന്ന് വളരെ തെറ്റിദ്ധരിക്കപ്പെട്ടിരുന്നു. ഇന്നും അത് തെറ്റിദ്ധരിക്കപ്പെട്ട സന്ദേശമാണ്. വിശ്വാസമെന്നത് ബുദ്ധിപരമായ ഒന്നാണെന്ന് അവർ കരുതി. അതുകൊണ്ട് യേശുവിൽ വിശ്വസിക്കുക മാത്രം മതി ജീവിതം എങ്ങനെയായിരുന്നാലും കുഴപ്പമില്ല എന്നവർ കരുതി.

ഈയൊരു വലിയ പിശകു തിരുത്തുവാനാണ് യാക്കോബ് ഈ ലേഖനം എഴുതിയത്. അതുകൊണ്ട് തന്നെ ഈ പിശക് ആവർത്തിക്കുന്ന ഇന്നത്തെ ക്രിസ്ത്യാനിക്കും ഈ ലേഖനം വളരെ പ്രാധാന്യമുള്ളതായി തീരുന്നു.

ഒന്നാം അദ്ധ്യായത്തിൽ യാക്കോബ് പ്രലോഭനങ്ങളുടെ മേൽ ജയം നേടി പാപം ചെയ്യാതിരിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്ന വിശ്വാസത്തെ സംബന്ധിച്ച് പറയുന്നു. രണ്ടാം അദ്ധ്യാത്തിൽ ധനികരോടു പക്ഷാഭേദം കാണിക്കാതെ എല്ലാവരേയും ഒരുപോലെ സ്നേഹിക്കുവാൻ തക്ക സ്നേഹം നമ്മിൽ ഉളവാക്കുന്ന വിശ്വാസത്തെ സംബന്ധിച്ച് പറയുന്നു. നാലും അഞ്ചും അദ്ധ്യായങ്ങളിൽ വിശ്വാസത്താൽ നാം ലോകത്തിന്റെ ആത്മാവിൽ നിന്നും വേർപ്പെടുന്നതിനെക്കുറിച്ചും അങ്ങനെ നമ്മുടെ ജീവിതത്തിൽ വിശുദ്ധിയും ക്ഷമയും ഉണ്ടാകുന്നതിനെക്കുറിച്ചും യാക്കോബ് പറയുന്നു.

യാക്കോബിന്റെ പ്രധാനഹൃദയഭാരം യഥാർത്ഥ വിശ്വാസം പ്രവൃത്തിയുളവാക്കുന്നു എന്നത് പഠിപ്പിക്കണമെന്നതായിരുന്നു. അല്ലെങ്കിൽ വിശ്വാസമെന്നു വിളിക്കുന്നത് വ്യാജമാണെന്നു പറയണം. വിശ്വാസം പണം പോലെയാണ്. യഥാർത്ഥമായതും വ്യാജമായതും ഉണ്ട്. നിങ്ങൾ കഷ്ടപ്പെട്ട് വേല ചെയ്ത് കുറെയധികം പണം സമ്പാദിച്ച് കഴിയുമ്പോൾ ഒരു ധനികനാണെന്നു സ്വയം കരുതാം. എന്നാൽ ആ പണം ഒരു ബാങ്കിൽ നിക്ഷേപിക്കുവാൻ ചെല്ലുമ്പോൾ നിങ്ങൾ അറിയുന്നു നിങ്ങളുടെ പക്കലുള്ളതെല്ലാം വ്യജനോട്ടുകൾ ആയിരുന്നുവെന്ന്. അപ്പോൾ മാത്രമാണ് നിങ്ങൾ ചതിക്കപ്പെട്ടു എന്ന് അറിയുന്നത്. നിങ്ങളുടെ വിശ്വാസത്തിന്റെ കാര്യത്തിലും ഇതുപോലെ സംഭവിക്കാം. വ്യാജമായ വിശ്വാസം നിങ്ങളെ നരകത്തിലേയ്ക്കു കൊണ്ടുപോകുവാൻ ഇടയാകും. അതിനാലാണ് നിങ്ങളുടെ വിശ്വാസം പരിശോധിക്കണമെന്നതു പ്രാധാന്യമുള്ളതാകുന്നത്. നമ്മുടെ വിശ്വാസം യഥാർത്ഥമാണോ അല്ലയോ എന്നു പരിശോധിക്കുവാൻ നമ്മെ സഹായിക്കുന്ന ഒന്നാണ് യാക്കോബിന്റെ ലേഖനം.

അദ്ദേഹം തുടങ്ങുന്നത് ഇങ്ങനെയാണ്: "വിവിധ പരീക്ഷകൾ നേരിടുമ്പോൾ അത് തികച്ചും സന്തോഷമെന്നു കരുതുവിൻ" (1:2). നിങ്ങളുടെ വിശ്വാസം യഥാർത്ഥമാണെങ്കിൽ നിങ്ങൾ പരീക്ഷ നേരിടുമ്പോൾ സന്തോഷിക്കും. ഒരു 2000 രൂപാ നോട്ട് കള്ളനോട്ട് ആണോ അല്ലയോ എന്നു അറിയുവാൻ ശ്രമിക്കുന്നതു പോലെയാണിത്. അതിൽ നിങ്ങൾ ഭയപ്പെടുന്നതെന്തിന്? ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പിൽ നിൽക്കുമ്പോൾ നിങ്ങളുടെ വിശ്വാസം വ്യാജമായിരുന്നു എന്നറിയുന്നതിലും നല്ലതല്ലേ ഇപ്പോൾ ത്തന്നെ അറിയുന്നത്? അതിനാൽ ദൈവം ഒരു പരീക്ഷയിലേക്ക് നിങ്ങളെ കടത്തിവിടുമ്പോൾ നിങ്ങളുടെ

"ഞാൻ ദൈവത്തിൽ ആശ്രയിക്കുന്നു" എന്നു നിങ്ങൾ പറഞ്ഞേക്കാം. എന്നാൽ നിങ്ങൾക്കു ചെറിയ സാമ്പത്തിക ബുദ്ധിമുട്ട് വരുമ്പോൾ വ്യാകുലപ്പെടുവാനും പരാതി പറയുവാനും തുടങ്ങുന്നു. നിങ്ങൾക്കു സുഖമില്ലാതെ വന്നാൽ നിങ്ങൾ ദൈവത്തെ ചോദ്യം ചെയ്യാൻ തുടങ്ങും. അല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള എതിർപ്പ് നേരിടേണ്ടി വരുമ്പോൾ നിങ്ങൾ വിശ്വാസം നഷ്ടപ്പെട്ട് നിരാശപ്പെടുന്നു. ഈ ശോധനകളെല്ലാം നിങ്ങളുടെ വിശ്വാസം യഥാർത്ഥമാണോ എന്നു തെളിയിക്കുന്നവയാണ്.

വിശ്വാസം യഥാർത്ഥമാണോ എന്നു നിശ്ചയമായും അറിയുവാൻ കഴിയും. അതുകൊണ്ട് സന്തോഷിക്കുക.

നിങ്ങളൊരു വീട് പണിയുമ്പോൾ അതിന്റെ അടിസ്ഥാനം മാത്രം പണിതുകഴിയുമ്പോൾ ഒരു ഭൂമികുലുക്കമുണ്ടാകുന്നതല്ലേ പണി പൂർത്തിയായതിനുശേഷം ഭൂമികുലുക്കം ഉണ്ടാകുന്നതിനേക്കാൾ നല്ലത്? നിങ്ങൾ പണിത അടിസ്ഥാനത്തിന് എന്തെങ്കിലും ഇളക്കമുണ്ടോ എന്ന് അപ്പോൾ അറിയാൻ സാധിക്കുകയും അത് മാറ്റുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുകയും ചെയ്യും. ഇതുപോലെ നമ്മുടെ ക്രിസ്തീയജീവിതത്തിന്റെ തുടക്കത്തിൽ തന്നെ ശോധനകളിലൂടെ കടന്നുപോകുന്നത് നല്ലതാണ്. "ഞാൻ ദൈവത്തിൽ ആശ്രയിക്കുന്നു" എന്നു നിങ്ങൾ പറഞ്ഞേക്കാം. എന്നാൽ നിങ്ങൾക്കു ചെറിയ സാമ്പത്തിക ബുദ്ധിമുട്ട് വരുമ്പോൾ വ്യാകുലപ്പെടുവാനും പരാതി പറയുവാനും തുടങ്ങുന്നു. നിങ്ങൾക്കു സുഖമില്ലാതെ വന്നാൽ നിങ്ങൾ ദൈവത്തെ ചോദ്യം ചെയ്യാൻ തുടങ്ങും. അല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള എതിർപ്പ് നേരിടേണ്ടി വരുമ്പോൾ നിങ്ങൾ വിശ്വാസം നഷ്ടപ്പെട്ട് നിരാശപ്പെടുന്നു. ഈ ശോധനകളെല്ലാം നിങ്ങളുടെ വിശ്വാസം യഥാർത്ഥമാണോ എന്നു തെളിയിക്കുന്നവയാണ്.

മാത്രമല്ല, പരീക്ഷകൾ നമ്മളിൽ സഹിഷ്ണുതയെന്ന ഒരു നന്മ ഉളവാക്കുന്നുണ്ട്. വിശ്വാസവും സഹിഷ്ണുതയും ഒരുമിച്ചു പോകുന്ന കാര്യങ്ങളാണെന്ന് എബ്രായലേഖനത്തിൽ നാം കണ്ടു. നമ്മെ നില്ക്കാൻ പ്രാപ്തരാക്കുന്ന നമ്മുടെ രണ്ടു കാലുകൾ പോലെയാണത്. വിശ്വാസത്തോടു കൂടെ സഹിഷ്ണുത എപ്പോഴും നമുക്കാവശ്യമുണ്ട്. ഈ സഹിഷ്ണുത നമ്മിൽ ഒരു പ്രവൃത്തി ചെയ്യുവാൻ നാം അനുവദിച്ചാൽ അത് നമ്മെ ഒന്നിനും കുറവില്ലാത്ത പൂർണ്ണതയുള്ളവരാക്കും. (1:4). ഈ ലക്ഷ്യം അറിയുക– "ഒന്നിനും കുറവില്ലാതെ പക്വതയും പൂർണ്ണതയും ഉള്ളവർ". ആ ലക്ഷ്യത്തിൽ എത്തുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? ശോധനകളിലൂടെയാണ് അതിലേയ്ക്കുള്ള വഴി. അവിടെയെത്താൻ മറ്റൊരു മാർഗ്ഗവുമില്ല.

നാം ഇനിയും അവിടെ എത്തിയിട്ടില്ലാത്തതിനാൽ ഇനിയുമധികം ശോധനകളിലൂടെ പോകേണ്ടതായിട്ടുണ്ട്. എന്റെ ജീവിതത്തിൽ ഞാൻ എന്തെങ്കിലും ആത്മീയമൂല്യങ്ങൾ നേടിയിട്ടുണ്ടെങ്കിൽ അത് ദൈവം എന്നെ കടത്തിവിട്ട വിവിധ ശോധനകളിലൂടെയാണ്. എന്നാൽ ഒന്നിനും കുറവില്ലാത്ത പക്വതയും പൂർണ്ണ

തയും ഉള്ളവനാകുക എന്ന ലക്ഷ്യത്തിൽ എത്തുവാൻ ഇനിയും അനേകം ശോധനകളിലൂടെ ഞാൻ കടക്കേണ്ടതായിട്ടുണ്ട്. ദൈവം നമുക്കെല്ലാം വേണ്ടി വച്ചിരിക്കുന്ന ലക്ഷ്യമതാണ്. ഏതെങ്കിലും ഒരു ശോധനയിലൂടെ കടന്നുപോകുമ്പോൾ നിങ്ങളുടെ വിശ്വാസം യഥാർത്ഥമായിരുന്നില്ല എന്നു നിങ്ങൾ തിരിച്ചറിഞ്ഞാൽ അതിൽ നിരാശപ്പെടരുത്. അതു വെളിപ്പെടുത്തി തന്ന ദൈവത്തിനു നന്ദി പറഞ്ഞുകൊണ്ട് യഥാർത്ഥ വിശ്വാസം ലഭിക്കുന്നതിനു ദൈവത്തോടു പ്രാർത്ഥിക്കുക. ദൈവം അത് നിങ്ങൾക്കു നൽകും.

ശോധനകളെ നേരിടുവാൻ നമുക്കു വളരെ ആവശ്യമുള്ളത് ജ്ഞാനമാണ്. അതിനാൽ നാം ദൈവത്തോട് അത് ചോദിക്കണം. ആരെങ്കിലും നിങ്ങളോട് മോശമായി പെരുമാറി എന്നു കരുതുക. അവരോടു ദൈവികമായ രീതിയിൽ പ്രതികരിക്കുന്നതിനു നിങ്ങൾക്കു ജ്ഞാനം വേണം. അല്ലെങ്കിൽ സുവിശേഷ വിരോധികൾ നിങ്ങൾക്കു ബുദ്ധിമുട്ടുണ്ടാക്കുന്നു എന്നിരിക്കട്ടെ. അപ്പോഴും നിങ്ങൾക്കു ജ്ഞാനം വേണം. അതിനയി ചോദിക്കുക. ഇതാ ഇവിടെ ഉത്സാഹിപ്പിക്കുന്ന വചനം: “തന്നോട് യാചിക്കുന്നവരെ ദൈവം ഒരുനാളും ശാസിക്കുകയില്ല” (1:5). നമുക്കു വീഴ്ച സംഭവിച്ചപ്പോൾ നമ്മുടെ അദ്ധ്യാപകരും മാതാപിതാക്കളും പല തവണ നമ്മെ ശാസിച്ചിട്ടുണ്ട്. എന്നാൽ ദൈവം ഒരിക്കലും നമ്മെ ശാസിക്കുകയില്ല. അത് വലിയ ഉത്സാഹം തരുന്ന ഒരു അറിവാണ്. ദൈവഭക്തനായ ഒരു പിതാവ് തന്റെ മക്കളെ തിരുത്തും; എന്നാൽ ശാസിക്കുകയില്ല. നമ്മെക്കാൾ കുറഞ്ഞവരായി കാണുന്നവരെയാണ്

**ഏതെങ്കിലുമൊരു സാഹചര്യത്തിൽ നിങ്ങൾക്കു ജ്ഞാനം കുറവായി കണ്ടാൽ ദൈവത്തിന്റെ അടുക്കൽ ചെന്ന് അവിടുത്തോടു ചോദിക്കുക. അവിടുന്നു നിങ്ങൾക്കു നൽകും. എന്നാൽ ഒരു നിബന്ധന കൂടെയുണ്ട്. നിങ്ങൾ ചോദിക്കുമ്പോൾ വിശ്വാസത്തോടെ ചോദിക്കണം. അതുകൊണ്ട് വിശ്വസിക്കുക. നിങ്ങൾക്കു ജ്ഞാനം തരുവാൻ ദൈവം ആഗ്രഹിക്കുന്നു.**

നാം ശാസിക്കുന്നത്. നാം അവരെ വിഡ്ഢികളും, എല്ലാം കുഴച്ചു മറിക്കുന്നവരും എന്ന രീതിയിൽ കാണുന്നു. എന്നാൽ ദൈവം ആരേയും തുച്ഛീകരിക്കുന്നില്ല. അവിടുന്ന് ഇങ്ങനെയാണ് പറയുന്നത്. –“എന്റെ മകനെ നീ ചെയ്തത് തെറ്റിപ്പോയി. എന്നാൽ എങ്ങനെ വേണമെന്നു ഞാൻ നിന്നെ പഠിപ്പിക്കാം. അതിനുള്ള ജ്ഞാനവും തരാം. അങ്ങനെ അടുത്ത തവണ നിനക്കു ശരിയായി ചെയ്യുവാൻ കഴിയും.” ഇതാണ് ദൈവത്തിന്റെ വഴി. അത് എപ്പോഴും സൗമ്യവും കൃപ നിറഞ്ഞതും ആയിരിക്കും.

അതിനാൽ ഏതെങ്കിലുമൊരു സാഹചര്യത്തിൽ നിങ്ങൾക്കു ജ്ഞാനം കുറവായി കണ്ടാൽ ദൈവത്തിന്റെ അടുക്കൽ ചെന്ന് അവിടുത്തോടു ചോദിക്കുക. അവിടുന്നു നിങ്ങൾക്കു നൽകും. എന്നാൽ ഒരു നിബന്ധന കൂടെയുണ്ട്. നിങ്ങൾ

ചോദിക്കുമ്പോൾ വിശ്വാസത്തോടെ ചോദിക്കണം. വിശ്വാസത്തെക്കുറിച്ചുള്ള എന്റെ നിർവ്വചനം ഇതാണ് -- "എനിക്കു സ്വീകരിക്കാവുന്നതിലും അധികം എനിക്കു വാഗ്ദാനം ചെയ്ത് തരുവാൻ ദൈവം അതിനായി ആഗ്രഹിക്കുന്നുവെന്നു വിശ്വസിക്കുന്നതാണ് യഥാർത്ഥ വിശ്വാസം." അതുകൊണ്ട് വിശ്വസിക്കുക. നിങ്ങൾക്കു ജ്ഞാനം തരുവാൻ ദൈവം ആഗ്രഹിക്കുന്നു.

നിങ്ങൾ വിശ്വാസത്തോടെ ചോദിക്കുന്നില്ലെങ്കിൽ നിങ്ങൾ കാറ്റിൽ ഇളകി മറിയുന്ന കടൽത്തിര പോലെയാണെന്നാണ് യാക്കോബ് പറയുന്നത്. ഒരു കടൽത്തീരത്തു തിരമാലകൾ വന്നു പോകുന്നത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? വിശ്വാസമില്ലാത്ത മനുഷ്യൻ അങ്ങനെയാണ്. അവൻ ഒരു നിമിഷം ദൈവത്തിൽ വിശ്വസിക്കുന്നു. അടുത്ത നിമിഷം അവന്റെ വിശ്വാസം നഷ്ടപ്പെടുന്നു. നിങ്ങൾ ദൈവത്തോട് ചോദിക്കുകയും "അതെ, ദൈവം എനിക്കു ജ്ഞാനം തരും. ഇല്ല ദൈവം എനിക്കു ജ്ഞാനം തരികയില്ല" എന്നിങ്ങനെ ചിന്തിക്കുകയും ചെയ്താൽ, അങ്ങനെ മുന്നോട്ടും പിന്നോട്ടും ചാഞ്ചാടിയാൽ, നിങ്ങൾക്കു ലഭിക്കുകയില്ല. വിശ്വാസം ഇല്ലാത്തവർക്കു ദൈവവചനം നൽകുന്ന 'വാഗ്ദാനം' ഇതാണ് - "കർത്താവിൽനിന്നും എന്തെങ്കിലും ലഭിക്കും എന്നു ചിന്തിക്കരുത്"(1:7). അയാൾക്കു പാപക്ഷമയോ, പരിശുദ്ധാസ്നാനമോ, പ്രാർത്ഥനയ്ക്കുള്ള ഉത്തരമോ, ദൈവഭക്തിയോ, ആത്മീയ സമ്പത്തോ, ഒന്നും ലഭിക്കുകയില്ല. അങ്ങനെയുള്ളവൻ ഇരുമനസ്സുള്ളവനും എല്ലാ വഴികളിലും അസ്ഥിരനും ആണെന്നാണ് യാക്കോബ് പറയുന്നത്.

യാക്കോബ് പിന്നീട് വിശ്വാസമുള്ള ഒരു എളിയ സഹോദരനെക്കുറിച്ച് പറയുന്നു. അവനു ആത്മികസമ്പത്തു കുറവാണെങ്കിലും വിശ്വാസത്താൽ ക്രിസ്തുവിലുള്ള തന്റെ ഉന്നതസ്ഥാനത്തെ ഓർത്ത് സന്തോഷിക്കുവാൻ സാധിക്കുന്നു (1:9). അവൻ തനിക്കു ചുറ്റുമുള്ള ധനികരായ വിശ്വാസികളോട് അസൂയപ്പെടുന്നില്ല എന്നു മാത്രമല്ല. തന്നോട് ആരെങ്കിലും സഹതാപം കാണിക്കണമെന്ന് ആഗ്രഹിക്കുന്നതുമില്ല. താനൊരു രാജാവിന്റെ മകനാണെന്നും തന്റെ സമ്പത്തു സ്വർഗ്ഗത്തിലാണെന്നും അവനു നല്ല നിശ്ചയമുണ്ട്. അതിനാൽ തന്നെ അവനു സ്വയം ഒരു അഭിമാനമുണ്ട്. ഇങ്ങനെയാണ് യഥാർത്ഥ വിശ്വാസമുള്ള ഒരു എളിയ സഹോദരൻ ചിന്തിക്കേണ്ടത്.

അതുപോലെ തന്നെ ധനികനായ ഒരു സഹോദരൻ വിശ്വാസത്താൽ തന്റെ സമ്പത്തും പണവും എല്ലാം നോക്കി ഇങ്ങനെ പറയും. " ഇവയെല്ലാം പുല്ലിന്റെ പൂവുപോലെ വാടിപ്പോകുന്നതാണ്"(1:10). ഒരു ദിവസം അത് അവിടെയുണ്ട്, അടുത്തദിവസം അതില്ല. ധനികനായ ഒരുവൻ തന്റെ ഭൗതിക സമ്പത്തിനും പണത്തിനും വേണ്ടി ജീവിച്ചാൽ ഒരുനാൾ തന്റെ എല്ലാ സമ്പത്തിനോടൊപ്പം അവൻ മാഞ്ഞുപോകും. എന്നാൽ അവൻ തന്റെ ഭൗതികസമ്പത്തിനു വേണ്ടി ജീവിക്കാതെ ദൈവരാജ്യത്തിനുവേണ്ടി ജീവിച്ചാൽ അവന്റെ ഭൗതിക സമ്പത്തു മാഞ്ഞുപോകുമ്പോഴും അവൻ ജീവിക്കും.

### പ്രലോഭനവും പാപവും

പിന്നീട് യാക്കോബ് പ്രലോഭനത്തേയും പാപത്തേയും കുറിച്ച്

സംസാരിക്കുന്നു. ആദ്യം അദ്ദേഹം സംസാരിച്ചത് ജീവിതത്തിലെ കഷ്ടതകളാകുന്ന പരീക്ഷകളെക്കുറിച്ചായിരുന്നു. ഇപ്പോൾ പാപം ചെയ്യാനുള്ള പ്രലോഭനങ്ങളെക്കുറിച്ച് പറയുന്നു. പ്രലോഭനങ്ങളെ സ്ഥിരതയോടെ നേരിട്ട് ജയിച്ചുകൊണ്ടിരുന്നാൽ ഒരുനാൾ ദൈവം തന്നെ സ്നേഹിക്കുന്നവർക്കു വച്ചിരിക്കുന്ന ജീവകിരീടം നാം പ്രാപിക്കും എന്നും അദ്ദേഹം പറയുന്നു. നാം ദൈവത്തെ സ്നേഹിക്കുന്നുവെങ്കിൽ പാപം ചെയ്യാനുള്ള എല്ലാ പ്രലോഭനത്തേയും എതിർക്കും. ഒരു പരീക്ഷ വരുമ്പോൾ നിങ്ങൾ ഇങ്ങനെ ചോദിക്കരുത്: "ദൈവമേ, അവിടുന്നു എന്തിനു ഈ പരീക്ഷ എന്റെ മേൽ അയച്ചു?" ദൈവം അത് ഒരിക്കലും അയച്ചിട്ടില്ല. ദൈവം ആരേയും പരീക്ഷിക്കുന്നില്ല "പരീക്ഷിക്കപ്പെടുമ്പോൾ ദൈവം എന്നെ പരീക്ഷിക്കുന്നു എന്ന് ആരും പറയരുത്. ദൈവം ദോഷങ്ങളാൽ പരീക്ഷിതനാവുന്നില്ല, താൻ ആരേയും പരീക്ഷിക്കുന്നതുമില്ല" (1:13) പിന്നെ ആരാണ് നിങ്ങളെ പരീക്ഷിക്കുന്നത്? നിങ്ങളുടെ ജഡത്തിലെ മോഹങ്ങളാൽ സാത്താനാണ് അത് ചെയ്യുന്നത്. കാരണം നാം എല്ലാം നമ്മുടെ ശൈശവ കാലം മുതൽ നമ്മുടെ ജഡത്തിന്റെ ഇച്ഛകളിൽ മുഴുകി ജീവിച്ചവരാണ്. ആ മോഹങ്ങളെ ഉപയോഗിച്ച് നമ്മെ പ്രലോഭിപ്പിക്കുവാൻ സാത്താനു കഴിയും. ഒരു യുദ്ധം നടക്കുമ്പോൾ, ഒരു രാജ്യം അതിന്റെ ശത്രു രാജ്യത്തിന്റെ ഉള്ളിലേയ്ക്കു ചാരന്മാരെ അയച്ച് അതിന്റെ ഉള്ളിൽനിന്നും നാശമുണ്ടാക്കുവാൻ ശ്രമിക്കും. യുദ്ധമുഖത്ത് നേരിട്ട് പോരാടുമ്പോൾ തന്നെ ഇരുരാജ്യങ്ങളും ചാരന്മാരെ ഉപയോഗിച്ച് ഉള്ളിൽനിന്നും ഒരു പോരാട്ടം നടത്തും. ഇതാണ് സാത്താനും ചെയ്യുന്നത്. നമ്മുടെ ഉള്ളിലുള്ള സാത്താന്റെ ചാരന്മാരെ നാം തിരിച്ചറിയണം. നമ്മുടെ ജഡത്തിലുള്ള ദൈവികമില്ലാത്ത എല്ലാ മോഹങ്ങളുമാണത്. അവയെ മരണത്തിന് ഏല്പിച്ചുകൊടുക്കുക. നിങ്ങളുടെ ഉള്ളിലുള്ള സാത്താന്റെ ചാരന്മാരെ കൊന്നു നശിപ്പിച്ചു കഴിഞ്ഞാൽ യുദ്ധമുഖത്ത് സാത്താനെ നേരിടുവാൻ നിങ്ങൾ അധികം ശാന്തരായിതീരും.

നിങ്ങളുടെ മനസ്സിനെ തെറ്റായ ഒരു ആഗ്രഹത്തോട് ചേരുവാൻ അനുവദിക്കുമ്പോഴാണ് നിങ്ങൾ പാപം ചെയ്യുന്നത്. അതുവരെ നിങ്ങളുടെ മനസ്സിലേയ്ക്കു വരുന്ന ചിന്തകൾ ഒരു പ്രലോഭനം മാത്രമാണ്. ഉദാഹരണത്തിനു നിങ്ങളൊരു റോഡിൽ കൂടെ പോകുമ്പോൾ പ്രലോഭിപ്പിക്കുന്ന ഒരു കാഴ്ച കണ്ടുവെന്നിരിക്കട്ടെ. അത് പാപമല്ല. പ്രലോഭനം മാത്രമാണ്. അത് വീണ്ടും കാണുവാൻ വേണ്ടി നോക്കിയാൽ അത് പാപമാണ്. ആദ്യനോട്ടം പ്രലോഭനവും രണ്ടാമത്തെ നോട്ടം പാപവും. ചുറ്റും ദുഷ്ടത നിറഞ്ഞിരിക്കുന്ന ഒരു ലോകത്തിൽ നാം ജീവിക്കുന്നതിനാൽ ഈ ആദ്യ നോട്ടം ഒഴിവാക്കുവാൻ നമുക്കു കഴിയുകയില്ല. എന്നാൽ ആ തിന്മയോട് നാം ചേരണമോ എന്നത് നമുക്കു തീരുമാനിക്കാവുന്ന കാര്യമാണ്.

(യാക്കോബിന്റെ ലേഖനം ഉൾപ്പെടെ 'Through the Bible' എന്ന ഗ്രന്ഥത്തിലെ പുതിയനിയമ പുസ്തകങ്ങളുടെ മലയാള പരിഭാഷ ഉടനെ പ്രസിദ്ധപ്പെടുത്തുന്നതാണ്).

**മൊഴിമാറ്റം: സാജു ജോസഫ്**

❖

ഒഴുക്കിനെതിരെ

# ഇന്ത്യയെ സ്നേഹിച്ച ജോൺ ഹൈഡ്



**മി**ഷനറിയായി പ്രവർത്തിച്ചുതുടങ്ങിയ പ്രാരംഭ വർഷത്തിൽ ജോൺ ഹൈഡ് മറ്റൊരു മിഷനറിയുമായി ചേർന്ന് ആദ്യമായി ഒരു പൊതു സുവിശേഷയോഗത്തിൽ പങ്കെടുത്തു. 'യേശു പാപങ്ങളെ ക്ഷമിക്കുന്ന ഒരുവൻ' എന്നതിലുപരിയായി 'യേശു പാപങ്ങളുടെ മേൽ ജയം നൽകുന്ന യഥാർത്ഥ രക്ഷകൻ' ആയി ആ മിഷനറി അന്ന് അവിടെ പ്രസംഗിച്ചു. പ്രസംഗം അവസാനിച്ചപ്പോൾ ബഹുമാന്യനായ ഒരു വ്യക്തി, 'ഈ അനുഭവം ആ മിഷനറിയുടെ ജീവിതത്തിൽ യാഥാർത്ഥ്യമായി തീർന്നിട്ടുണ്ടോ' എന്ന ചോദ്യമുന്നയിച്ചു. ഇതു കേട്ടു നിന്ന ജോൺ ഇങ്ങനെ ചിന്തിച്ചു- ഈ ചോദ്യം തന്നോടായിരുന്നെങ്കിൽ യേശു എല്ലാ പാപങ്ങളിൽനിന്നും തനിക്ക് മോചനം നൽകിയിട്ടില്ല എന്ന് ഉത്തരം പറയേണ്ടിവരുമായിരുന്നു. തന്റെ ജീവിതത്തിൽ ചില പാപങ്ങളിൽ നിന്നു മോചനം ലഭ്യമായിട്ടില്ല എന്ന് ജോണിനറിയാമായിരുന്നു.

തിരികെ മുറിയിലെത്തിയ ജോൺ ഹൈഡ് അവിടെ മുട്ടുകുത്തി ഇങ്ങനെ പ്രാർത്ഥിച്ചു: 'ഒന്നുകിൽ എല്ലാ പാപങ്ങളിൽ നിന്നും മോചനം ലഭിച്ച ജീവിതത്തിലേക്ക് കർത്താവ് നടത്തണം. അല്ലെങ്കിൽ അമേരിക്കയിലേക്ക് തിരികെ പോയി മറ്റേതെങ്കിലും ശുശ്രൂഷ ചെയ്തുകൊള്ളാം'. വ്യക്തിപരമായ ജീവിതത്തിൽ പ്രായോഗികമാക്കാൻ കഴിയാത്ത ഒരു സുവിശേഷം മറ്റുള്ളവരോട് പ്രസംഗിക്കാൻ കഴിയുകയില്ല എന്ന ദ്ദേഹം കർത്താവിനോട് പറഞ്ഞു. പ്രാർത്ഥനയ്ക്കുശേഷം രണ്ട് കാര്യങ്ങളെക്കുറിച്ചുള്ള ഉറപ്പ് അദ്ദേഹത്തിന് ലഭിച്ചു. ദൈവം അദ്ദേഹത്തിന്

എല്ലാ പാപങ്ങളുടെമേലും വിജയം നൽകാൻ ആഗ്രഹിക്കുന്നു എന്നതായിരുന്നു ഒന്നാമത്തെ ഉറപ്പ്. അദ്ദേഹം ഇന്ത്യയിൽ തന്നെ ശുശ്രൂഷ ചെയ്യാൻ ദൈവം ആഗ്രഹിക്കുന്നു എന്നതായിരുന്നു രണ്ടാമത്തേത്. തന്നെ വരിഞ്ഞുമുറുക്കിയിരുന്ന പാപങ്ങളുടെ മേൽ പിന്നീട് ദൈവം അദ്ദേഹത്തിന് വിജയം നൽകി. തനിക്കുണ്ടായ ഈ വിടുതലിനെക്കുറിച്ച് അദ്ദേഹത്തിന് ഒട്ടും സംശയം ഉണ്ടായിരുന്നില്ല. യേശു തനിക്ക് വിജയം നൽകിയിരിക്കുന്നു എന്നു മറ്റുള്ളവരോട് പറയുന്നതിലും അദ്ദേഹത്തിന് ഒട്ടും ലജ്ജ തോന്നിയില്ല.

അവിവാഹിതനായിരുന്ന ജോണിനു മറ്റു മിഷനറിമാരുടേതുപോലെ സ്വന്തമായി വീടുണ്ടായിരുന്നില്ല. മിക്കപ്പോഴും അദ്ദേഹം മറ്റു മിഷനറിമാരോടൊപ്പവും അവരുടെ വീടുകളിലും താമസിച്ചു. സ്വന്തമായ വീടിനുപകരം സ്ഥലംമാറ്റി അടിക്കാൻ കഴിയുന്ന ഒരു കൂടാരം അദ്ദേഹം ഉപയോഗിച്ചു.

ജോൺ മനുഷ്യരെ സ്നേഹിച്ചു. അവർക്കായി പലതും ത്യാഗം ചെയ്തു. മറ്റു മനുഷ്യരിലെ കുറവുകൾ അവർക്കായി പ്രാർത്ഥിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുകയാണു ചെയ്തത്.

ജോൺ മറ്റുള്ളവരോട് സുവിശേഷം പങ്കിട്ടിരുന്നത് ഇപ്രകാരമായിരുന്നു: എതെങ്കിലും ഒരു അപരിചിതനുമായി അദ്ദേഹം സംഭാഷിച്ച് തുടങ്ങും. പിന്നീട് ജോൺ അയാളുടെ തോളിൽ കൈയിട്ട് സംസാരിക്കുന്നതായിരിക്കും നമ്മൾ കാണുക. ജോൺ വളരെ താല്പര്യത്തോടെ അയാളുടെ കണ്ണുകളിലേക്ക് നോക്കി സംസാരിക്കുന്നു. പിന്നീട് അയാൾ മുട്ടുകൾ മടക്കി തന്റെ പാപങ്ങൾ ഏറ്റ് പറഞ്ഞുകൊണ്ട് പ്രാർത്ഥിക്കുന്നതുമായിരിക്കും നമ്മൾ കാണുക.

ജോണിന്റെ പ്രസംഗങ്ങളിലൂടെ അനേകം ആളുകൾ ക്രിസ്തുവിനെ സ്വീകരിച്ചു. ഇത് പഞ്ചാബിലെ ആര്യസമാജിന്റെ നേതാക്കളെ അസ്വസ്ഥരാക്കി. ജോണിന് ജനങ്ങൾക്കിടയിലുള്ള സ്വാധീനം അവർക്കറിയാമായിരുന്നു. ആര്യസമാജിന്റെ നേതാക്കൾ ജോണിനെക്കുറിച്ച് അന്വേഷിക്കാനും അദ്ദേഹത്തിന്റെ കുറവുകൾ കണ്ടുപിടിച്ച് അത് ജനങ്ങൾക്കിടയിൽ പ്രസിദ്ധപ്പെടുത്തുവാനും രഹസ്യമായി തീരുമാനിച്ചു. ജോണിന് ജനങ്ങൾക്കിടയിലുള്ള സ്വാധീനം ഇല്ലാതാക്കുന്നതിനായിരുന്നു ഈ പദ്ധതി.

ക്രിസ്തീയവിശ്വാസത്തെ കൂടുതൽ അറിയാനെന്നമട്ടിൽ ഒരു ആര്യസമാജികൻ ജോണിനോടൊപ്പം കൂടി. ജോൺ അയാളെ സ്വീകരിച്ച് തന്നോടൊപ്പം താമസിക്കാനായി ക്ഷണിച്ചു. ഇതു തന്നെയായിരുന്നു അയാൾക്ക് വേണ്ടിയിരുന്നതും. എന്നാൽ മൂന്നു നാല് ദിവസം ജോണിനോടൊപ്പം തങ്ങിയശേഷം അയാൾ അവിടെനിന്നും പെട്ടെന്നു പൊയ്ക്കളഞ്ഞു. പിന്നീട് അയാൾ ആര്യസമാജിന്റെ നേതാക്കളോട് ഇങ്ങനെ പറഞ്ഞു: "ആ മനുഷ്യനിൽ ഒരു തെറ്റുപോലുമില്ല. അദ്ദേഹം മനുഷ്യനല്ല. ഒരു ദൈവമാണ്".

ഇന്ത്യയിലെത്തി മൂന്നു വർഷങ്ങൾക്കുശേഷം ജോൺഹൈഡ് ഇന്ത്യയുടെ ഉണർവ്വിനായി പ്രാർത്ഥിക്കാൻ തുടങ്ങി. മാത്രമല്ല, വിശ്വാസികളെ ആഴമായ ക്രിസ്തീയ ജീവിതത്തിലേക്ക് നടത്തുക എന്ന ലക്ഷ്യത്തോടെ 1904ൽ പഞ്ചാബിൽ സൈലക്കോട്ട് അദ്ദേഹം ഒരു കൺവെൻഷൻ ആരംഭിച്ചു. ഉന്നത

ഒരിക്കൽ ജോൺ ഹൈഡിന് ഒരു ബൈബിൾ സ്കൂളിൽ പ്രസംഗി ക്കേണ്ടതായിട്ടുണ്ടായിരുന്നു. അതിനാൽ പ്രസംഗം തയ്യാറാക്കു ന്നതിന് അദ്ദേഹം ഒരുരാത്രി മുഴു വൻ ഉണർന്നിരുന്നു. തുടർന്ന് ഇങ്ങനെയൊരു ചിന്ത അദ്ദേഹ ത്തിനുണ്ടായി: "പ്രസംഗം തയ്യാറാ ക്കുന്നതിന് നിനക്ക് ഒരു രാത്രി വേണ്ടിവന്നു. പ്രസംഗകനെ തയ്യാറാക്കുന്നതിന് കുറഞ്ഞത് ഒരു രാത്രിയിലെയെങ്കിലും പ്രാർത്ഥനയുടെ ആവശ്യമില്ലേ?" അത് പരിശുദ്ധാത്മാവ് തനിക്കു നൽകിയ നിർദ്ദേശം ആയിരുന്നു വെന്നതിന് ജോണിന് ഒട്ടും സംശ യമുണ്ടായിരുന്നില്ല. ആ രാത്രിയും അദ്ദേഹം പ്രാർത്ഥന യിൽ ചെലവഴിച്ചു. ആ അനു ഭവം സന്തോഷകരമായിരുന്നതു കൊണ്ട് അടുത്ത രാത്രിയിലും അദ്ദേഹമത് ആവർത്തിച്ചു.

ആത്മീയ നിലവാരം പുലർത്തിയിരുന്ന കൺവെൻഷനായിരുന്നു ഇത്. കൺവെൻഷൻ സ്ഥലത്തേക്ക് കോമ്പൗണ്ടിന്റെ ചുറ്റുമതിൽ കടന്നു വരുമ്പോൾ തന്നെ വ്യത്യസ്തമായ ആത്മീയ അന്തരീക്ഷം അനുഭവപ്പെടുമായിരുന്നു.

ജോൺ ഹൈഡ് സൈലക്കോട്ട് കൺവെൻഷനായി ഗൗരവത്തോടെ പ്രാർത്ഥിക്കാൻ ആരംഭിച്ചതിനു മുന്നോടിയായി അദ്ദേഹത്തിന്റെ ജീവിതത്തിൽ ഇങ്ങനെയൊരു അനുഭവമുണ്ടായി: ഒരിക്കൽ അദ്ദേഹത്തിന് ഒരു ബൈബിൾ സ്കൂളിൽ പ്രസംഗിക്കേണ്ടതായിട്ടുണ്ടായിരുന്നു. വേണ്ടതുപോലെ വേദപുസ്തകം വായിക്കാനും പ്രസംഗം തയ്യാറാക്കുന്നതിനും അദ്ദേഹത്തിന് സമയം ലഭിച്ചില്ല. അതിനാൽ പ്രസംഗം തയ്യാറാക്കുന്നതിന് അദ്ദേഹം ഒരുരാത്രി മുഴുവൻ ഉണർന്നിരുന്നു. തുടർന്ന് ഇങ്ങനെയൊരു ചിന്ത അദ്ദേഹത്തിനുണ്ടായി: "പ്രസംഗം തയ്യാറാക്കുന്നതിന് നിനക്ക് ഒരു രാത്രി വേണ്ടിവന്നു. പ്രസംഗകനെ തയ്യാറാക്കുന്നതിന് കുറഞ്ഞത് ഒരു രാത്രിയിലെയെങ്കിലും പ്രാർത്ഥനയുടെ ആവശ്യമില്ലേ?" അത് പരിശുദ്ധാത്മാവ് തനിക്കു നൽകിയ നിർദ്ദേശം ആയിരുന്നുവെന്നതിന് ജോണിന് ഒട്ടും സംശയമുണ്ടായിരുന്നില്ല. ആ രാത്രിയും അദ്ദേഹം പ്രാർത്ഥനയിൽ ചെലവഴിച്ചു. ആ അനുഭവം സന്തോഷകരമായിരുന്നതുകൊണ്ട് അടുത്ത രാത്രിയിലും അദ്ദേഹമത് ആവർത്തിച്ചു.

ആദ്യത്തെ സൈലക്കോട്ട് കൺവെൻഷനിൽ ജോൺ ഹൈഡും പ്രസംഗിച്ചു. പരിശുദ്ധാത്മാവിന്റെ ശക്തിയെയും പ്രവർത്തനത്തെയും കുറിച്ചായിരുന്നു അദ്ദേഹം സംസാരിച്ചത്. കേൾവിക്കാരോട് ഇടപെട്ടതിനെക്കാൾ ആ വാക്കുകൾ ജോണിന്റെ ഹൃദയത്തിൽ തന്നെ ആഴമായി പതിച്ചു. ആഴമായ സമർപ്പണത്തിലൂടെ ദൈവത്തിന്റെ കരങ്ങൾ അദ്ദേഹത്തെ തൊട്ടു. അദ്ദേഹത്തിന് ഒരു സ്വർഗ്ഗീയ ദർശനമുണ്ടായി. ആ ദർശനം ഒരിക്കലും നഷ്ടപ്പെടുത്തുകയില്ല എന്നു കൺവെൻഷന്റെ ഒടുവിലായി അദ്ദേഹം തീരുമാനിച്ചു.

സൈലക്കോട്ട് കൺവെൻഷനെ തുടർന്ന് പഞ്ചാബിൽ ഒരുണർവുണ്ടായി. എന്നാൽ ഇത് ആകസ്മികമായി ഉണ്ടായ ഒരു ഉണർവ്വായിരുന്നി

ല്ല. ആവശ്യബോധത്തോടെ എന്ത് വിലയും നൽകാൻ സന്നദ്ധരായ ഒരു കൂട്ടം ആളുകളുടെ സമർപ്പണത്തിന്റെ ഫലമായിട്ടായിരുന്നു ഈ ഉണർവ്വ്.

കൺവെൻഷന്റെ ഭാഗമായി പഞ്ചാബ് പ്രെയർ യൂണിയൻ രൂപീകരിച്ചിരുന്നു. നൂറുകണക്കിനാളുകൾ ഇതിൽ അംഗങ്ങളായി പ്രാർത്ഥിച്ചു. അവരിൽ ദൈവം ആദരിച്ച പ്രാർത്ഥനാപ്പോരാളിയായിരുന്നു ജോൺ ഹൈഡ്.

പ്രെയർ യൂണിയനോടനുബന്ധിച്ച് സ്ത്രീകൾക്കും പുരുഷന്മാർക്കുമായി വെവ്വേറെ പ്രാർത്ഥനാ മുറികൾ ഉണ്ടായിരുന്നു. ഈ 'പ്രാർത്ഥനാ മുറി' അവിടെയുണ്ടായിരുന്ന ഒരു സ്കോട്ടിഷ് പള്ളിയായിരുന്നു. ആ പള്ളിയിലുണ്ടായിരുന്ന കുറെ ഇരിപ്പിടങ്ങൾ മാറ്റി അതിനു പകരമായി അവിടെ വലിയ കയറ്റുപായകൾ വിരിച്ചിരുന്നു. നൂറിലധികം പേർക്ക് അവിടെയിരുന്നു പ്രാർത്ഥിക്കാനുള്ള സൗകര്യമുണ്ടായിരുന്നു. പക്ഷേ രണ്ടോ മൂന്നോ പേർ മാത്രമേ മിക്കപ്പോഴും അവിടെ ഉണ്ടാകാറുള്ളൂ. കൺവെൻഷനിലുടനീളം ജോൺ ഈ പ്രാർത്ഥനാമുറിയിൽ തന്നെ ചെലവഴിച്ചു. ജോണിന്റെ അടുത്ത സുഹൃത്തായി മാറിയ മക്ക്ഷേൻ പറ്റെഴ്സൻ ഉൾപ്പെടെ പലർക്കും ജോണിന്റെ പ്രാർത്ഥനാമുറിയിൽ വെച്ച് ദൈവിക സന്ദർശനം ഉണ്ടായിട്ടുണ്ട്. പ്രാരംഭ വർഷങ്ങളിൽ ജോണിന്റെ നിലപാടുകളെ മിഷനറിമാർ പലരും അംഗീകരിച്ചിരുന്നില്ല. എന്നാൽ പിന്നീട് ജോൺ ഒരു സാധാരണ മിഷനറിയല്ലെന്നും പ്രാർത്ഥനയുടെ പ്രാധാന്യം മനസ്സിലാക്കാൻ ഇന്ത്യയിലേക്ക് പരിശുദ്ധാത്മനിറവുമായി അദ്ദേഹം അയക്കപ്പെട്ടിരിക്കുന്നു എന്നും അവർക്കു ബോധ്യമായി.

വർഷങ്ങൾക്ക് ശേഷം മിഷനറിമാരുടെ ഈ മനോഭാവത്തെക്കുറിച്ച് അദ്ദേഹത്തോട് ഒരു സുഹൃത്ത് ഇങ്ങനെ ചോദിച്ചു. "പ്രാരംഭ വർഷങ്ങളിൽ താങ്കൾ പ്രാർത്ഥനയിൽ ഇത്രയധികം സമയം ചെലവഴിക്കുന്നത് മറ്റു മിഷനറിമാർ ഇഷ്ടപ്പെട്ടിരുന്നില്ല എന്നു താങ്കൾക്ക് അറിയാമായിരുന്നോ?"

ഒരു ചെറു പുഞ്ചിരിയോടെ ജോൺ ഇങ്ങനെ മറുപടി പറഞ്ഞു. "തീർച്ചയായും, അത് എനിക്കറിയാമായിരുന്നു. പക്ഷേ അവർക്ക് എന്നെ മനസ്സിലാക്കാൻ കഴിഞ്ഞില്ല. അതല്ലാതെ അവർ എന്നോട് വിദ്വേഷത്തോടെ പെരുമാറി എന്നു ഞാൻ കരുതുന്നില്ല." ആ വാക്കുകൾ കേട്ട സുഹൃത്തിന് ജോണിന്റെ ഹൃദയത്തിൽ കയ്പ്പിന്റെ ഒരു കണികപോലും ഉണ്ടായിരുന്നില്ല എന്നു മനസ്സിലായി.

സൈലക്കോട്ട് കൺവൻഷന് മുമ്പുള്ള ആഴ്ചകൾ പ്രാർത്ഥനയിൽ ചെലവിടുന്നത് ജോണും കൂട്ടരും പതിവാക്കിയിരുന്നു. കടുത്ത ചൂടിൽ നിന്നും അൽപം ആശ്വാസത്തിനായി അടുത്തുള്ള കുന്നിൻമുകളിൽ അവർ മിക്കപ്പോഴും പ്രാർത്ഥനയ്ക്കായി ഒത്ത് കൂടി. മറ്റുള്ളവർ ഉറങ്ങിയശേഷവും മറ്റുള്ളവർ ഉണരുന്നതിന് മുമ്പും ജോൺ തന്റെ മുറിയിൽ പ്രാർത്ഥനയിൽ തന്നെ സമയം കഴിച്ചു. ചിലദിവസങ്ങളിൽ അദ്ദേഹം മുറിക്കകത്ത് മുട്ടുകുത്തി മുഴുസമയവും പ്രാർത്ഥനയിൽ തന്നെ ചെലവഴിച്ചു. എന്നാൽ ഒരു സന്ന്യാസിയുടെ ഭാവമൊന്നും അദ്ദേഹം വെച്ചു

പുലർത്തിയിരുന്നില്ല. മറ്റു മിഷനറിമാരോട് വളരെ അടുത്ത സമ്പർക്കം പുലർത്തിയ ജോൺ അവരുമായുള്ള കൂട്ടായ്മയും ആസ്വദിച്ചു. ചിലപ്പോൾ അദ്ദേഹം നർമ്മബോധത്തോടെ സംസാരിച്ചു. പക്ഷേ അദ്ദേഹത്തിന്റെ സംഭാഷണം എല്ലായ്പ്പോഴും പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിലുള്ളതായിരുന്നു.

ഒരിക്കൽ ഇംഗ്ലണ്ടിലെ പ്രശസ്തമായ കെസ്വിക് കൺവെൻഷന്റെ സംഘാടകരും പ്രസംഗകരും ഒരുമിച്ചു കൂടിയ ഒരു പ്രാർത്ഥനായോഗത്തിന് ജോണിനെയും ക്ഷണിച്ചിരുന്നു. പ്രാർത്ഥനയ്ക്ക് വളരെ ഉചിതമായ അന്തരീക്ഷം അവിടെ നിലനിന്നിരുന്നു. അവിടെ കൂടിയിരുന്ന നാൽപതോളം സഹോദരന്മാരുമായി ജോണിന് നല്ലൊരു കൂട്ടായ്മ ലഭിച്ചു. മറ്റു പല സമയങ്ങളിലുമെന്നപോലെ അവിടെവെച്ച് പ്രാർത്ഥനയ്ക്കായുള്ള വലിയ ഭാരം ജോണിനുണ്ടായി.

കെസ്വിക് കൺവെൻഷനുവേണ്ടിയുള്ള പ്രാർത്ഥനയുടെ ക്രമീകരണം എപ്രകാരമായിരിക്കണം എന്നതായിരുന്നു ആ യോഗത്തിലെ പ്രധാന ചർച്ചാവിഷയം. സൈലക്കോട്ട് കൺവെൻഷനോടനുബന്ധിച്ചുള്ള 'പ്രാർത്ഥനാ മുറി'യാണ് ഇന്ത്യയിലെ ഉണർവിന് നിർണ്ണായകമായി തീർന്നത് എന്ന് ഇതിനകം എല്ലാവരും അംഗീകരിച്ചിരുന്നു.ഇന്ത്യയിലെ 'പ്രാർത്ഥനാ മുറി' യെക്കുറിച്ച് സംസാരിക്കാനായി സംഘാടകർ ജോണിനോടാവശ്യപ്പെട്ടു. എന്നാൽ അദ്ദേഹത്തോടൊപ്പം ഇന്ത്യയിൽ നിന്നെത്തിയ ഒരു മിഷനറിക്കൊഴികെ മറ്റാർക്കും ജോണിനെ വ്യക്തമായി അറിയുമായിരുന്നില്ല. ജോൺ 'പ്രാർത്ഥനാ മുറി'യെക്കുറിച്ച് വളരെ ചുരുക്കമായി സംസാരിച്ചു. കെസ്വിക് കൺവെൻഷനെക്കുറിച്ച് ജോണിന് കർത്താവിൽ നിന്നും ലഭിച്ച ഭാരം നിമിത്തം അദ്ദേഹത്തിനുണ്ടായിരുന്ന മനോവേദന തന്റെ സുഹൃത്തിനു മാത്രമേ മനസ്സിലാക്കാൻ കഴിഞ്ഞിരുന്നുള്ളു. കെസ്വിക് കൺവെൻഷനുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവർ ആഴമായ ആത്മീയ അനുഭവത്തിലേക്ക് വരേണ്ടതുണ്ട് എന്നു ജോൺ മനസ്സിലാക്കിയിരുന്നു. പക്ഷേ അദ്ദേഹം ആരെയും വിമർശിച്ചിരുന്നില്ല. അദ്ദേഹം ശാന്തമായ സ്വരത്തിൽ പ്രസംഗിച്ചുതുടങ്ങി. അദ്ദേഹം മൂന്നാല് മിനിട്ടുകൾ സംസാരിച്ചുകഴിഞ്ഞപ്പോഴേക്കും അവിടെയുണ്ടായിരുന്നവരിൽ ഒരാൾ പ്രശസ്തമായ ഒരു ഗാനത്തിന്റെ പല്ലവി പാടാൻ ആരംഭിക്കുകയും മറ്റുള്ളവർ ചേർന്ന് ആ ഗാനം ഉറക്കെ പാടുകയും ചെയ്തു. ജോണിനു പറയാനുണ്ടായിരുന്നത് മുഴുവൻ പറയാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നില്ല എന്ന് അദ്ദേഹത്തിന്റെ സുഹൃത്തായ മിഷനറിക്ക് മനസ്സിലായി. പക്ഷേ ജോൺ കണ്ണുകളടച്ച് പ്രാർത്ഥിക്കുക മാത്രമാണ് ചെയ്തത്. ഈ സംഭവത്തിലൂടെ ജോണിന് മുറിവേറ്റിരിക്കാമെന്ന് അദ്ദേഹത്തിന്റെ മിഷനറി സുഹൃത്ത് കരുതി. പക്ഷേ ജോൺ ഇതേക്കുറിച്ച് പരാതി പറയുകയോ നീരസമുള്ളവനായിരിക്കുകയോ ചെയ്യാതെ എല്ലാവരോടും സ്നേഹത്തോടും ആർദ്രതയോടും കൂടി പെരുമാറി.

നോർത്ത് വെയിൽസ്സിൽ വച്ചും സമാനമായ ഒരു സംഭവം ഉണ്ടായി. അദ്ദേഹം പല സഭകളിലും ശക്തമായി പ്രസംഗിച്ചു. അദ്ദേഹം ഉൾപ്പെട്ടിരുന്ന പ്രസ്ബിട്ടേറിയൻ വിഭാഗത്തിലെ ഒരു യോഗത്തിൽ മൂപ്പൻമാരോടും സഭാശുശ്രൂഷകരോടും

പ്രസംഗിക്കാൻ അദ്ദേഹത്തിന് ക്ഷണം ലഭിച്ചു. അവിടെ കൂടിയിരുന്ന സഭാനേതാക്കൾക്ക് ജോൺ ആ യോഗത്തിൽ പങ്കെടുക്കണമെന്ന നിർബന്ധമുണ്ടായിരുന്നു. ആ യോഗത്തിൽ പങ്കെടുക്കാനായി തയ്യാറെടുത്ത ജോൺ സന്തോഷവാനായി കാണപ്പെട്ടു. അദ്ദേഹത്തിനുണ്ടായിരുന്ന കഠിനമായ തലവേദന സാരമില്ല എന്നു ചിന്തിച്ച് അദ്ദേഹം വളരെ ദൂരം ട്രെയിനിൽ യാത്ര ചെയ്ത് അവിടെയെത്തി. ജോൺ യോഗത്തിൽ പങ്കെടുക്കുമെന്നറിഞ്ഞ് ധാരാളം പേർ യോഗത്തിനെത്തിയിരുന്നു. ജോൺ യോഗത്തിൽ എത്തിയിരിക്കുന്നു എന്നറിയിച്ച് യോഗത്തിന്റെ നടത്തിപ്പുകാർ അദ്ധ്യക്ഷന് പല പ്രാവശ്യം സന്ദേശമയച്ചു. പക്ഷേ ആ യോഗത്തിന്റെ അദ്ധ്യക്ഷനിൽ നിന്നും ജോണിന് ക്ഷണം ലഭിച്ചില്ല. ജോണിനെക്കുറിച്ച് ഒന്നും പരാമർശിക്കാതെ യോഗം നടന്നു. സാധാരണയായി ഈ യോഗങ്ങളിൽ അതിഥികളായി എത്തുന്നവരെ സ്വാഗതം ചെയ്യാറുണ്ട്. പ്രത്യേകിച്ചും ഇന്ത്യയിൽ മിഷനറിയായി പ്രവർത്തിച്ച ഒരു സഹോദരനെ പരിചയപ്പെടുത്താതെ യോഗം അവസാനിപ്പിക്കുകയില്ല.

ജോൺ ആ യോഗത്തിൽ ഉടനീളം പങ്കെടുത്തു. അദ്ദേഹത്തിന് കേൾവിക്കുറവുണ്ടായിരുന്നു എന്നു മാത്രമല്ല യോഗത്തിലെ മിക്ക അറിയിപ്പുകളും വെൽഷ് ഭാഷയിലായിരുന്നതിനാൽ അദ്ദേഹത്തിന് കേൾക്കാൻ കഴിഞ്ഞിരുന്നാലും അവ മനസ്സിലാകുമായിരുന്നില്ല. അവിടെ കൂടിയിരുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുകയായിരുന്ന ജോണിന്റെ കണ്ണുകൾ ആ യോഗത്തിൽ ഉടനീളം അടഞ്ഞുതന്നെയിരുന്നു. യോഗം അവസാനിച്ചയുടനെ ജോണിനെ അവഗണിച്ചതിനും പ്രസംഗിക്കാൻ അവസരം നൽകാതിരുന്നതിനും ക്ഷമാപണവുമായി പലരും അദ്ദേഹത്തെ സമീപിച്ചു. ജോൺ പുഞ്ചിരിയോടെ അവരെ എതിരേൽക്കുകയും ഹൃദ്യമായി അവരോടു സംസാരിക്കുകയും ചെയ്തു. പിന്നീട് ജോൺ തനിച്ചായപ്പോൾ അദ്ദേഹത്തിന്റെ സുഹൃത്ത് ഈ കാര്യം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി. പക്ഷേ ജോൺ അദ്ദേഹത്തെ മൃദുവായി ശാസിച്ചു. ഈ കാര്യങ്ങളെക്കുറിച്ചെല്ലാം കർത്താവറിയുന്നുവെന്നും ദൈവമക്കളെ കുറ്റപ്പെടുത്തുന്നത് നമുക്ക് യോജിച്ചതല്ലെന്നും അദ്ദേഹം പറഞ്ഞു.

പലപ്പോഴും ജോണിനോട് ശത്രുതാമനോഭാവത്തോടെ പെരുമാറിയ ആളുകളോട് അദ്ദേഹത്തിന്റെ മനോഭാവം ഈ വിധത്തിലായിരുന്നു. അദ്ദേഹം പറയും: "അവർക്ക് ഈ കാര്യങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല." അദ്ദേഹം ഇങ്ങനെയും കൂട്ടിച്ചേർക്കും: "എന്നോട് ആ രീതിയിൽ പെരുമാറണമെന്ന് യഥാർത്ഥത്തിൽ അവർ ആഗ്രഹിച്ചിരുന്നില്ല." ഈ വിധത്തിൽ കർത്താവ് തനിക്കായി അനുവദിച്ചിട്ടുള്ള ക്രൂശ് ചുമക്കാൻ ജോൺ എപ്പേഴും സന്നദ്ധനായിരുന്നു.

ഇതിനിടെ, ജോണിന്റെ ആരോഗ്യം ദിവസങ്ങൾ കഴിയുംതോറും കൂടുതൽ വഷളായിക്കൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ഒരു സ്നേഹിതൻ ആയിടയ്ക്ക് അദ്ദേഹത്തെ ഒരു വൈദ്യപരിശോധനയ്ക്കു വിധേയനാക്കി. പരിശോധിച്ച ശേഷം ഡോക്ടർ ജോണിന്റെ സുഹൃത്തിനോട് ഇങ്ങനെ പറഞ്ഞു. ''ജോണിന്റെ ഹൃദയം ഒരു പ്രത്യേക അവസ്ഥയിലാണുള്ളത്. ഇത്രമാത്രം തകരാറി

ലായ ഹൃദയമുള്ള ഒരു രോഗിയെ ഞാൻ ഇതുവരെ ചികിത്സിച്ചിട്ടില്ല. അദ്ദേഹത്തിനുള്ള സമ്മർദ്ദവും ഭാരവും നിമിത്തമാണ് അദ്ദേഹത്തിന്റെ ഹൃദയം ഈ നിലയിൽ ആയത്. ഇനിയും അദ്ദേഹത്തിന്റെ ഹൃദയം നേരെയാകണമെങ്കിൽ കുറേ മാസങ്ങളെങ്കിലും അദ്ദേഹം സ്വസ്ഥതയോടെ ശാന്തമായിരിക്കണം." അവസാനമായി ഡോക്ടർ ജോണിനോട് ഇങ്ങനെ പറഞ്ഞു. "താങ്കൾ ഈ കാലങ്ങളത്രയും എന്താണ് ചെയ്തത്? താങ്കൾ ജീവിക്കുന്ന രീതിയും ഇത്ര സമ്മർദ്ദമുള്ള പ്രവൃത്തിയും ഇനിയും ഉപേക്ഷിക്കുന്നില്ലെങ്കിൽ ഒരു ആറു മാസത്തിനകം താങ്കൾ ഇതിനു വലിയ ഒരു വില നൽകേണ്ടിവരും."

1911ലെ സൈലക്കോട്ട് കൺവെൻഷനു ശേഷം ജോൺ ഹൈഡ് ഇന്ത്യ വിട്ടു മടങ്ങി. ഡോക്ടർമാരുടെ അഭിപ്രായത്തിൽ "അദ്ദേഹം മരിച്ചുകൊണ്ടിരിക്കുന്ന ഒരു മനുഷ്യനായിരുന്നു." 1892ൽ ആയിരുന്നു ജോൺ ഇന്ത്യയിലെത്തിയത്. ഇപ്പോൾ അദ്ദേഹം പത്തൊൻപത് വർഷങ്ങൾ ഇന്ത്യയിൽ ചെലവിട്ടിരിക്കുന്നു. ഫലഭൂയിഷ്ഠമായ പത്തൊൻപത് വർഷങ്ങൾ! അമേരിക്കയിലേക്കുള്ള മടക്കയാത്രയിൽ അദ്ദേഹം ഇംഗ്ലണ്ടിലും വെയിൽസ്സിലും കുറച്ചുദിവസങ്ങൾ ചെലവഴിച്ചു.

മടക്കയാത്രയ്ക്കിടെ ജോൺ ഇംഗ്ലണ്ടിൽ ആയിരുന്നപ്പോൾ അദ്ദേഹത്തിന്റെ സുഹൃത്ത് ചാൾസ് അലക്സാണ്ടർ അദ്ദേഹത്തെ മറ്റൊരു വൈദ്യപരിശോധനയ്ക്ക് വിധേയനാക്കിയിരുന്നു. പരിശോധനയ്ക്ക് ശേഷം ജോണിനോട് ഡോക്ടർ ആരോഗ്യനിലയെപ്പറ്റി പറഞ്ഞ് മനസ്സിലാക്കി. ജോണിന് താൻ മരണത്തോട് വളരെയടുത്തെത്തികഴിഞ്ഞു എന്നു മനസ്സിലായി. എന്നാൽ ഈ വാർത്ത കേട്ടപ്പോൾ ജോണിന് യാതൊരു ഭാവഭേദവുമുണ്ടായില്ല എന്നത് അദ്ദേഹത്തിന്റെ സുഹൃത്തിനെയും അദ്ദേഹത്തെ പരിശോധിച്ച ഡോക്ടറെയും അത്ഭുതപ്പെടുത്തി. അമേരിക്കയിലെത്തിയ അദ്ദേഹം തന്നെ ബാധിച്ചിരുന്ന കടുത്ത തലവേദനയ്ക്ക് ചികിത്സ തേടി. അദ്ദേഹത്തെ ബാധിച്ചിരുന്ന ട്യൂമർ മാരകകരമായി അർബുദതുല്യമായിത്തീരുകയും ശസ്ത്രക്രിയ ആവശ്യമായി വരികയും ചെയ്തു. തുടർന്ന് അദ്ദേഹം സുഖം പ്രാപിച്ചു. എന്നാൽ തൊട്ടടുത്ത വർഷം അർബുദലക്ഷണങ്ങൾ പിന്നേയും പ്രത്യക്ഷപ്പെട്ടു. അദ്ദേഹത്തിന്റെ ആരോഗ്യം കൂടുതൽ വഷളായി. തുടർന്ന് 1912 ഫെബ്രുവരിയിൽ അദ്ദേഹം അക്കരെനാട്ടിലേക്കു യാത്രയായി.

ജോണിന്റെ ഒരു സ്നേഹിതൻ അദ്ദേഹത്തെ അനുസ്മരിച്ചുകൊണ്ട് പിന്നീട് ഇപ്രകാരം പറഞ്ഞു. "സുവിശേഷം നിമിത്തം ജയിലിലടക്കപ്പെടുകയും പിന്നീട് വധിക്കപ്പെടുകയും ചെയ്ത രക്തസാക്ഷികളെക്കുറിച്ച് നമ്മൾ കേട്ടിട്ടുണ്ട്. എന്നാൽ പ്രാർത്ഥനയ്ക്കായി സ്വയം ഏല്പിച്ചുകൊടുക്കുകയും പ്രാർത്ഥനയിൽ പോരാടുന്നതിന്റെ ഭാരം നിമിത്തം സമയത്തിനു മുമ്പേ ജീവൻ നഷ്ടപ്പെടുകയും ചെയ്ത മറ്റാരേയും കുറിച്ചു നാം കേട്ടില്ല." ജോൺ സാവധാനവും സ്വമനസ്സോടെയും ഇന്ത്യയിലെ സഭയ്ക്കുവേണ്ടി തന്റെ ജീവൻ അർപ്പിച്ചു.

(അവസാനിച്ചു)

**നോബിൾ മാത്യു**

❖



# FAITH FOR EVERYTHING THAT GOD HAS PROMISED

**Sandeep Poonen**

*2 Peter 1:4-5 – 4 For by these He has granted to us His precious and magnificent promises, so that by them you may become partakers of the divine nature, having escaped the corruption that is in the world by lust. 5 Now for this very reason also, applying all diligence, in your faith supply moral excellence, and in your moral excellence, knowledge…*

Peter, the uneducated fisherman but inspired by the Holy Spirit, shows me the most amazing benefit of the New Covenant:**We can be partakers of the Divine Nature**!

How do I partake of (Greek word *koinonia* also translated as fellowship with) the Divine Nature? Is this the result of years of faithfully living for Jesus? No, the right to fellowship with the Divine Nature is available to all Christians the moment they are born again. When we are born again, we are born of the Holy Spirit, and the Spirit of God comes to reside in our hearts (spirits), and He testifies that we are now children of God (Romans 8:16). So our ability to fellowship with the Divine Nature (the Holy Spirit) begins the moment we are born again through faith.

And what does this fellowship with the Holy Spirit look like? It is feasting on God's precious and magnificent promises (v4). Like a baby gaining nutrients from its mother's milk, we as newborn babes must repeatedly feast on God's promises; this is how we first grow (1 Peter 2:2-3).

Feasting on the promises of God is what feeds our faith. It is only ON TOP OF THAT FAITH that we apply diligence, moral excellence, knowledge, self-control, perseverance, godliness, brother kindness, and love (2 Peter 1:5-8). We can sometimes think that partaking of the divine nature is reserved for those who first bear these various fruits of the Spirit. But that's wrong. We have fellowship with the Divine Holy Spirit from the start. This establishes our faith (dependence and confidence in God). And our faith gets stronger as we feast on God's promises, which in turn gives us the strength for all that we are asked to do (the virtues described in v5-8).

What does this life of growing faith look like? *Romans 5:8-11– 8 But God demonstrates His own love toward us, in that while we were yet sinners, Christ died for us. 9 Much more then, having now been justified by His blood, we shall be saved from the wrath of God through Him. 10 For if while we were*

*enemies we were reconciled to God through the death of His Son, much more, having been reconciled, we shall be saved by His life. 11 And not only this, but we also exult in God through our Lord Jesus Christ, through whom we have now received the reconciliation*.

This passage gives me three tremendous benefits of the New Covenant established by Jesus. All of these three benefits are accessed by our faith. And none of them are available because of our relative goodness, past family or cultural heritage, hours of prayer and fasting, etc.

**1) Justified and reconciled (v8-10)**

This is the first benefit that we have in Christ. And if we read this passage, we see who this benefit applies to: *Sinners (v8) and enemies of God (v10)*.

You can't get any worse than being an enemy of God. To be an enemy of God is to say through one's life, "I hate you God!" It is to such evil people that God offers the very first benefit of the New Covenant as a free gift to all who will believe Him: *To be reconciled and justified*.

Reconciliationwith God means that God extends His peace to us. He has always loved us, even though we were enemies to Him because of our sin. And He proved it by offering His beloved and perfect Son Jesus to face the full consequences of our sins. Because of Jesus's willingness to face the judgment of our sins, peace with God is our first great benefit.

But justification goes further. To be justified is to be counted righteous and morally perfect. This is much more than just being seen as innocent. It is to be perfectly obedient to God as well.

Adam and Eve were innocent when they were first created. And they remained innocent as they spent their first day resting with God (the 7th day of creation). But they were not proved righteous; they were merely innocent. And when they were tempted by the serpent thereafter, they failed the test to be righteous. And with that, they lost their innocence as well.

Jesus was different. He was born of the Holy Spirit, and He lived for over 33 years, and was tempted in all points as we are (Hebrews 4:15). After all of that, God attested to Him that He was perfectly righteous (Romans 3:21-26; 1 Timothy 3:16; Hebrews 4:14-5-10).

So rather than expressing being justified as "*just as if I'd never sinned,*" it is even being viewed by God as "*just as if I'd always and perfectly obeyed!*"

**I believe that embracing our reconciliation and justification in Christ is the BIGGEST step that a Christian ever has to make**. We often think that being born again is just the first baby step of a Christian. But this is why the conversions of so many Christians is shallow, premature, or even non-existent. The biggest step of faith that we Christiansever make, is to believe that Jesus loved us and died for us when we were still sinners and enemies of God.We must continue to be established (rooted and grounded) in this love of God shown towards us in the very beginning. If we do this, we'll *easily*find the faith required for everything else.

**2) Salvation (v9-10)**

Paul's use of the phrase "much more" in verses 9 and 10 also tells me that if God has reconciled and justified me, then ***all the more***will God save me by the resurrection life of Jesus.

This "*all the more*" attitude of faith is critical as we seek to be saved from our sins. If God can take us who were His enemies and call us perfectly righteous in Christ (by the death of Jesus Christ), then He can *surely*also save us from the power that our sins have over us (by the resurrection life of Jesus Christ).God's love was proved to the fullest in the death of His beloved Son Jesus. That was the greatest act of love that could ever be made, and God did just that for us. So we can be sure that He will gladly give us everything else as well (Romans 8:32).

The gospel of Jesus is that we are not saved by self-denial oryears of penance. We are saved by our continued and persistent dependence on Jesus, seeking that HIS life flow through us, rather than continue to live by our selfish interests and passions (Galatians 2:20-21).

The story of the ten lepers in Luke 17:11-19 shows us the true virtue of the one Samaritan leper that caused him to be saved as well as healed. All ten lepers received healing as they obeyed the words of Jesus. But after being healed, nine of them continue to pursue their reconciliation back into society (by going to the priest to attest that they were no longer lepers). But the one Samaritan leper set aside his desire to be accepted back into society, and saw a relationship with the living Jesus as far more important. He rushed back to find Jesus, because Jesus was more important than his healing. This is why the one leper received a second blessing from his continued faith in Jesus (beyond just his own healing), namely, salvation!

If we are content with simply being reconciled with God, we will not find salvation from our sins. But if Jesus and longing for His resurrection life to flow through us are most important to us, then we will find salvation from our sins.

**3) Exulting in God (v11)**

The Christian life is not merely a life of OUR justification and OUR salvation. If it were so, our end would remain selfish and ultimately ugly. No, we must see that the real joy of being a Christian is in our deep rejoicing (exultation) in God on account of Jesus Christ.

We see this in the story of this one Samaritan leper. He came back to Jesus glorifying God with a loud voice and falling at the feet of Jesus.

What is critical to note hereis that this was not an obedience to a command. This was the natural response of this one Samaritan.Because we can easily make a formula out of this. Ever since Adam and Eve ate out of tree of the knowledge of good and evil, we humans love to make formulas to determine good and evil. So we can use the story of the ten lepers to make a formula of how we must respond to God. But the result is always death (Genesis 2:17).

## എഡിറ്റോറിയൽ *തുടർച്ച ........*

'നിങ്ങൾ അവന്റെ കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃക വച്ചേച്ചു പോയിരിക്കുന്നു. അവൻ പാപം ചെയ്തിട്ടില്ല; അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല' (1 പത്രോ. 2:21, 22). പൗലൊസിന്റെ ആഹ്വാനം ഇങ്ങനെ: 'ഞാൻ ക്രിസ്തുവിന്റെ അനുകാരിയായിരിക്കുന്നതുപോലെ നിങ്ങളും എന്റെ അനുകാരികൾ ആകുവിൻ' (1 കൊരി. 11:1). ഫിലിപ്യരോട് ഇങ്ങനെ പറയുന്നു: 'ക്രിസ്തു യേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ' (2:5). മറ്റൊരു വാക്യം കാണുക: 'കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സു പ്രാപിച്ച് അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു' (2കൊരി. 3:18). എബ്രായ ലേഖനകാരൻ ആവശ്യപ്പെടുന്നു: 'വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കിക്കൊണ്ട് സകലഭാരവും മുറുകെപറ്റുന്ന പാപവും വിട്ടു നമുക്കു മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക' (12:1,2) എബ്രായ ലേഖനകാരൻ തന്നെ യേശുവിനെ നമ്മുടെ മുന്നോടി (മുന്നിൽ ഓടുന്ന ആൾ fore runner) എന്നും വിശേഷിപ്പിച്ചിരിക്കുന്നു (6:20). യേശു ഭൂമിയിലായിരുന്നപ്പോൾ താൻ കണ്ടുമുട്ടിയ മനുഷ്യരോട് ഏറ്റവുംകൂടുതൽ തവണ പറഞ്ഞത് 'എന്നെ അനുഗമിക്കുക' എന്നതാണെന്നതും ഇതിനോടു കൂട്ടി വായിക്കാവുന്നതാണ്. ഇതെല്ലാം വിരൽചൂണ്ടുന്നത് ഒരു സത്യത്തിലേക്കാണ്-യേശുവിന്റെ സ്വഭാവത്തോട് അനുരൂപപ്പെടുന്ന വിജയകരമായ ക്രിസ്തീയ ജീവിതം ഒഴിവാക്കാൻ കഴിയുന്ന ഒന്നല്ല. എല്ലാ വിശ്വാസികളും ലക്ഷ്യം വയ്ക്കേണ്ട ഒന്നാണിത്. ഏതെങ്കിലും വിശുദ്ധരായ ചിലർക്കുമാത്രം കരഗതമാക്കാൻ കഴിയുന്ന ഒരു അനുഭവമല്ല. മറിച്ച്, പാപത്തിന്റെ മേൽ ജയമുള്ള ജീവിതത്തിന്റെ 'സ്വസ്ഥതയിലേക്കു പ്രവേശിക്കാനുള്ള വാഗ്ദാനം' എല്ലാവർക്കും ഉള്ളതാണ്. (എബ്രായർ 4:1-3).

പാപത്തിന്റെ മേൽ ജയമുള്ള ജീവിതത്തെക്കുറിച്ചു പറയുമ്പോൾ സാധാരണ ഒന്നു രണ്ടു തെറ്റിദ്ധാരണകൾ വരാം. ഒരു പാപരഹിത പൂർണത (Sinless perfection) കൈവരിക്കാമെന്നാണു പഠിപ്പിക്കുന്നതെന്നാണ് ഒന്നാമത്തെ തെറ്റിദ്ധാരണ. രണ്ടാമത് ദൈവത്തിൽ ആശ്രയിക്കാതെ സ്വന്തപരിശ്രമം

---

Our gratitude to God is not a command to be obeyed. The actions of gratitude must be a RESPONSE to God. And if we cannot find it in our hearts to be grateful to God, then we have not comprehended the love of God ALREADY SHOWN TO US, when He died for us while we were still enemies. We have to go back and meditate on the cross on which Jesus died, and humble ourselves of the deep pride that can think lightly of that.

**We are only able to spiritually progress to the extent to which we recognize God's love for us on Calvary. All other progress is man-made and will not last in the final day**.

May God help us live this glorious life!

കൊണ്ട് ഒരു വിശുദ്ധജീവിതം കെട്ടിപ്പടുക്കാനുള്ള ശ്രമമാണിതെന്നതാണ്. ഈ രണ്ടു കാര്യങ്ങളെ കുറിച്ചും വിശദമായി ചിന്തിക്കാം:

പാപരഹിതമായ പൂർണത കർത്താവായ യേശുക്രിസ്തുവിനു മാത്രമാണുണ്ടായിരുന്നത്. അവിടുത്തെ ജനനം പരിശുദ്ധാത്മാവിലായിരുന്നു. അവിടുന്നു വിശുദ്ധ പ്രജ (Holy offspring) യായിരുന്നു. മറ്റു മനുഷ്യർക്കുള്ളതുപോലെ ഒരു പഴയമനുഷ്യൻ (old man) യേശുവിന് ഇല്ലായിരുന്നു. യേശുവിന്റേതു പാപജഡം ആയിരുന്നില്ല. മറിച്ച് പാപജഡത്തിന്റെ സാദൃശ്യം മാത്രമായിരുന്നു (റോമർ 8:3). മാത്രമല്ല, യേശുവിൽ അബോധപൂർവ്വമായ പാപം (Unconscious sin) ഉണ്ടായിരുന്നില്ല. കാരണം അങ്ങനെ ഉണ്ടായിരുന്നെങ്കിൽ യേശുവിന്റെ രക്തം നിർദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ രക്തം (1 പത്രോസ് 1:19) ആകുമായിരുന്നില്ല. ചുരുക്കത്തിൽ യേശു ഈ ഭൂമിയിൽ വാക്കിൽ, പ്രവൃത്തിയിൽ, ചിന്തയിൽ, മനോഭാവത്തിൽ പാപത്തിന്റെ നേരിയ സ്പർശംപോലും ഇല്ലാതെ ജീവിച്ചു.

എന്നാൽ മനുഷ്യരെ സംബന്ധിച്ചോ? അവർ പാപത്തിൽ വീണുപോയ ആദാമ്യകുലത്തിലാണു ജനിക്കുന്നത്. യേശുവിനെ കർത്താവും രക്ഷകനുമായി കൈക്കൊണ്ട് ഒരു പുതിയ മനുഷ്യനെ ധരിക്കുന്നതുവരെ അവരിൽ ഒരു പഴയ മനുഷ്യൻ (old man) ഉണ്ട്. പുതു മനുഷ്യനെ ധരിക്കുന്നതുവരെ, രക്ഷിക്കപ്പെടാത്ത കാലഘട്ടത്തിൽ, ചെയ്തിരുന്ന പാപങ്ങളുടെ അബോധപൂർവമായ ഒരു സ്വാധീനം - ഹാങ്ഓവർ - രക്ഷിക്കപ്പെട്ടതിനു ശേഷവും അവരിൽ ഉണ്ടാകാം. മാത്രമല്ല രക്ഷിക്കപ്പെട്ടു ബോധപൂർവമായ പാപങ്ങളിൻമേൽ ജയം പ്രാപിച്ചാലും നമ്മിൽ അബോധപൂർവമായ പാപം (unconscious sin) ഉണ്ട്. അതുകൊണ്ടാണു യോഹന്നാൻ പറയുന്നത് 'നമുക്കു പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ നമ്മെത്തന്നേ വഞ്ചിക്കുന്നു. സത്യം നമ്മിൽ ഇല്ലാതെയായി' (1യോഹ. 1:8) എന്ന്.

അപ്പോൾ പാപരഹിതമായ ഒരു പൂർണത (sinless perfection) നമുക്ക് ഇവിടെ ഭൂമിയിൽ കൈയാളാൻ കഴിയുകയില്ല. അതു പൂർണമായ അർത്ഥത്തിൽ സാധ്യമാകുന്നതു കർത്താവിന്റെ രണ്ടാമത്തെ വരവിലാണ്. ഇതേക്കുറിച്ച് യോഹന്നാൻ പറയുന്നത് ഇങ്ങനെ: 'പ്രിയമുള്ളവരേ, നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു. നാം ഇന്നത് ആകും എന്ന് ഇതുവരെ പ്രത്യക്ഷമായിട്ടില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുമ്പോലെ തന്നെ കാണുന്നതാകകൊണ്ട് അവനോടു സദൃശന്മാർ ആകും എന്നു നാം അറിയുന്നു' (1 യോഹ. 3:2). കർത്താവിന്റെ രണ്ടാമത്തെ വരവിൽ നമ്മുടെ താഴ്ചയുള്ള ഈ ജഡം കർത്താവിന്റെ മഹത്വമുള്ള ശരീരത്തോടു തുല്യമാകുമ്പോൾ നാം പാപത്തിന്റെ സാന്നിധ്യത്തിൽനിന്നു തന്നെ രക്ഷപ്രാപിക്കും. ഇതാണല്ലോ രക്ഷയുടെ ഭാവികാലം. അതു വരാൻപോകുന്നതേയുള്ളു. അപ്പോഴാണു പാപരഹിതമായ ഒരു പൂർണത അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ നാം കൈയാളുക.

കർത്താവിനെ രക്ഷകനായി സ്വീകരിച്ചപ്പോൾ നാം രക്ഷിക്കപ്പെട്ടു. പാപത്തിന്റെ ശിക്ഷയിൽ നിന്നു രക്ഷപ്രാപിച്ചു. ഇതാണു രക്ഷയുടെ ഭൂതകാലം. എന്നാൽ രക്ഷയുടെ ഭൂതകാലത്തിനും ഭാവികാലത്തിനും മധ്യത്തിൽ ഇന്നു നാം രക്ഷയുടെ വർത്തമാനകാലത്തിലായിരിക്കുന്നു. പാപത്തിന്റെ ശിക്ഷയിൽനിന്നു നാം രക്ഷപ്രാപിച്ചു. പാപത്തിന്റെ സാന്നിധ്യത്തിൽ നിന്നു നാം

ഭാവിയിൽ രക്ഷപ്രാപിക്കും. എന്നാൽ ഇന്ന് രക്ഷയുടെ വർത്തമാനകാലത്തു നാം പാപത്തിന്റെ ശക്തിയിൽ നിന്നാണു രക്ഷപ്രാപിക്കേണ്ടത്. ഇതിനായി പാപത്തെ നാം ഗൗരവമായി എടുക്കണം. ഗിരിപ്രഭാഷണത്തിൽ കർത്താവു പറഞ്ഞതുപോലെ ചെറിയ കല്പനകളെന്നു കരുതുന്നതിൽ ഒന്നു പോലും അഴിക്കാതെ (മത്താ. 5:19) കോപം, ദുർമ്മോഹം, വിധിക്കുന്നത് തുടങ്ങിയവയിൽനിന്നുള്ള ജയം നമുക്കു പ്രാപിക്കാൻ കഴിയും. മാത്രമല്ല പ്രാർത്ഥന, ഉപവാസം, ദാനം ചെയ്യൽ എന്നിങ്ങനെയുള്ള നല്ല കാര്യങ്ങൾ ചെയ്യുന്നതിനിടയിലും സ്വന്തമാനം തേടുന്ന മനോഭാവങ്ങളിൽനിന്നുള്ള ജയം നാം നേടണമെന്നും ഗിരിപ്രഭാഷണം ആവശ്യപ്പെടുന്നുണ്ടല്ലോ. (ഗിരിപ്രഭാഷണം മറ്റാർക്കോ വേണ്ടിയാണെന്നു കരുതുന്നവരല്ലേ ഇന്നു വിശ്വാസികളിലേറെയും? എത്രപേർ ഇതു ഗൗരവമായി എടുക്കുന്നു?). അങ്ങനെ ഭയത്തോടും വിറയലോടും കൂടി വർത്തമാനകാലരക്ഷ പ്രവർത്തിച്ചെടുക്കാൻ നാം തയ്യാറാകുമ്പോൾ (ഫിലി. 2:12) ബോധപൂർവമായ എല്ലാപാപങ്ങളുടെ മേലും ജയമുള്ള വിജയകരമായ ഒരു ജീവിതത്തിലേക്കു ദൈവം തന്നെ നമ്മെ നടത്തും.

ഈ വിജയകരമായ ജീവിതം നാം ലക്ഷ്യം വയ്ക്കുമ്പോൾ അതിനു നമുക്കു മാതൃകയും മുന്നോടിയും യേശുവാണ്. കാരണം യേശു സകലത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടെങ്കിലും പാപം ചെയ്തില്ല. (എബ്രായർ. 4: 15). യേശു പൂർണദൈവവും പൂർണമനുഷ്യനുമായിരുന്നു. എന്നാൽ അവിടുന്നു ദൈവത്വത്തിന്റെ അവകാശങ്ങൾ ഉരിഞ്ഞുവച്ചു താണ ഭൂമയിലേക്കുവന്നു (ഫിലി. 2:6). ദൈവം ദോഷങ്ങളാൽ പരീക്ഷിക്കപ്പെടാത്തവനാണ് (യാക്കോ. 1:13). എന്നാൽ ഭൂമിയിൽ താൻ പരീക്ഷിക്കപ്പെട്ടുവെന്നത് (മത്തായി. 4:1-11) പരീക്ഷിക്കപ്പെടാതിരിക്കാനുള്ള ദൈവത്വത്തിന്റെ അവകാശം ഉരിഞ്ഞുവച്ചാണ് അവിടുന്നു ഭൂമിയിൽ വന്നത് എന്നതിനെ കാണിക്കുന്നു. എന്നാൽ പരീക്ഷിക്കപ്പെട്ടപ്പോഴും അവിടുന്നു പൂർണ ജയാളിയായി. അവിടുന്ന് സകലത്തിലും സഹോദരന്മാർക്കു തുല്യനായി (എബ്രാ. 2:17, 4:15). എന്നാൽ അതേസമയം പാപത്തിന്റെമേൽ ജയം നേടി. ഇങ്ങനെ ജഡത്തിൽ വെളിപ്പെട്ട യേശുവിനെ കാണുന്നതിലാണു ദൈവഭക്തിയുള്ള ഒരു ജീവിതത്തിന്റെ രഹസ്യം അടങ്ങിയിരിക്കുന്നതെന്നു പൗലോസ് പറയുന്നു (1 തിമൊ. 3:16). ചുരുക്കത്തിൽ പാപത്തിന്മേൽ ജയമുള്ള ജീവിതം ലക്ഷ്യം വയ്ക്കുന്ന വിശ്വാസിക്ക് യേശു എല്ലാ അർത്ഥത്തിലും മാതൃകയാണ്.

ഇവിടെ ഒരു സംശയം വരാം: യേശു എല്ലാ അർത്ഥത്തിലും പൂർണമായി നമ്മെപ്പോലെ ആയിരുന്നില്ലെന്നു നേരത്തെ പറഞ്ഞല്ലോ. ഉദാഹരണത്തിന് യേശുവിന്റേതു ദിവ്യജനനം ആയിരുന്നു. അവിടുത്തേക്ക് അബോധപൂർവമായ പാപം ഉണ്ടായിരുന്നില്ല എന്നിങ്ങനെ. അങ്ങനെയെങ്കിൽ അവിടുന്നു നമുക്കു മാതൃകയാകുന്നതെങ്ങനെയാണ്? മറുപടി: ഇതെല്ലാം ശരിയാണെങ്കിലും യേശുവിനുണ്ടായ പരീക്ഷകൾ (പ്രലോഭനങ്ങൾ) യഥാർത്ഥമായിരുന്നു. പ്രലോഭനവും പാപത്തിൽ വീഴുന്നതും രണ്ടാണ്. പ്രലോഭനം അതിൽതന്നെ തെറ്റല്ല. വാസ്തവത്തിൽ നാം ഏതു പാപത്തിൽ വീഴുമ്പോഴും അവിടെ അഭിമുഖീകരിക്കുന്ന ചോദ്യം നാം അവിടെ സ്വന്തഇഷ്ടം ചെയ്യുമോ അതോ പിതാവിന്റെ ഇഷ്ടം ചെയ്യുമോ എന്നതാണ്. സ്വന്ത ഇഷ്ടം ചെയ്താൽ പാപമായി. പിതാവിന്റെ ഇഷ്ടം ചെയ്താൽ ജയാളിയായി. യേശു പിതാവിന്റെ ഇഷ്ടം മാത്രം ചെയ്യാൻ പ്രോഗ്രാം ചെയ്തുവിട്ട യന്ത്ര മനു

ഷ്യനെ (robot) പോലെയല്ല ഭൂമിയിലേക്കു വന്നത്. അവിടുത്തേക്കും നമ്മളെപ്പോലെ സ്വന്തഇഷ്ടവും പിതാവിന്റെ ഇഷ്ടവും തമ്മിലുള്ള തിരഞ്ഞെടുപ്പിനു സ്വാതന്ത്ര്യം ഉണ്ടായിരുന്നു (യോഹ. 5:30; 6:38). പിതാവിന്റെ ഇഷ്ടം ചെയ്യുന്നത് അവിടുത്തേക്കും എളുപ്പമായിരുന്നില്ല (ലൂക്കോ. 22:24). എന്നിട്ടും അവിടുന്നു മാത്രനേരത്തേക്കുപോലും സ്വന്തഇഷ്ടത്തിനു വഴങ്ങാതെ ജയാളിയായി. നമുക്കും ഈ പാതയിൽ തന്നെ അനുഗമിക്കാൻ കഴിയുമല്ലോ. ഇങ്ങനെയാണ് വിജയകരമായ ക്രിസ്തീയജീവിതത്തിന് യേശു നമുക്കു മുന്നോടിയും മാതൃകയുമാകുന്നത്.

ചുരുക്കത്തിൽ പറഞ്ഞുവന്ന കാര്യങ്ങളെ ഇങ്ങനെ സംക്ഷേപിക്കാം: വിശ്വാസികൾ, പാപത്താൽ തോൽപ്പിക്കപ്പെടുന്ന ഒരു ശരാശരി ക്രിസ്തീയ ജീവിതത്തിൽ തൃപ്തരായിരിക്കരുത്. ബോധപൂർവമായ എല്ലാ പാപങ്ങളുടെമേലും ജയമുള്ള വിജയകരമായ ഒരു ക്രിസ്തീയ ജീവിതം ദൈവിക വാഗ്ദാനമാണ്. അതിനായുള്ള ഒരു നിലവിളി നമ്മിൽ നിരന്തരം ഉണ്ടായിരിക്കണം. എന്നാൽ പൂർണ്ണമനസ്സോടെ നാം ഇതിനായി അന്വേഷിക്കുമ്പോൾ നാം ഇത്തരം ഒരു ജീവിതത്തിലേക്കു പ്രവേശിച്ചുവെന്ന് ആദ്യം കരുതിപ്പോകും. എന്നാൽ ദൈവം നമ്മെ പലവട്ടം പരാജയപ്പെടാൻ അനുവദിക്കും. നമുക്കു നമ്മിൽ തന്നെയുള്ള ആശ്രയവും നമ്മുടെ സ്വയത്തിലുള്ള വിശ്വാസവും തകർക്കുന്നതിനു വേണ്ടിയാണു ദൈവം ഈ പരാജയങ്ങൾ അനുവദിക്കുന്നത്. ഒടുവിൽ ഈ പരാജയങ്ങൾമൂലം നാം നമ്മിൽ തന്നെ മടുത്ത്, സ്വന്തം പ്രയത്നംകൊണ്ട് ഇതു കഴിയുകയില്ല എന്നു കണ്ടുകഴിയുമ്പോൾ ദൈവം തന്നെ പരിശുദ്ധാത്മാവിനാൽ നമ്മെ വിജയകരമായ ജീവിതത്തിലേക്കു നടത്തും.

അങ്ങനെ വിജയകരമായ ഒരു ജീവിതത്തിലേക്കു പ്രവേശിച്ച ക്രിസ്ത്യാനികൾ എപ്പോഴും താഴ്മയിലായിരിക്കും; നന്ദിയുള്ളവരായിരിക്കും. അവർ നിത്യതയുടെ ഒരാത്മാവിൽ ഈ ലോകത്തിൽ നടക്കുന്നവരും ആയിരിക്കും. നിത്യതയുടെ, സ്വർഗ്ഗത്തിന്റെ, ഒരു ദൃശ്യം നമ്മൾ വെളിപ്പാട് ഏഴാം അധ്യായത്തിൽ കാണുന്നത് ഇതിനോടു ചേർത്തുവായിക്കാവുന്നതാണ്. "ഇതിന്റെ ശേഷം സകലജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിലും നിന്ന് ഉള്ളതായി ആർക്കും എണ്ണിക്കൂടാത്ത ഒരു മഹാപുരുഷാരം വെള്ളനിലയങ്കി ധരിച്ചു കയ്യിൽ കുരുത്തോലയുമായി സിംഹാസനത്തിനും കുഞ്ഞാടിനും മുമ്പാകെ നില്ക്കുന്നതു ഞാൻ കണ്ടു. രക്ഷ എന്നുള്ളതു സിംഹാസനത്തിൽ ഇരിക്കുന്നവനായ നമ്മുടെ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ദാനം എന്ന് അവർ അത്യുച്ചത്തിൽ ആർത്തുകൊണ്ടിരുന്നു." (7:9,10). ദാനം (Gift) ഒരിക്കലും യോഗ്യതയുടെ അടിസ്ഥാനത്തിൽ നൽകുന്നതല്ല. യോഗ്യതയുടെ അടിസ്ഥാനത്തിൽ നൽകപ്പെടുന്നതു കൂലിയാണ്, പ്രതിഫലമാണ്. ഇവിടെ വെള്ള നിലയങ്കി ലഭിച്ചവരുടെ സ്വർഗത്തിലെ പാട്ട് രക്ഷ എന്നുള്ളതു തങ്ങൾക്കു ദാനമായി ലഭിച്ചുഎന്നാണ്. ദാനം സൗജന്യമായി കിട്ടുന്നതാണ്. അതിന് ഒരു പ്രവൃത്തിയും കാരണമല്ല. എന്നാൽ ഇവരെക്കുറിച്ചു തുടർന്നു വായിക്കുമ്പോൾ ഇവർ ഒരു വലിയ പ്രവൃത്തി ചെയ്തവരാണെന്നും ഒത്തുതീർപ്പില്ലാതെ ത്യാഗപൂർണമായി ജീവിച്ചു മഹാകഷ്ടങ്ങളെ അതിജീവിച്ചവരാണെന്നു നമുക്കു മനസ്സിലാകും. "മൂപ്പന്മാരിൽ ഒരുത്തൻ എന്നോട്: വെള്ളനിലയങ്കി ധരിച്ചിരിക്കുന്ന ഇവർ ആര്? എവിടെനിന്നു

വന്നു എന്നു ചോദിച്ചു. യജമാനൻ അറിയുമല്ലോ എന്നു ഞാൻ പറഞ്ഞിന് അവൻ എന്നോട് പറഞ്ഞത്. ഇവർ മഹാകഷ്ടത്തിൽനിന്നു വന്നവർ. കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കി അലക്കി വെളുപ്പിച്ചിരിക്കുന്നു" (7:14). ഇതു വ്യക്തമാക്കുന്നത് ഇവർ കുഞ്ഞാടിന്റെ രക്തത്തിൽ അങ്കി അലക്കി വെളുപ്പിക്കുക എന്ന പ്രവൃത്തി ചെയ്തവരും മഹാകഷ്ടങ്ങളെ അതിജീവിച്ചവരുമാണ് എന്നല്ലേ? ഈ പ്രവൃത്തി ചെയ്തവർക്കു ലഭിക്കുന്ന തിനെ കൂലി എന്നല്ലേ പറയേണ്ടത്? പക്ഷേ അവർ ആത്മാർത്ഥമായും കരുതുന്നതും പാടുന്നതും തങ്ങൾക്കു ലഭിച്ചതു ദൈവത്തിന്റേയും കുഞ്ഞാടിന്റേയും ദാനമെന്നാണ്. ഇതാണു സ്വർഗ്ഗത്തിലെ മനോഭാവം.

ദൈവത്തിന്റെ കരുണയാൽ പരിശുദ്ധാത്മാവിനാൽ വിജയകരമായ ജീവിതത്തിലേക്കു പ്രവേശിച്ചവർ ഭൂമിയിൽ ഇപ്പോഴേ നിത്യതയുടെ ഈ മനോഭാവത്തിലായിരിക്കും. തങ്ങൾ ചെയ്ത പ്രവൃത്തി അവർ മറന്നുപോയി. 'ഇച്ഛിക്ക എന്നതും പ്രവൃത്തിക്ക എന്നതും ദൈവമല്ലോ തിരുവുള്ളം ഉണ്ടായിട്ട് പ്രവർത്തിക്കുന്നത്' എന്നായിരിക്കും അവരുടെ ഏറ്റുപറച്ചിൽ. (ഫിലി. 2:13). വിജയകരമായ ജീവിതവും ദൈവത്തിന്റെ ദാനമാണ്. അങ്ങനെ ഒരു ജീവിതത്തിലേക്കു പ്രവേശിച്ചവർക്കു തങ്ങൾക്കായി ഒരു പ്രശംസയും ഉണ്ടായിരിക്കുകയില്ല. ആത്മാർഥമായും അവർക്കു പറയുവാനുള്ളത് 'നമ്മുടെ ദൈവത്തിന് എന്നെന്നേയ്ക്കും സ്തുതിയും മഹത്വവും ജ്ഞാനവും സ്തോത്രവും ബഹുമാനവും ശക്തിയും ബലവും ആമേൻ' എന്നായിരിക്കും (7:12). ചുരുക്കത്തിൽ സ്വന്ത പരിശ്രമംകൊണ്ട് ഒരു വിശുദ്ധജീവിതം കെട്ടിപ്പടുക്കാനുള്ള ശ്രമത്തെയല്ല വിജയകരമായ ജീവിതമെന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്നും വ്യക്തമായല്ലോ.

ഒടുവിലായി, വിജയകരമായ ക്രിസ്തീയജീവിതം എന്ന ചിന്ത ശരിയാണെന്നു നമുക്ക് എങ്ങനെ ഉറപ്പിക്കാം? ഏത് ഉപദേശവും ശരിയോ തെറ്റോ എന്നറിയുവാനുള്ള ഉരകല്ല് അതു നമ്മെ കൂടുതൽ ക്രിസ്തു സ്വഭാവത്തിലേക്കും ക്രിസ്തുവിലുള്ള ആശ്രയത്വത്തിലേക്കും നടത്തുന്നുണ്ടോ എന്നതാണ്. ഭൗതിക സമൃദ്ധിയാണു ദൈവാനുഗ്രഹത്തിന്റെ അളവുകോൽ എന്ന സമൃദ്ധിയുടെ ഉപദേശം അതുകൊണ്ടുതന്നെ ശരിയല്ലെന്നു നമുക്ക് ഉറപ്പിക്കാം. 'പാപം ചെയ്താലും അനുതപിക്കേണ്ട, കൃപയെല്ലാം കൈകാര്യം ചെയ്തുകൊള്ളും' എന്ന വ്യാജകൃപയുടെ സുവിശേഷവും വിശുദ്ധ ജീവിതത്തിലേക്കോ ക്രിസ്തു സ്വഭാവത്തിലേക്കോ നമ്മെ നടത്തുകയില്ലെന്നു വ്യക്തമല്ലേ? എന്നാൽ പാപം കർതൃത്വം നടത്താത്ത ഒരു ജീവിതത്തിലേക്കു നമ്മെ വെല്ലുവിളിക്കുന്ന വിജയകരമായ ജീവിതം ഫലത്തിൽ ക്രിസ്തുസ്വഭാവത്തിലേക്കാണു നമ്മെ നടത്തുന്നത്. അതുപോലെ സ്വന്തബലത്തിൽ, സ്വയത്തിൽ ഒരു പ്രശംസയില്ലാതെ, ഓരോ ചുവടുവയ്പിലും ദൈവത്തിൽമാത്രം ആശ്രയിക്കാൻ പ്രേരിപ്പിക്കുന്ന ഈ സന്ദേശം അതുകൊണ്ടുതന്നെ ശരിയാണെന്നു നമുക്ക് ഉറപ്പിക്കാം. (യോഹ.7:17)

ഈ വരികൾ വായിക്കുന്ന എല്ലാ മാന്യവായനക്കാരും പാപത്തിന്റെമേൽ ജയമുള്ള വിജയകരമായ ഒരു ക്രിസ്തീയജീവിതം ലക്ഷ്യം വയ്ക്കുകയും സർവകൃപാലുവായ കർത്താവ് അതിലേക്ക് അവരെ നയിക്കുകയും ചെയ്യട്ടെ എന്നു പ്രാർത്ഥിക്കുന്നു.

❖

## Thought for the month

# DO NOT DESPISE YOUR SMALL BEGINNING

**Santosh Poonen**

One of the sad characteristics of many people in the world is that they are lonely. That is why there are so many problems like addiction, divorce, and even suicide in the world around us. This is true even among the rich and famous – actors, musicians, athletes, politicians, etc. Sadly, it is true even among so-called Christians. The megachurches of today are filled with lonely people, even among the leaders.

In John 12:24, Jesus told us that the reason for all loneliness is a refusal to "fall into the ground and die." He uses the picture of a grain of wheat to explain this. If you put a grain of wheat in a jar along with thousands of other grains of wheat, it will still be "lonely" and lacking in purpose. It is only when you take that grain of wheat and plant it in the ground that it begins its journey toward fulfilling its true purpose. So, if your life looks small or lonely today, yield yourself completely to God to bring about His death completely in you.

It can be discouraging, however, when we go through that death. You will be tempted to look at your outward circumstances and think that it is impossible for any good to come out of them. The Lord encourages us in 1 Corinthians 15 with the reminder that what you sow looks completely different from what it will be. The grain of wheat looks bare when it dies (v37), and looks nothing like the refreshing loaf of bread it will eventually become by its death. He goes on to remind us that our spiritual life is the same way. We will fall into the ground looking fragile, dishonored, weak, and natural, but we will be raised indestructible, glorious, powerful, and eternal (v42-44). So, today, what will you choose to see? Will you focus on the brokenness of your external circumstances as they are now, or will you lift your vision to see what you will be, based on what God has promised you in His Word?

Zechariah was a prophet whom God used to strengthen the people of Israel in rebuilding the temple after their return from captivity in Babylon. He is an example of the kind of people whom God looks for today to strengthen His people to build the Church. But, Zechariah could only prophesy to the people of God after God had shown Him prophetic visions. Similarly, we can only be used by God to encourage people around us if our spiritual eyes have first been opened to see things from God's perspective. In one such vision in Zechariah 4, God showed Zechariah a very large mountain, and in front of that mountain, a small lampstand with olive trees pouring oil into it. God then asked Zechariah what He saw. If Zechariah only had earthly-minded eyes, He would have focused on the large mountain. Instead, his heavenly-minded eyes focused on the lampstand and the olive trees, and he didn't even mention the mountain (v2-3). The Lord rewarded His faith with the promise that by the power of God's Spirit, that mountain would be flattened (v6-7), and even though the beginning was small (v10), the fulfillment would be great.

This is God's promise to you today as well. Don't focus on how "small" or insignificant your life may look right now. Perhaps you are looking back on this past year with regret over what did or didn't happen. Remember, however, that God has a purpose for your life – to make you fully like Jesus – and He will work all things together for that purpose (Romans 8:28-29). Let Him open the eyes of your heart to see His purpose for your life. Even if things seem hopeless, let this be the beginning of something new, even if it starts out small.

Seek for God's approval alone. Let God be able to say about your life, "You have a name that you are dead (people think nothing of you), but you are alive!" (see Revelation 3:1).

**JEEVA MOZHIKAL**
RNI/KERBIL/-2003-21404
**December 2018**
Annual Subscription Rs. 150/-
www.jeevamozhikal.org

**Registered No: KL/KTM/46/2018-20**
Licence No: KL/CR/KTM/WPP-15/2018-20
Licence to Post without prepayment
Date of Publication 28-11-2018

# 'അല്പം കൂടെ ക്ഷമ ഉണ്ടായിരുന്നെങ്കിൽ...'

യൗവനക്കാരനായ ക്രിസ്ത്യാനി വളരെ ദുഃഖിതനായി തന്റെ സഭയിലെ മൂപ്പനെ സമീപിച്ചു തനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് അപേക്ഷിച്ചു.

"എന്താ കുഞ്ഞേ നിന്റെ പ്രശ്നം? ഞാൻ എന്തിനുവേണ്ടിയാ പ്രാർത്ഥിക്കേണ്ടത്?" - സഭാമൂപ്പൻ ചോദിച്ചു.

"അത് എനിക്കുതീരെ ക്ഷമയില്ല. പെട്ടെന്നു ദേഷ്യം വരും. എന്തെങ്കിലും ഒരു വാക്ക് വീട്ടിൽ ഭാര്യ എന്റെ ഇഷ്ടത്തിന് എതിരായി പറഞ്ഞുപോയാൽ അവൾ പറയുന്നതു മുഴുവൻ കേൾക്കാനുള്ള സഹിഷ്ണുത പോലും എനിക്കില്ല. അതുകൊണ്ട് എനിക്കു കൂടുതൽ സഹിഷ്ണുതയും സഹനവും ക്ഷമയും കിട്ടാൻ വേണ്ടിയാണു പ്രാർത്ഥിക്കേണ്ടത്": യൗവനക്കാരൻ മനസ്സു തുറന്നു.

'അതിനെന്താ പ്രാർത്ഥിക്കാമല്ലോ' എന്നു മറുപടി. തുടർന്ന് ഇരുവരും മുട്ടുകുത്തി. സഭാ മൂപ്പൻ പ്രാർത്ഥിക്കാൻ തുടങ്ങി: "ദൈവമേ, ഈ പ്രിയ സഹോദരന്റെ ആവശ്യം അവിടുന്ന് അറിയുന്നതിനായി സ്തോത്രം. അവന്റെ ആഗ്രഹം അവനു കൂടുതൽ സഹിഷ്ണുതയും ക്ഷമയും കിട്ടണമെന്നാണല്ലോ. കർത്താവേ, അതിനായി അവന്റെ ജീവിതത്തിൽ എത്രയും പെട്ടെന്നു ചില കഷ്ടതകളും പ്രയാസങ്ങളും അയയ്ക്കണമേ. പ്രതികൂലത്തിന്റെ കാറ്റിനെ അവന്റെ ജീവിതത്തിനു നേരെ അയയ്ക്കാനായി ഞാൻ പ്രാർത്ഥിക്കുന്നു."

പെട്ടെന്നു ചെറുപ്പക്കാരൻ ഇടയ്ക്കു കയറി : "അയ്യോ, അങ്ങനെ പ്രാർത്ഥിക്കല്ലേ. കഷ്ടത അയയ്ക്കാൻ ആരെങ്കിലും പ്രാർത്ഥിക്കുമോ?"

സഭാമൂപ്പൻ ഉടൻ പ്രാർത്ഥന നിർത്തി ബൈബിൾ തുറന്നു: "കുഞ്ഞേ നീ ആവശ്യപ്പെട്ടതു നിനക്കു കൂടുതൽ സഹിഷ്ണുത കിട്ടണമെന്നല്ലേ? എന്നാൽ കഷ്ടതയിലൂടെ മാത്രമേ സഹിഷ്ണുത ലഭിക്കുകയുള്ളെന്നാണു വചനം. റോമർ 5:3 'കഷ്ടത സഹിഷ്ണുതയെയും.... ഉളവാക്കുന്നു എന്നറിഞ്ഞു നം കഷ്ടങ്ങളിലും പ്രശംസിക്കുന്നു."

മുതിർന്ന സഹോദരൻ തുടർന്നു: "കണ്ടോ, കുരിശില്ലാതെ കിരീടമില്ല എന്നു കേട്ടിട്ടില്ലേ? അതുപോലെ കഷ്ടതയിലൂടെയാണു സഹിഷ്ണുതയും സിദ്ധതയും (തെളിയിക്കപ്പെട്ട സ്വഭാവം) പ്രത്യാശയും ലഭിക്കുന്നതെന്നു വചനം പറയുമ്പോൾ ഇങ്ങനെ തന്നെയല്ലേ പ്രാർത്ഥിക്കേണ്ടത്?" ഒരു പുതുവെളിച്ചം ലഭിച്ച ചെറുപ്പക്കാരൻ വീണ്ടും പ്രാർത്ഥനയ്ക്കായി മുട്ടു മടക്കി.

Printed, Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranalloor P.O., Kottayam and Printed at Alois Graphics, Kottayam. Editor-Geoji T. Samuel.